Vol. 4 No. 1 January 2021

ISSN 2582-2594

www.akgct.org

ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

A Biannual Research Journal

Association of Kerala Government College Teachers

ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

Vol. 4 No. 1 January 2021

A Biannual Research Journal

Association of Kerala Government College Teachers
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www. akgct.org

ACADEMIC RESEARCH AND REVIEW LETTERS
A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal

Published in India by
Association of Kerala Government College Teachers,
Thiruvananthapuram

Email: akgctresearchjournal@gmail.com

VOL. 4 NO. 1 January 2021

ISSN: 2582 - 2594

RNI No. KERMUL/2018/77513

Book design: SJ Communications

[Free and private circulation only]

Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.

Editorial Correspondence

All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695 014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org

Printed at: Akshara Offset, Vanchiyoor, Thiruvananthapuram 35, Kerala, India

Editorial Board

Managing Editor

Dr. K. K. Damodaran

Principal, Government College, Malappuram

Chief Editor

Dr. Muhammed Rafeeq T.

Associate Professor, Dept. of Islamic History, Govt. College, Malappuram

Sub Editor

Dr. Muhamed Basheer K. K.

Assistant Professor, Dept. of Malayalam, KKTM Govt. College, Pullut

Issue Editor

Dr. P. K. Sujathan

Assistant Professor, Dept. of Economics, Government Victoria College, Palakkad

Editorial

Dr. Sandhya S. Nair

Associate Professor, Dept. of Political Science, University College, Thiruvananthapuram

Dr. Baiju S.

Assistant Professor, Dept. of Mathematics, Govt. College Kariavattom, Thiruvananthapuram

Dr. Ajaykumar A. P.

Assistant Professor, Dept. Zoology, Sree Neelakanta Government Sanskrit College, Pattambi

Dr. Sajikumar K. B.

Assistant Professor, Dept. of Commerce, Sri. C Achutha Menon Government College, Kuttanelloor, Thrissur.

Statement about ownership and other particulars about

ACADEMIC RESEARCH AND REVIEW LETTERS

Form IV

1.	Place of publication	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
2.	Periodicity of Publication	:	Half Yearly
3.	Printers Name	:	K. K. DAMODARAN
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
4.	Publishers Name	:	K. K. DAMODARAN
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
5.	Editor's Name	:	Dr. MUHAMMED RAFEEQ T.
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala
6.	Name and Address of the Individual who own the Periodical	:	K. K. DAMODARAN
	Nationality	:	Indian
	Address	:	AKGCT Bhavan, Panavila Jn., Thiruvananthapuram District 695014, Kerala

I, Dr. K. K. Damodaran hereby declare that the particulars given above are true to the best of my knowledge and belief.

15-01-2021

Sd/-
K. K. DAMODARAN
Publisher

Editors Note

Dear avid readers

Let me give a rosy welcome to the latest peer-reviewed, multi-disciplinary, bilingual and biannual research journal couched as Academic Research and Review Letter that opens floodgates of opportunities for the articulation of divergent academic views and discourse. This issue is believed to be a perpetual feast for the readers to enjoy diversified topics cutting across literary analysis to variegated socio-economic issues of the society.

The first article authored by Aswathi P discusses threadbare the spatial dimensions of social exclusion. It analyses spatial dimensions of the marginalization of caste in a veritable social system. It also delves deeper into the corridors of social exclusion manifested themselves as subalterns in society in general and womenfolk in particular.

The article of Teji K Thomas makes an impartial enquiry on the nuances of the Holy Bible given the pathbreaking work of CV. Balakrishnan. Far from being a Christian scripture, the author claims that the Holy Bible has transcended itself into multifaceted forms of novels, poems and stories which found expression in the masterpieces of Leo Tolstoy and Victor Hugo.

The article of Dr Sujith S investigates the role of vyavahara in the sacred Hindu book 'Yajnavalkyasmrti'. It helps cleanse the minds of human beings and upholds the virtue of justice during its transition from Homosapiens to modern man.

Dr. Ganesh in his article portrays food as an indelible sign of caste discrimination in Kerala. He posits the incontrovertible perspectives on food in accordance with the dogmas of Sri Narayana Guru and Mahatma Gandhi.

Swaliha PA eulogizes in her paper on M. Haleema Beevi, the formidable figure of Kerala Renaissance and delves further into her pioneering contributions and dissects her socio-cultural life and her respectable position in the annals of Kerala history.

Dr. Ambily probes the complex psychology of suicide in the context of the stories of Rajalakshmi. She is of the opinion that suicide is the unfortunate fall out of conscious and self-destructive thought and that it is inextricably mixed up with the disposition of the human mind.

Ananth K dilates upon Vaikom Muhammad Basheer popularly called as Beypore Sulthan who stood aloof from other literary figures thanks to his narratology of the language of common masses and rustic living.

Dr Beenakrishnan is exuberantly expressive about Sara Joseph's work 'Katinte sangeetham.' She claims that although literary contributions about nature are plentifully available earlier, discussions on ecofeminism and thoughts on the environment are sparse. It is in this context that the illuminating work of Sara Joseph attains prominence.

I sincerely hope that the readers shall invest their precious time productively to garner knowledge and appreciation from this worth reading journal.

Dr. Muhammed Rafeeq T.
Chief Editor

Dr. P. K. Sujathan
Issue Editor

ACADEMIC RESEARCH AND REVIEW LETTERS
Vol. 4 No. 1 January 2021

CONTENTS

സാമൂഹിക ബഹിഷ്കരണത്തിന്റെ സ്ഥലപരമായ മാനങ്ങൾ 9
അശ്വതി പി.

ബൈബിളും മലയാളഭാവനയും സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകത്തിൽ' 25
ടെജി കെ. തോമസ്

The Concept of Vyavahāra in Yājñavalkyasmṛti 34
Dr. Sujith S.

കേരളാധുനികതയും ഭക്ഷണത്തിലെ ജാതിയും 42
ഡോ സി. ഗണേഷ്

കേരളീയ നവോത്ഥാനത്തിലെ വിസ്മരിക്കപ്പെട്ട മുസ്‌ലിംപത്രാധിപ: എം.ഹലീമാബീവിയുടെ ജീവചരിത്രത്തെ മുൻനിർത്തി ഒരുപഠനം. 49
സ്വാലിഹ പി. എ.

ആത്മഹത്യയുടെ മനഃശാസ്ത്രം രാജലക്ഷ്മിയുടെ കഥകളിൽ 60
ഡോ. അമ്പിളി എം. വി.

ബഷീറാനന്തര മലയാളകഥയിലെ ബഷീർ 66
അനന്തു കെ.

സാറാജോസഫിന്റെ 'കാടിന്റെ സംഗീതം' ഒരു പാരിസ്ഥിതികവായന 75
ഡോ. ബീനാകൃഷ്ണൻ എസ്. കെ.

സാമൂഹിക ബഹിഷ്കരണത്തിന്റെ സ്ഥലപരമായ മാനങ്ങൾ

അശ്വതി പി.
ഗവേഷക
മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാല,
കാലടി
Email: aswathyananthan2022@gmail.com

സംഗ്രഹം

ഉത്തരാധുനിക ചിന്താപദ്ധതികളിൽ സ്ഥലഭാവന (Space) എന്നത് ഭൂമിശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിഷയമേഖലകളെ കവിഞ്ഞുനിൽക്കുന്ന ആശയമായി മാറിക്കഴിഞ്ഞു. ഇടം, സ്ഥലഭാവന, സ്ഥലം എന്നീ പദങ്ങളിലൂടെ ഭൗതികമായ അസ്തിത്വത്തിനതീതമായ മാനമാണ് ഈ ആശയത്തിന് കൈവരുന്നത്. സാമ്പ്രദായികമായ വൈജ്ഞാനിക രീതികളിൽ നിന്നും വ്യതിചലിച്ച് കൊണ്ട് ഹെൻറി ലഫബ്രെ നടത്തിയ പഠനങ്ങളാണ് സ്ഥലപഠനങ്ങളിൽ നിർണ്ണായകമായ ദിശാവ്യതിയാനം സൃഷ്ടിച്ചത്. കാലവും ദേശവും സംഭവങ്ങളും സ്ഥലത്തിലേയ്ക്ക് സമന്വയിപ്പിച്ച ഈ നൂതന സൈദ്ധാന്തിക സമീപനം വിവിധ ജ്ഞാനമേഖലകളിലേയ്ക്ക് വ്യാപിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ വിദ്യാഭ്യാസം, സാഹിത്യം, ലിംഗപഠനങ്ങൾ, വംശീയപഠനങ്ങൾ, കല എന്ന് തുടങ്ങിയ നിരവധിയായ വിഷയങ്ങളിൽ സ്ഥലഭാവനയെ സൈദ്ധാന്തികമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ആധുനികാനന്തര കാലത്ത് സജീവമായ അന്തർവൈജ്ഞാനികമായ ജ്ഞാനനിർമ്മിതിയുടെ പശ്ചാത്തലത്തിൽ സാഹിത്യഗവേഷണത്തിലും സ്ഥലസിദ്ധാന്തങ്ങൾ പ്രയോഗിക്കപ്പെടുന്നുണ്ട്.

സാമൂഹ്യബഹിഷ്കരണത്തിന്റെ വിമർശനാത്മകമായ ഉള്ളടക്കമെന്ന നിലയിൽ സ്ഥലഭാവന പൊതുമണ്ഡലങ്ങളെ അതിന്റെ സൂക്ഷ്മതകളിലേയ്ക്ക് മടക്കിവിളിക്കുന്നു. ഇത് ഏറെ സൈദ്ധാന്തിക സാധ്യതകൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. സ്ഥലമെന്നതിന് സാമ്പ്രദായിക പഠനങ്ങളിലുള്ള വിവക്ഷകളെ നൂതന സൈദ്ധാന്തിക പരിസരം മറികടക്കുന്നുണ്ട്. ഈ പ്രബന്ധത്തിൽ ലഫബ്രെ, ഡേവിഡ് ഹാർവ്വെ, ഹോമി കെ. ഭാഭ, എഡ്വേർഡ് വില്യം സോജ എന്നിവരുടെ സൈദ്ധാന്തിക സമീപനങ്ങളെ ദലിതെഴുത്തുകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്നു. അത് ഇന്ത്യൻ സാഹചര്യത്തിലെ ജാതിയെന്ന

സാമൂഹിക ബഹിഷ്കരണ സംവിധാനത്തിന്റെ അരികുവൽകരണത്തിന്റെ സ്ഥലപരമായ വശങ്ങളെ എങ്ങനെയാണ് വെളിവാക്കുന്നതെന്നും ചർച്ച ചെയ്യുന്നു. കൂടാതെ സ്ഥലഭാവനയെന്ന ആശയത്തിനകത്തെ ലിംഗപരമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ഡോറീൻ മാസിയുടെ സിദ്ധാന്തങ്ങളും ഇതിനോട് കൂട്ടിച്ചേർക്കുന്നുണ്ട്. സാമാന്യവൽകരിക്കപ്പെടുന്ന ഇടങ്ങളിൽ അരികുവൽക്കരണത്തിന്റെ അധിക ബാധ്യതകളുള്ള സ്ത്രീ സമൂഹങ്ങൾ അദൃശ്യരായി തുടരുന്നതിനെയാണ് മാസി ചോദ്യം ചെയ്യുന്നത്. ഇത്തരത്തിൽ ദലിതനുഭവങ്ങളിലെ സ്ഥലഭാവനയെ സാമാന്യമായും അതിലെ ലിംഗഭേദങ്ങളെ സവിശേഷമായും വിശകലനം ചെയ്യുന്നതിലൂടെ സാമൂഹിക ബഹിഷ്കരണത്തിന്റെ അടരുകളെ അടയാളപ്പെടുത്താൻ സാധിക്കും.

താക്കോൽവാക്കുകൾ: സ്ഥലപരത, സ്ഥലഭാവന/ഇടം, രാഷ്ട്രസങ്കല്പം, അരികുവൽക്കരണം, മൂന്നാമിടം, ദേശഭാവന, സാമൂഹിക ഇടം, അംബേദ്കറിസം

തൃതീയ സ്ഥലസിദ്ധാന്തം- ഉത്തരാധുനിക സ്ഥലവിവക്ഷകളുടെ വർത്തമാനം

വരാനിരിക്കുന്ന കാലത്തെ സ്ഥലഭാവന അനിശ്ചിതത്വത്തിലാണെന്ന് ഹെൻറി ലഫബ്രെ വാദിക്കുന്നു. പൊതു-സ്വകാര്യ ഇടങ്ങൾ, നഗര-ഗ്രാമങ്ങൾ, പ്രാദേശികവും ആഗോളവുമായ ഇടങ്ങൾ എന്നിവയ്ക്കിടയിലുള്ള പരമ്പരാഗത വേർതിരിവുകൾ അപ്രധാനമാവുകയും നൂതനമായ സ്ഥലവിചിന്തനങ്ങളിലേയ്ക്ക് ലോകം പ്രവേശിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ജനാധിപത്യം, സമത്വം, സുസ്ഥിരത എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള, നീതിപൂർണ്ണമായ ഇടങ്ങളെ വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു പുതിയ സമീപനമാണ് തുടർന്ന് വേണ്ടതെന്നും സ്ഥലനിർമ്മിതിയെക്കുറിച്ചുള്ള പുസ്തകത്തിന്റെ വിശദമായ വായന നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. അത്തരത്തിൽ ലഫബ്രെയുടെ കരുത്തുറ്റ ആശയലോകത്തിൽ നിലയുറപ്പിച്ചുകൊണ്ടാണ് അർബൻ പ്ലാനറും പോസ്റ്റ് മോഡേൺ ജോഗ്രഫറും കൾച്ചറൽ തിയറിസ്റ്റുമായ എഡ്വേർഡ് സോജ സ്ഥലഭാവനയെ പുതിയൊരു പരിപ്രേക്ഷ്യത്തിലൂടെ വിശദീകരിക്കുന്ന വിഖ്യാതമായ തൃതീയസ്ഥലസിദ്ധാന്തം (Third Space Theory) വികസിപ്പിച്ചെടുത്തത്. എഡ്‌വേർഡ് സോജ മിസ്റ്റിക് മാർക്സിസ്റ്റ് ആണെന്നും[1]/ മാർക്സിസ്റ്റ് വിരുദ്ധസമീപനമാണ് സ്വീകരിക്കുന്നതെന്നുമുള്ള വാദഗതികൾ സജീവമാണ്. എന്നാൽ സോജ അത് നിഷേധിക്കുകയും അദ്ദേഹത്തിന്റെ ആശയങ്ങൾ അധികാരം ഓരങ്ങളിലേയ്ക്ക് നീക്കിയിരുത്തിയ മനുഷ്യസമൂഹങ്ങളുടെ അനുഭവങ്ങളാണെന്നും മറുവാദമുയർത്തുന്നുണ്ട്. എന്തു തന്നെയായാലും വർഗവിശകലനത്തിന്റെ പരിമിതികളെ മറികടക്കുന്നിടത്താണ് സോജയുടെ വൈജ്ഞാനികാന്വേഷണങ്ങൾ അനുഭവനിഷ്ഠമായ സ്ഥലഭാവനയുടെ വ്യതിരിക്തതകളിൽ ദൃഷ്ടിയുറപ്പിക്കുന്നത്. രീതിശാസ്ത്രപരമായി അയഞ്ഞ ഘടന ജാതിയെപ്പോലെ സങ്കീർണ്ണമായ വ്യവസ്ഥയുടെ സ്ഥലപരമായ അന്വേഷണങ്ങളെ ഒരുപരിധിവരെ പിന്തുണക്കുന്നുണ്ട്. എന്നിരുന്നാലും ജാതിയുടെ സ്ഥലപരതയെ സംബന്ധിച്ച സമഗ്രമായ വിലയിരുത്തൽ എന്ന അർത്ഥത്തിലല്ല സോജയുടെ സിദ്ധാന്തങ്ങളുടെ പ്രസക്തി. മറിച്ച് ജാതിയുടെ സ്ഥലപരതയേയും അതിലെ അനുഭവമൂല്യത്തെയും സൈദ്ധാന്തികമായി വിലയിരുത്താനുള്ള ഒരു അടിത്തറ എന്ന നിലയിലാണ്.

ISSN: 2582 - 2594

ഇന്ത്യൻ-ബ്രിട്ടീഷ് പണ്ഡിതനും വിമർശനാത്മക സൈദ്ധാന്തികനുമായ ഹോമി കെ. ഭാഭയും എഡ്വേർഡ് സോജയും തൃതീയ സ്ഥലസങ്കൽപ്പത്തെ വ്യത്യസ്ത തലങ്ങളിൽ വികസിപ്പിച്ചെടുത്ത ഉത്തരാധുനിക സൈദ്ധാന്തികരാണ്. ഭാഭയുടെ മൂന്നാമത്തെ ഇടം സങ്കരത്വത്തിന്റെ ഇടമാണ്, അവിടെ സംസ്കാരങ്ങൾ പുതിയതും അപ്രതീക്ഷിതവുമായ രീതികളിൽ കണ്ടുമുട്ടുകയും സംവദിക്കുകയും ചെയ്യുന്നു[2]. 1994ൽ ഈ ആശയത്തെ പ്രഥമമായി ചർച്ചക്കെടുക്കുന്നതും ഹോമി കെ. ഭാഭയാണ്. തുടർന്ന് 1996ലാണ് സോജയുടെ തൃതീയസ്ഥലസിദ്ധാന്തം സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനത്തിന്റെ ഇടമെന്ന നിലയിൽ വികസിച്ച് വന്നത്.[3] പരമ്പരാഗത അധികാര ഘടനകളെ വെല്ലുവിളിക്കാനും തകർക്കാനും കഴിയുന്ന ഈ ഇടത്തിലാണ് മനുഷ്യർക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുന്നത്. ഭാഭയും സോജയും വൈവിധ്യത്തിന്റെയും സാംസ്കാരികസാങ്കര്യത്തിന്റെയും ഇടങ്ങളെ രണ്ട് വ്യത്യസ്ത മേഖലകളിൽ നിന്നുകൊണ്ടാണ് അഭിസംബോധന ചെയ്യുന്നത്. ഭാഭയുടെ ചിന്താധാരകൾ സോജയെയും ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട് എന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഭാഭയുടെ നിർവ്വചനം ഏകാധിപത്യപരമായ സാംസ്കാരിക പാരമ്പര്യങ്ങളെ നിരാകരിക്കുകയും സങ്കരത്വവും പരസ്പര സ്വാധീനവും കൊണ്ട് നിർമ്മിക്കപ്പെട്ട ബഹുസാംസ്കാരികതയെ അംഗീകരിക്കുകയും ചെയ്യുന്നു. അപകോളനീകരണത്തിന്റെ ചർച്ചകൾക്കിടയിലാണ് ഇത്തരമൊരു ആശയം വികസിച്ചുവരുന്നത്.[4] കോളനീകരണമെന്ന ഭാവനാത്മകമായ ഇടം ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. അത് വൈരുദ്ധ്യാത്മകമായ അനുഭവമണ്ഡലങ്ങളുടെ സൃഷ്ടിയ്ക്ക് കാരണമായിത്തീർന്ന ഒന്നാണ്. ബ്രാഹ്മണാധിപത്യത്തെ നിഷ്പ്രഭമാക്കിക്കൊണ്ട് ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും ചരിത്രപരവുമായ ആധിപത്യങ്ങളിലേയ്ക്ക് യുറോപ്യൻ വ്യവസ്ഥ സ്ഥാനപ്പെടുത്തിയ കോളനീകരണം ഔദ്യോഗികമായി അവസാനിച്ചുവെന്ന് കരുതപ്പെടുന്നു. എന്നാൽ ഇംഗ്ലീഷുകാരുടെ വർഗീയതയടക്കമുള്ള ആശയങ്ങൾ രാഷ്ട്രസങ്കല്പത്തെ കീഴ്പ്പെടുത്തുന്നു. പ്രത്യക്ഷത്തിൽ കൊളോണിയൽ വിരുദ്ധമായിരിക്കുമ്പോഴും ഇന്ത്യയെന്ന ഹിന്ദുരാഷ്ട്രത്തിന്റെ ഭാവനാത്മകമായ ഇടം ആരംഭം മുതൽക്കുതന്നെ കൊളോണിയലിസത്തോട് ചേർന്നുനിൽക്കുന്നതാണ്. അടിസ്ഥാനപരമായി വൈദിക സംസ്കാരത്തിന്റെ ഘട്ടത്തിലും കൊളോണിയൽ കാലഘട്ടത്തിലും ജനാധിപത്യപരമായിരിക്കുമ്പോഴുമെല്ലാം അധികാരകേന്ദ്രങ്ങൾ ദലിത് സമൂഹത്തിന് പ്രതികൂലമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. അധികാരത്തിന്റെ പൊതുഘടനയിലേയ്ക്ക് വരുന്ന വിവിധ ശക്തികൾ ദലിത് സമൂഹത്തെ പ്രാന്തവൽക്കരിക്കുന്നുണ്ട്. സാംസ്കാരികമായ സങ്കരത്വത്തെ നിഷേധിച്ചുകൊണ്ട് ഹിന്ദുരാഷ്ട്രമെന്ന ദേശഭാവന കൊളോണിയലിസത്തിന്റെ സ്ഥലഭാവനയായിത്തീരുന്നു. ഒരേസമയം വിമോചനാത്മകവും അതേസമയം ആധിപത്യപരവുമായ തലങ്ങളിലേക്ക് സ്ഥലകാലങ്ങളിലൂടെ നിവർന്നുകിടക്കുന്ന അനുഭവനിഷ്ഠമായ ദേശഭാവനയേയാണ് സോജയും ഭാഭയും പഠനവിധേയമാക്കുന്നത്. മൂന്നാമിടം എന്ന സ്ഥലനിർവ്വചനത്തിലൂടെ അരികുവൽക്കരിക്കപ്പെട്ട സാമൂഹ്യാനുഭവങ്ങളെ അതിന്റെ വ്യതിരിക്തതകളോടെ അടയാളപ്പെടുത്തുന്നിടത്താണ് നീതിയും സമത്വവുമുള്ള സാമൂഹ്യ ഇടം (Social Space) എന്ന ആശയത്തെ ഇരുവരും രൂപപ്പെടുത്തുന്നത്. സ്ഥലപഠനത്തിൽ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ മാനങ്ങൾ കൂട്ടിയിണക്കിക്കൊണ്ടുള്ള സമീപനം കൂടിയാണിത്.

സോജ തന്റെ പുസ്തകത്തിലെ രണ്ടാമത്തെ അധ്യായത്തിന്റെ ആരംഭത്തിൽ 'സാമൂഹികമായ ഇടം' എന്താണെന്ന് വിശദീകരിച്ചുകൊണ്ടാണ് ത്യതീയമായ സ്ഥലചർച്ചകളിലേക്ക് കടക്കുന്നത്. സാമൂഹ്യ ഇടം എന്നതിന്റെ ഭിന്നപ്രകൃതിയെ വിശദീകരിക്കാൻ സോജ ഉപയോഗപ്പെടുത്തുന്ന ചില ദ്വന്ദ്വങ്ങളാണ് യാഥാർത്ഥ്യം-ഭാവനാത്മകം, മൂർത്തം-അമൂർത്തം, ഭൗതികം-രൂപാത്മകം തുടങ്ങിയവ[5]. ആദ്യത്തേത് സാമൂഹിക ഇടത്തിന്റെ യഥാർത്ഥവും ഭാവനാത്മകവുമായ തലമാണ്. ആളുകൾ പരസ്പരം ഇടപഴകുന്ന ഒരു ഭൗതിക സ്ഥലമെന്ന അർത്ഥത്തിൽ സാമൂഹിക ഇടം യഥാർത്ഥമാണ്. എന്നിരുന്നാലും മനുഷ്യരുടെ ചിന്തകൾ, വികാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയാൽ ആ സ്ഥലത്തെക്കുറിച്ചുള്ള ഭാവന രൂപപ്പെട്ടിട്ടുണ്ടാവും. ഈ അർത്ഥത്തിൽ സാമൂഹിക ഇടം സാങ്കൽപ്പികമാവുന്നു. ഉപരിവർഗ്ഗത്തിന്റെയും ദലിത് സമൂഹത്തിന്റെയും ദേശഭാവനകൾ തമ്മിലുള്ള അന്തരം ഇത്തരത്തിൽ ജാതിയുടെ അനുഭവപരമായ വ്യതിയാനങ്ങളാണ്. സാമൂഹിക ഇടത്തിന്റെ ഭാവനാത്മകത അതിന്റെ അനുഭവമൂല്യത്തിലാണ് നിലകൊള്ളുന്നത്. മറ്റൊന്ന് ഇന്ദ്രിയങ്ങളാൽ സംവേദനക്ഷമമാവുന്നതുകൊണ്ട് മൂർത്തമാവുമ്പോൾ തന്നെ അത് ദൃഢമോ നിശ്ചലമോ അല്ലാത്ത വിധത്തിൽ അമൂർത്തമാവുകയും ചെയ്യുന്നു. കാരണം ഓരോ ഇടങ്ങളും മൂർത്തമായിരിക്കുമ്പോഴും അമൂർത്തമായ അധീശത്വ വ്യവഹാരങ്ങളെ അവ പലമട്ടിൽ സ്വാംശീകരിക്കുന്നുണ്ട്. *ഭൂതകാലം തളം കെട്ടിനിന്ന രണ്ടുനില കെട്ടിടങ്ങൾ സമചതുരാകൃതിയിൽ പരസ്പരബന്ധിതമായിരുന്നു. ബോട്ടണി ഡിപ്പാർട്ട്മെന്റിനോട് ചേർന്നുള്ള പിരിയൻ ഗോവണി ആർ. പ്രസാദിന്റെ ഒരു കഥയിലെ കഥാപാത്രമായിരുന്നു. പല വലിപ്പത്തിലുള്ള ക്ലാസ് മുറികളിൽ ചിലത് തട്ടുകളായി തിരിച്ചവയായിരുന്നു. രൂക്ഷഗന്ധം പ്രസരിപ്പിക്കുന്ന ലാബറട്ടറികൾ. മഹാരാജാസിൽ പഠിച്ചവർക്ക് കോളേജ് ഒരു ഗൃഹാതുരമായ ഓർമ്മയാകാൻ കാരണം ആ സ്ഥാപനത്തിന്റെ സവിശേഷ നിർമ്മിതിയും രാജകീയ പ്രൗഢിയുമാണെന്ന് തോന്നുന്ന്*[6]. മഹാരാജാസ് കോളേജിന്റെ മൂർത്തമായ നിർമിതിയിൽ ഗുപ്തമായിരിക്കുന്ന അധികാരവർഗ്ഗത്തിന്റെ രാജകീയമായ പ്രൗഢിയെ കണ്ടെടുക്കുന്ന കെ. കെ കൊച്ചിന്റെ അരികുവൽക്കരണത്തിന്റെ അനുഭവലോകം സവർണ്ണഗൃഹാതുരത്വവുമായി സംഘർഷത്തിൽ ഏർപ്പെടുന്നുണ്ട്. ദൃഢവും നിശ്ചലമായ സ്ഥലത്തെ അസ്ഥിരപ്പെടുത്തുന്ന അനുഭവം കൂടിയാണിത്. അതുപോലെ ഭൗതികമായിരിക്കുമ്പോഴും സ്വത്വം, അധികാരം എന്നിവയെ ആവിഷ്കരിക്കുന്ന മട്ടിൽ രൂപാത്മകമായുള്ള തുടർച്ചയും സാമൂഹിക ഇടത്തിനുണ്ട്.

മൂന്നാമിടമെന്ന പരികല്പന പല സൈദ്ധാന്തികരുടെയും ആശയങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നതാണ്. സ്ഥലത്തിന്റെ ശൂന്യതയെയും വസ്തുനിഷ്ഠതയെയും മറികടക്കുന്ന ലഫബ്രെയുടെ സ്ഥലവിചിന്തനം അതിനെ ഒരു സാമൂഹ്യനിർമ്മിതിയെന്ന് വിശകലനം ചെയ്യുന്നു. മൈക്കൽ ഫുക്കാൾട്ടാവട്ടെ അതിലെ അധികാരബന്ധങ്ങളെ ഇഴപിരിച്ചെടുക്കുന്നു. ഗായത്രി ചക്രവർത്തി സ്പിവാക്ക് അത് കീഴാളമാണെന്നും അരികുവൽക്കരണത്തിന്റേതാണെന്നും അതേസമയം പ്രതിരോധത്തിന്റേതാണെന്നും നിരീക്ഷിക്കുന്നു. ബെൽ ഹുക്ക്സ് അരികുവൽക്കരണങ്ങളെ ആയുധമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. ഇവയുടെയെല്ലാം ആശയങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രയോഗസാധ്യതയെയാണ് സോജയുടെ സ്ഥലസിദ്ധാന്തത്തിൽ കാണാൻ സാധിക്കുക.

ISSN: 2582 - 2594

ഇടം, ചരിത്രം, സാമൂഹികത എന്നിങ്ങനെ പ്രധാനമായും മൂന്ന് ഘടകങ്ങളിലൂടെയാണ് മൂന്നാമിടമെന്ന ആശയത്തെ സോജ വികസിപ്പിച്ചെടുക്കുന്നത്. ഇവയെല്ലാം തമ്മിൽ ബന്ധപ്പെട്ടു കിടക്കുകയും പരസ്പരപൂരകങ്ങളായി വർത്തിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി സ്ഥലത്തെ യഥാർത്ഥം/ ഭാവനാത്മകം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളിൽ സംഗ്രഹിക്കാറുണ്ട്. എന്നാൽ ഇവ വേർതിരിഞ്ഞു നിൽക്കുന്നവയല്ല. മറിച്ച് ഇവ തമ്മിലുള്ള പരസ്പരവ്യവഹാരമാണ് സ്ഥലത്തിന്റെ സാമൂഹികതയെ രൂപപ്പെടുത്തുന്നത്. ഗാന്ധിയൻ ഗ്രാമവീക്ഷണത്തെ അംബേദ്കർ ദലിത് കർതൃത്വം കൊണ്ട് നിഷേധിക്കുന്നു. ഈയൊരു ഭാവനാത്മകമായ ഇടം അതിന്റെ ചരിത്രം കൊണ്ട് സാമൂഹ്യമായ വിവേചനങ്ങളെ അടയാളപ്പെടുത്തുന്ന പ്രതിരോധാത്മകമായ സ്ഥാനമാവുന്നു. ഗ്രാമം, അതിലെ വർണവിവേചനത്തിന്റെ ചരിത്രബന്ധങ്ങൾ എന്നിവ സ്ഥലത്തിന്റെ സാമൂഹികതയെ ദലിത്പക്ഷത്തു നിന്നുകൊണ്ട് നിർണ്ണയിക്കുന്നു. സാമാന്യമായ പാഠങ്ങളിൽ നിന്നും അതൊരു വ്യതിചലനമാവുന്നു. ഇതാണ് മൂന്നാമതൊരു ഇടത്തെ സൃഷ്ടിക്കുന്നത്. അതായത് ഏതൊന്നാണോ തങ്ങളെ അരികുവൽക്കരിച്ചത് അതിന്റെ അനുഭവമണ്ഡലത്തെ ഏറ്റവും വലിയ പ്രതിരോധമാക്കി ഉയർത്തിക്കൊണ്ടു വരുന്നു. ജാതീയമായ പ്രതിസന്ധികൾ നിലനിൽക്കെ സാങ്കേതികതയുടെ ഭാവനാലോകമായ നവമാധ്യമങ്ങൾ എല്ലാതരം മനുഷ്യർക്കും തുല്യമായ സാധ്യതകൾ നൽകുന്ന ഒരിടമാണ്. അത് സംവാദവും പ്രതിരോധവും സംഘർഷങ്ങളും ജാതീയമോ വംശീയമോ വർഗീയമോ ആയ യാതൊരു പരിഗണനകളും നൽകാത്ത/ലഭിക്കാത്ത ഒരിടമാണ്. ഇത്തരത്തിൽ പല മട്ടിലുള്ള ഭൗതികമോ അയഥാർത്ഥമോ ആയ ഇടങ്ങളുടെ സാധ്യതയെക്കുറിച്ചും മൂന്നാമിടം സംസാരിക്കുന്നുണ്ട്. ഇങ്ങനെ നാനാവിധത്തിലുള്ള ഇടങ്ങളും വ്യവഹാരങ്ങളും വിവേചനത്തിന്റെ പ്രതിരോധസ്ഥാനങ്ങളാവുന്നത് എങ്ങനെയെന്നാണ് മൂന്നാമിടം എന്ന സിദ്ധാന്തം അന്വേഷിക്കുന്നത്.

അമേരിക്കൻ എഴുത്തുകാരിയും സൈദ്ധാന്തികയും അധ്യാപികയുമായ ബെൽ ഹുക്സിനെ ഉദ്ധരിച്ചുകൊണ്ട് സോജ കീഴാളപ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുന്നുണ്ട്. ഹുക്സ് കറുത്ത വർഗക്കാർ വെളുത്ത വർഗക്കാരിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങളെ മുൻനിർത്തിയാണ് അപഗ്രഥിക്കുന്നത്. ബെൽ ഹുക്സിന്റെ പക്ഷം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഇരകളായി കാണുന്ന പരമ്പരാഗത വീക്ഷണത്തെ വെല്ലുവിളിക്കുന്നതാണ്. കീഴിലൊതുക്കപ്പെട്ടവർക്കും മാറ്റത്തിന്റെ നിർവ്വാഹകരാവാൻ സാധിക്കുമെന്നതാണ് ഇതിന്റെ കാതൽ. അതിലൂടെ കൂടുതൽ നീതിയും സമത്വവുമുള്ള ഒരു സമൂഹം സൃഷ്ടിക്കാൻ സമൂഹത്തിന്റെ അരികുകളിൽ ഉള്ള ജനസമൂഹങ്ങൾക്ക് സാധിക്കും. സോജ ഈ ആശയങ്ങളെ മൂന്നാമിടമെന്ന പരികല്പനയിലേയ്ക്ക് ചേർക്കുന്നുണ്ട്. വിവേചനങ്ങളെയും സാമൂഹ്യമായ പുറന്തള്ളലുകളെയും തന്നെ ഒരായുധമാക്കി മാറ്റേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സോജ കൂടുതൽ വാദങ്ങൾ ഉന്നയിക്കുന്നുണ്ട് [7]. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ പലപ്പോഴും പാർശ്വവൽക്കരണത്തിന്റെ ഇരകളെന്ന നിലയിൽ അതേ സ്ഥാനത്ത് തുടരാൻ നിർബന്ധിതരാവുന്നുണ്ട്. ഇത് മുഖ്യധാരയിൽ നിന്ന് ഒഴിവാക്കപ്പെടുകയും അധികാരത്തിലേക്കും വിഭവങ്ങളിലേക്കും പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയെ കീഴാളർക്കിടയിൽ അതേപടി നിലനിർത്തുന്നു. ഈ പാർശ്വവൽക്കരണം ചെറുത്തുനിൽപ്പിനുള്ള തന്ത്രപ്രധാനമായൊരു ഇടമാകുമെന്നാണ് സോജ വാദിക്കുന്നത്. സമൂഹത്തിന്റെ അരികുകൾ സമൂലമായ പരിവർത്തനങ്ങൾക്ക് സാധ്യതയുള്ള ഇടങ്ങൾ കൂടിയാണെന്ന ബോധ്യമാണ് സോജ മൂന്നാമിടമെന്ന പരികല്പനയിലൂടെ അവതരിപ്പിക്കുന്നത്.

"The space of Thirdspace emerges as that which is constantly being negotiated, contested, and transformed. It is the strategic location of the subaltern, where the margins are made to speak and where a counter hegemonic politics can be enacted."(Soja:1996, p 6) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് തങ്ങളുടെ പാർശ്വവൽക്കരണം ഉപയോഗിച്ച് ആധിപത്യത്തിന്റെ പ്രത്യയശാസ്ത്രത്തെ വെല്ലുവിളിക്കാനും തങ്ങൾക്കായി പുതിയ സാധ്യതകൾ സൃഷ്ടിക്കാനും കഴിയുമെന്ന് സോജ വാദിക്കുന്നു. ആധിപത്യ വിരുദ്ധമായ എതിർപ്പിന്റെ രാഷ്ട്രീയത്തിലൂടെ (Counter Hegemonic Politics) ദലിത് സമൂഹത്തിന് മുഖ്യധാരയിൽ പ്രാതിനിധ്യം ഉറപ്പിക്കാൻ ഭാഗികമായി സാധിക്കും. ഒപ്പം തന്നെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എതിർപ്പിന്റെ രാഷ്ട്രീയത്തിന് അതീതമായി നീങ്ങേണ്ടതുണ്ട് എന്നതും പ്രധാനമാണ്. ഉപരിവർഗം/അധികാരകേന്ദ്രം എന്നിവയുടെ ആധിപത്യത്തോടുള്ള സമരം മാത്രമായി ചുരുങ്ങുന്നത് നീതിയും സമത്വവുമുള്ള സാമൂഹിക വ്യവസ്ഥയെ സൃഷ്ടിക്കുമെന്ന് കരുതാൻ കഴിയില്ല. കീഴാളരായ മനുഷ്യർ വിമോചനാത്മകവും സമരബോധമുൾക്കൊള്ളുന്നതുമായ സ്വത്വവും സമൂഹവും സങ്കൽപ്പിക്കുകയും അത് പ്രയോഗിക്കാൻ കഴിയുന്ന പുതിയ ഇടങ്ങൾ സൃഷ്ടിക്കുകയും വേണമെന്ന് ചിന്തിക്കുന്നിടത്താണ് മൂന്നാമിടത്തിന്റെ പ്രസക്തി. അതിലൂടെയേ സമൂലമായ പരിവർത്തനം സാധ്യമാവുകയുള്ളൂ. എതിർപ്പിന്റെ രാഷ്ട്രീയത്തെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള വിമോചനം സാധ്യമല്ല. മറിച്ച് ദലിത് സ്വത്വത്തെയും അതിന്റെ വിമോചനാത്മകമായ ഉള്ളടക്കത്തെയും പ്രധാനമാക്കിക്കൊണ്ട് സമുദായത്തെ പരിഷ്കരിക്കാനും സാധ്യതയുടെ പുതിയ ഇടങ്ങളെ (എഴുത്ത്, നവ മാധ്യമങ്ങൾ, വിദ്യാഭ്യാസം) സൃഷ്ടിക്കാനും പരിശ്രമിക്കേണ്ടതുണ്ട്. അതാണ് ദലിത് എഴുത്തുകളുടെയും കേന്ദ്രമാവേണ്ടത്, അല്ലാതെ എതിർപ്പിന്റെ രാഷ്ട്രീയം മാത്രമായി സങ്കോചിക്കരുത്. അതുകൊണ്ടാണ് അംബേദ്കറിസം വർത്തമാനകാലത്തും പ്രസക്തമായിരിക്കുന്നത്. അത് എതിർപ്പിന്റെ രാഷ്ട്രീയം മാത്രമല്ല സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും അടിസ്ഥാനമാക്കിയ നൂതനമായ രാഷ്ട്രഭാവനയെ ബദൽ മാതൃകയെന്നോണം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്നതിനാലാണ്. ഒരേസമയം സമുദായത്തെയും അതേസമയം രാഷ്ട്രത്തെയും പരിവർത്തിപ്പിക്കാനുള്ള ശ്രമം വളരെ പ്രധാനമാണ്. രണ്ടും സമാന്തരമായി നടക്കുമ്പോൾ മാത്രമേ വിമോചനമെന്നത് സാക്ഷാത്കരിക്കാവുന്ന ഒരു ലക്ഷ്യമെന്ന് പറയാൻ സാധിക്കൂ. കേരളത്തിലാവട്ടെ അയ്യങ്കാളി സമുദായത്തിനുള്ളിൽ വൃത്തിയും വിദ്യാഭ്യാസവും നേടാൻ പ്രേരിപ്പിക്കുകയും പലതരം യോഗങ്ങളിലൂടെ അവരെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാൻ ശേഷിയുള്ളവരാക്കി ഉയർത്തുന്നതിന് വേണ്ട ആഭ്യന്തരമായ പരിഷ്കരണങ്ങൾ നടപ്പിലാക്കി. അതോടൊപ്പം രാഷ്ട്രീയ കർതൃത്വത്തിന് വേണ്ടിയും പൊതുനിരത്തിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയും വിദ്യാഭ്യാസത്തിന് വേണ്ടിയുമൊക്കെ പോരാടുകയും ചെയ്തു. ഒരേസമയം പൊതുഇടങ്ങളിൽ സവർണവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുമ്പോഴും അരികുവൽക്കരണങ്ങളെ ആയുധമാക്കാൻ സമുദായത്തെ പഠിപ്പിക്കുകയും ചെയ്തു.

തന്റെ തൃതീയ സ്ഥലസിദ്ധാന്തമെന്ന ആശയം പോലും മറികടക്കപ്പെടേണ്ടതാണ് എന്ന സോജയുടെ വാക്കുകൾ വളരെ പ്രധാനമാണ്. അറിവുരൂപങ്ങളുടെ സ്ഥിരതയെ അത് ദുർബലപ്പെടുത്തുന്നു. ആത്യന്തികമായ ഒരു സത്യമെന്ന നിലയിൽ ഒരു സിദ്ധാന്തവും സ്ഥാനപ്പെടുന്നില്ലെന്ന വസ്തുതയെ അംഗീകരിക്കുന്നത് അദ്ദേഹം മുന്നോട്ട് വയ്ക്കുന്ന ഉദാത്തമായ മൂല്യബോധം

 ISSN: 2582 - 2594

കൂടിയാണ്. ബഹിഷ്കരണത്തെ സാമാന്യവൽക്കരിക്കാതെ അതിനെ കുറേക്കൂടി സൂക്ഷ്മമായി 'മികച്ച' ഇടങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിന്റെയും അന്യവൽക്കരിക്കപ്പെടുന്നതിന്റെയും യുക്തികളെ കണ്ടെത്താനും വിലയിരുത്താനും സാധിക്കുന്നിടത്താണ് വിപ്ലവകരമായ വൈജ്ഞാനികസമീപനത്തിന്റെ ആരംഭം കുറിയ്ക്കുന്നതും ലെഫബ്രെയിൽ നിന്ന് സോജ ഏറെ ദൂരം മുന്നോട്ട് നടക്കുന്നതും. സാമൂഹ്യ ബഹിഷ്കരണം കേവലമായ ഒഴിവാക്കലുകൾ മാത്രമല്ലെന്നും മറിച്ച് അവ പ്രധാനവും ഗുണകരവുമായ ഇടങ്ങളിൽ നിന്നുള്ള നിർബന്ധിതവും ആസൂത്രിതവുമായ ബലതന്ത്രങ്ങളുടെ ഭാഗമാണെന്നും സോജ കരുതുന്നു. സാമൂഹികമായ സ്ഥലസങ്കൽപ്പമെന്നാൽ മനുഷ്യരുടെ ഇടപാടുകളുടെയും പ്രവർത്തനങ്ങളുടെയും പെരുമാറ്റങ്ങളുടെയും അനുഭവങ്ങളുടെയും മാധ്യമമാണ്. ഇത്തരത്തിൽ മാധ്യമമായി നിലകൊള്ളുന്ന അതേ സ്ഥലം തന്നെ അതിലുണ്ടാവുന്ന പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. അതിനാൽ പരിവർത്തിക്കപ്പെടുന്ന ബലതന്ത്രങ്ങളുടെ (Dynamic) വ്യവസ്ഥയായിട്ടാണ് സ്ഥലഭാവനയെ ലഫബ്രെ ആദ്യമായി അവതരിപ്പിച്ചത്. എന്നാൽ സോജ കുറേക്കൂടി വ്യക്തതയോടെ സ്ഥലത്തിന്റെ സാമൂഹികതയെയും അതിലെ സങ്കീർണ്ണമായ അനുഭവലോകങ്ങളെയും ഉല്പാദനബന്ധങ്ങൾക്കതീതമായി അന്വേഷിക്കാൻ ശ്രമിച്ചു. പ്രത്യക്ഷത്തിൽ പ്രത്യേകമായൊരു പ്രത്യയശാസ്ത്രത്തിന്റെ പിന്തുണ സ്വീകരിക്കാത്ത സോജ സ്ഥലഭാവനയെ ഉത്തരാധുനികതയുടെ വിശാലമായ കാൻവാസിലാണ് കൈകാര്യം ചെയ്യുന്നത്. ദൈനംദിന ജീവിതാനുഭവങ്ങളാണ് ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം. മൂർത്തമായിരിക്കുമ്പോഴും ഓരോ ഇടങ്ങളും അമൂർത്തമായ ആധിപത്യങ്ങളെ പ്രതിനിധാനം ചെയ്യുന്നുണ്ട്. അതിനെ വെളിവാക്കാനുള്ള മാധ്യമം ദൈനംദിനജീവിതായോധനങ്ങളാണ്.

ഒന്നാമിടം / ഭൗതിക ഇടം(First Space/Physical Space) : സ്ഥലത്തിന്റെ ഭൗതികതയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഉദാഹരണമായി ഏതെങ്കിലുമൊരു നഗരം\പ്രദേശം.

രണ്ടാമിടം /സ്ഥലപ്രതിനിധാനങ്ങൾ (Second Space/Conceptualized Space): സ്ഥലത്തിന്റെ ഭൗതികയെ ആശയവത്കരിക്കുന്നതാണ് എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഉദാഹരണമായി ഒരു നഗരത്തെയോ ഗ്രാമത്തെയോ കല, പരസ്യം തുടങ്ങിയ മറ്റ് മാധ്യമങ്ങൾ എപ്രകാരമാണ് ആവിഷ്കരിക്കുന്നതെന്ന് ഈ ആശയത്തിലൂടെയാണ് വിശകലനം ചെയ്യുന്നത്.

ആനുഭവിക സ്ഥലം/ മൂന്നാമിടം (Third Space/Lived Space) : മാനസികമായ ഇടം എന്നതിനേക്കാൾ സാമൂഹ്യരാഷ്ട്രീയ പരിവർത്തനസാധ്യതയുൾക്കൊള്ളുന്ന ഒന്നാണ് ആനുഭവിക ഇടം. ഇത് ജീവിതാനുഭവങ്ങളുടെ ഇടമാണ്. പൂർണ്ണമായും അനുഭവനിഷ്ഠമായ മൂന്നാമിടം പൊതുവെന്നോ സ്വകാര്യമെന്നോ പറയാനാവാത്ത ഇടങ്ങൾക്കകത്തെ ഇടങ്ങളാണ്. ഉദാഹരണമായി ഒരു നഗരത്തിലോ ഗ്രാമത്തിലോ ജീവിക്കുന്ന ദലിത് സമൂഹം അവരുടെ ജീവിതാനുഭവങ്ങളും ദൈനംദിനവ്യവഹാരങ്ങളും കൊണ്ട് ഇടങ്ങൾക്ക് നൽകുന്ന അർത്ഥമാണ് അധീശത്വ വ്യവഹാരങ്ങളിൽ സാമൂഹ്യമായും ചരിത്രപരമായും രാഷ്ട്രീയപരമായും അപരവൽക്കരിക്കപ്പെടുന്നത്. ഇത് ഭൗതികവും ഭാവനാത്മകവുമായ ഇടങ്ങളെ ഉൾക്കൊള്ളുമ്പോഴും അനുഭവനിഷ്ഠമായൊരു പുതിയ തലത്തെക്കൂടി ഉൾവഹിക്കുന്നുണ്ട്. ആദ്യത്തെ രണ്ടിടങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യാനുഭവങ്ങളുടെ അനുഭവപരമായ ചിതറലുകളെ അടയാളപ്പെടുത്തുന്നതാണ് മൂന്നാമിടം. ഇത് ചിലപ്പോഴൊക്കെ വിമോചനാത്മകവും മറ്റു ചിലപ്പോൾ ആധിപത്യപരവുമാണ്. മതപര

മായ ആരാധനകൾ ജനാധിപത്യപരമായ അവകാശങ്ങളെ മറികടന്ന് സൃഷ്ടിക്കുന്ന ഇടങ്ങൾ വിമോചനാത്മകമായ ഉള്ളടക്കമുള്ളതല്ലെന്ന മാത്രമല്ല ഇതര മതസ്ഥരെ അടിച്ചമർത്താനും സാമൂഹികമായി പുറന്തള്ളാനുമുള്ള ഗൂഢനീക്കത്തിന്റെ കൂടി ഭാഗമാണ്. അതേസമയം തന്നെ വിമോചനാത്മകവും പുരോഗമനവും സാധ്യമായിട്ടുള്ള മൂന്നാമിടങ്ങളും നിരവധിയാണ്. ഉദാഹരണത്തിന്, 1970 കളിൽ ഉയർന്നുവന്ന ദലിത് പാന്തർ പ്രസ്ഥാനം തൃതീയ ഇടമായിരുന്നു. ദലിതരുടെ അവകാശങ്ങൾക്കായി പോരാടിയ ഒരു സാമൂഹിക പ്രസ്ഥാനമെന്ന നിലയിൽ ദലിത് പാന്തർ പ്രസ്ഥാനത്തിന്റെ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും വഴി ദലിതരുടെ ദുരവസ്ഥയെക്കുറിച്ച് അവബോധം വളർത്തുന്നതിലും അതുമായി ബന്ധപ്പെട്ട ചില സുപ്രധാന പരിഷ്കാരങ്ങൾ കൈവരിക്കുന്നതിലും വിജയിച്ചു. നിരവധിയായ പൊതുപ്രസ്ഥാനങ്ങളും വിശ്വാസപ്രമാണങ്ങളും നിയമസംഹിതകളും നിലനിൽക്കെ ആശയപരമായ ഒരു മൂന്നാമിടമായി സ്ഥാനപ്പെട്ട അംബേദ്കറിസമായിരുന്നു അതിന്റെ അടിത്തറ. ദലിത് നേതാവും ദലിതരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയിരുന്ന ഭീംറാവു റാംജി അംബേദ്കറുടെ പേരിലുള്ള ഒരു സാമൂഹിക പ്രസ്ഥാനമാണ് അംബേദ്കറൈറ്റ് പ്രസ്ഥാനം. ദലിത് ആത്മകഥാഖ്യാനങ്ങളിൽ കാണുന്ന ബദൽ ചരിത്രനിർമ്മിതിയും ഇത്തരത്തിൽ ഒരു മൂന്നാമിടമായിത്തീരുന്നു.

സ്ഥലഭാവനയിലെ ലിംഗഭേദങ്ങൾ

സ്ഥലപരമായ വിശകലനത്തിന്റെ ലിംഗപരമായ മാനങ്ങൾ 1970 കൾ മുതലാണ് ചർച്ചകൾക്ക് വിധേയമായി തുടങ്ങിയത്. ബ്രിട്ടീഷ് സാമൂഹ്യശാസ്ത്രജ്ഞയായ സിൽവിയ വാൽബി[9], അമേരിക്കൻ തത്വചിന്തകയും ഫെമിനിസ്റ്റ് സൈദ്ധാന്തികയുമായ എലിസബത്ത് ഗ്രോസ്[10] തുടങ്ങിയവരുടെ സ്ത്രീവാദചിന്തകൾ ഇതിന് പ്രചോദനം നൽകുകയുണ്ടായി. മാത്രമല്ല ഇത് സ്ത്രീപക്ഷ ഭൂമിശാസ്ത്രത്തെ ഏറെ പരിപോഷിപ്പിക്കുകയുണ്ടായി. ഈയൊരു പ്രാരംഭസ്ഥാനത്ത് നിന്നാണ് ബ്രിട്ടീഷ് ഭൂമിശാസ്ത്രജ്ഞയായ ഡോറീൻ മാസി തന്റെ അന്വേഷണമാരംഭിക്കുന്നത്. സ്ഥലം ലിംഗവൽക്കരിക്കപ്പെടുന്നതിന്റെ സാമാന്യമായ അനുഭവങ്ങളെ മറികടന്നുകൊണ്ട് പുരുഷാധിപത്യത്താൽ നിർമ്മിതമായ സാമൂഹ്യബന്ധങ്ങളിലൂടെ ഉത്പാദിപ്പിക്കപ്പെടുകയും പുനരുല്പാദിപ്പിക്കപ്പെടുകയും ചെയ്യുന്ന സ്ഥലഭാവനയിലെ സ്ത്രൈണാനുഭവങ്ങളുടെ വിച്ഛേദമാണ് മാസിയുടെ സൈദ്ധാന്തിക ലോകം. ഇടങ്ങളുടെ ഉപയോഗങ്ങളിലും സ്ഥലപരമായ അനുഭവങ്ങളിലും പ്രയോഗങ്ങളിലുമൊക്കെ നിലീനമായിരിക്കുന്ന ലിംഗസ്വത്വത്തിന്റെ വ്യവഹാരമണ്ഡലത്തെയാണ് അവരുടെ ചിന്താലോകം പ്രധാനമായും ചർച്ചയ്ക്കെടുത്തത്.

Space, Place and Gender എന്ന പുസ്തകത്തിന്റെ ആരംഭത്തിൽ സിദ്ധാന്തത്തിന്റെ ആന്തരികയുക്തിയെപ്പറ്റി വ്യക്തമാക്കുന്നുണ്ട്. സ്ത്രീകളുടെ ഭൂമിശാസ്ത്രമല്ല താൻ അവലോകനം ചെയ്യുന്നതെന്നും മറിച്ച് ലിംഗപദവിയുടെ നിർമ്മാണവും ലിംഗബന്ധങ്ങളെ മുൻനിർത്തിയുള്ള ആലോചനകളുമാണ് നടത്തിയിരിക്കുന്നതെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.[11] മുൻകാലങ്ങളിൽ പൊതു ഇടങ്ങൾ സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. അതുകൊണ്ട് തന്നെ സാമൂഹ്യജീവിതം നിഷേധിക്കപ്പെടുകയും പൊതുമണ്ഡലങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തു. ഒഴിവാക്കപ്പെടാനുള്ള സാധ്യത കൂടുതലായിരുന്നു, എന്നാൽ ഇപ്പോൾ ഈ സ്ഥിതിയ്ക്ക് കാലാനുസൃതമായ പരിവർത്തനങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, പൊതു ഇടത്തെക്കുറിച്ചുള്ള സ്ത്രീകളുടെ

 ISSN: 2582 - 2594

അനുഭവങ്ങൾ ഇപ്പോഴും ലിംഗബന്ധങ്ങളാൽ രൂപപ്പെട്ടതാണ്. മാത്രമല്ല ഈ ഇടങ്ങളിൽ അവർക്ക് ഇപ്പോഴും ദുർബലത അനുഭവപ്പെടുന്ന സാഹചര്യങ്ങളും ധാരാളമാണ്. ഡോറീൻ മാസി സ്ത്രീയുടെ സ്ഥലപരമായ അനുഭവങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിലൂടെ ഇടങ്ങളിലെ ലിംഗഭേദങ്ങളെ കൂടുതൽ പ്രശ്നവത്കരിക്കുന്നു. അതിലൂടെ ലിംഗബന്ധങ്ങൾക്കകത്ത് രൂപപ്പെടുന്ന സ്ഥലത്തിന്റെ അടിസ്ഥാന സ്വഭാവത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു. ലിംഗഭേദത്തിന്റെ ഇടങ്ങൾ സൃഷ്ടിക്കപ്പെടുന്നത് സമൂഹം വച്ചുപുലർത്തുന്ന നിയമങ്ങളുടെയും ധാരണകളുടെയും പുറത്താണ്. ലിംഗാധിഷ്ഠിതമായ ഇടങ്ങളെ നിയന്ത്രിക്കുന്ന പുരുഷമേധാവിത്വത്തിന്റെ ബലതന്ത്രങ്ങൾ സാമൂഹ്യസാഹചര്യങ്ങൾക്കും സമയത്തിനുമനുസരിച്ച് വ്യത്യസ്തമായ രീതിയിലാവും. മാത്രമല്ല സ്ഥായിയായ ചട്ടക്കൂടല്ല ഇതിനുള്ളത്. മറിച്ച് സംവാദങ്ങളും മത്സരങ്ങളും സംഘർഷങ്ങളും കൊണ്ട് സ്ഥലം നിരന്തരമായ പരിവർത്തനങ്ങൾക്ക് വിധേയമാവുമെന്നും മാസി പറയുന്നുണ്ട്. മീ റ്റൂ ക്യാമ്പയിൻ, ട്രാൻസ്ജൻഡർ അവകാശങ്ങൾ തുടങ്ങിയവ അതിന് ഉദാഹരണമാണ്. അവ ലിംഗഭേദത്തിന്റെ സംവാദാത്മകമായ പുതിയ തലങ്ങളെ ഉദ്ഘാടനം ചെയ്യുന്നു. മനുഷ്യരുടെ സ്ഥലപരമായ അനുഭവങ്ങൾ ലിംഗഭേദം ഉള്ളതാണെന്നും അത് വ്യക്തിയുടെ ലിംഗപരമായ തന്മയുമനുസരിച്ച് വ്യത്യാസപ്പെടുന്നുവെന്ന് ഡോറീൻ മാസി നിരീക്ഷിക്കുന്നുണ്ട്.

ഇടങ്ങളും അതിന്റെ നിർമ്മിതിയിലും വ്യവഹാരങ്ങളിലും സജീവമായിരിക്കുന്ന ലിംഗഭേദങ്ങളുടെ തലങ്ങളെയും ബന്ധപ്പെടുത്തിയുള്ള ആലോചനകൾ സങ്കീർണ്ണവും അഗാധവുമായ ഒന്നാണ്. ഭൂമിശാസ്ത്രം ലിംഗഭേദത്തിന്റെ രൂപപ്പെടലിൽ നിർണ്ണായകമായൊരു ഘടകമാണ്. ഈ സന്ദർഭത്തിലാണ് ഭാവനാത്മക ഭൂമിശാസ്ത്രത്തെക്കുറിച്ച് (സാങ്കൽപ്പിക ഭൂമിശാസ്ത്രമെന്നും പറയാറുണ്ട്) മാസി കൂടുതലായി വിശദീകരിക്കുന്നത്.[12] സാങ്കൽപ്പിക ഭൂമിശാസ്ത്രമെന്നത് മറ്റ് സ്ഥലങ്ങളെക്കുറിച്ചുണ്ടായിവരുന്ന ധാരണകൾ മാത്രമല്ല, മറിച്ച് നമ്മുടെ സ്വന്തം സ്ഥലങ്ങളെക്കുറിച്ച് വിഭാവനം ചെയ്യുന്ന രീതി കൂടിയാണ്. ഈ സാങ്കൽപ്പിക ഭൂമിശാസ്ത്രങ്ങൾ മനുഷ്യർ വിവിധ ഇടങ്ങളെ അനുഭവിക്കുന്ന രീതിയിലും സ്വാധീനം ചെലുത്തുമെന്നും അസമമായ അധികാര ബന്ധങ്ങളെ ന്യായീകരിക്കാനും നിയമാനുസൃതമാക്കാനും അവ ഉപയോഗിക്കുന്നുണ്ടെന്നും മാസി വാദിക്കുന്നുണ്ട്.[13] ഗാർഹികവൃത്തികൾക്ക് സ്ത്രീകൾ സ്വാഭാവികമായും അനുയോജ്യരാണെന്ന ആശയം പൊതുമണ്ഡലങ്ങളിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനെ ന്യായീകരിക്കാൻ ഉപയോഗിച്ച ഭാവനാത്മക ഭൂമിശാസ്ത്രമാണ്. ഇടങ്ങളിലുള്ള വിഭവങ്ങളുടെയും അവസരങ്ങളുടെയും അസമമായ വിതരണം തുല്യനീതിയെ നിരാകരിച്ചുകൊണ്ടുള്ള വികസനത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ലിംഗവിവേചനമാണ് അതിന്റെ അടിസ്ഥാനപ്രമാണം. അർഹിക്കുന്ന അനുപാതമില്ലാത്ത എല്ലാത്തരം വികാസങ്ങളും സ്ത്രീസമൂഹത്തെ മോശമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക് ദാരിദ്ര്യം കൂടുതൽ അനുഭവപ്പെടുന്നതും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നതും ആരോഗ്യം അപകടത്തിലാവുകയും ചെയ്യുന്നത് ഇതിന്റെ ഭാഗമാണ്. ഉദാഹരണമായി വീട്ടിൽ ഭക്ഷണം ഉണ്ടാക്കുന്നതുൾപ്പെടെയുള്ള ജോലികൾ സ്ത്രീയുടെ ധാർമികബാധ്യതയാണ്. ഈ ബാധ്യത മതഗ്രന്ഥങ്ങളുൾപ്പെടെയുള്ള വിവിധ വ്യവഹാരങ്ങൾ അവളിൽ അടിച്ചേല്പിക്കുന്നതാണ്. അലിഖിതമായ നിയമങ്ങളാൽ സീമിതമാക്കപ്പെട്ട ലിംഗവിവേചനത്തിന്റെ ഉറവിടങ്ങളായി വീടുകൾ മാറുന്നതിനെ മാസി വിശദീകരിക്കുന്നത് ഭാവനാത്മകമായ

ഭൂമിശാസ്ത്രസങ്കൽപ്പനത്തിലൂടെയാണ്. പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള തൊഴിൽ വിഭജനം പലപ്പോഴും സ്ഥലപരമായ പരിഗണനകളെ അടിസ്ഥാനമാക്കിയുള്ളതാണ്. പുരുഷനേക്കാൾ കൂടുതൽ സമയം സ്ത്രീകൾ വീട്ടിൽ ചെലവഴിക്കേണ്ടിവരുന്നുണ്ട്. ഇത് ആ സ്ഥലത്തിന്റെ ഉത്തരവാദിത്തങ്ങൾ കൂടുതലായി സ്വീകരിക്കാൻ സ്ത്രീകളെ നിർബന്ധിതരാക്കുന്നു. അതിൽ സമൂഹമാധ്യമങ്ങൾക്കുള്ള പങ്കും ചെറുതല്ല. കാരണം പരസ്യങ്ങളും സിനിമകളും സീരിയലുകളും ഉൾപ്പെടെയുള്ള ജനപ്രിയമാധ്യമങ്ങൾ സ്ത്രീയെ സ്ഥാനപ്പെടുത്തുന്നത് അടുക്കള പോലെയുള്ള വീടിന്റെ അകത്തളങ്ങളിലാണ്. അവരുടെ വ്യവഹാരങ്ങളെ പരദൂഷണങ്ങളിലും കുടുംബകാര്യങ്ങളിലും പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

പൊതുമണ്ഡലമാണ് പുരുഷന്റെ ഇടമെന്നും കാര്യമാത്രപ്രസക്തമായ വിഷയങ്ങളും ബൗദ്ധികമായ ചിന്താഗതികളും വച്ചുപുലർത്തുന്നവരാണ് അവരെന്നുമുള്ള സാമാന്യവത്കരണത്തിന് നേതൃത്വം കൊടുക്കുന്നതും ഇതേ മാധ്യമങ്ങൾ തന്നെയാണ്. സ്ത്രീകളെക്കുറിച്ച് അവർക്കിടയിൽ തന്നെയും പൊതുസമൂഹത്തിലും ലിംഗപരമായ വിവേചനവും അനുബന്ധ ധാരണകളും സാങ്കല്പികമായി സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള മാസിയുടെ നിരീക്ഷണങ്ങളെ ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. വീടെന്ന പ്രാരംഭ സ്ഥാനത്തെ ഇത്തരത്തിൽ ലിംഗപരമായി പ്രശ്നവത്കരിക്കുമ്പോൾ നീതിരഹിതമായ പുരുഷാധിപത്യത്തിന്റെ ബലതന്ത്രങ്ങളാണ് വെളിവാക്കപ്പെടുന്നത്.

അമേരിക്കൻ ഫോട്ടോഗ്രാഫറും ചലച്ചിത്രകാരിയുമായ സിൻഡി ഷെർമന്റെ വ്യത്യസ്ത കഥാപാത്രങ്ങളുടെ സ്വത്വപരമായ വൈവിധ്യത്തെ ഉദ്ധരിച്ചുകൊണ്ട് സ്ത്രീ സ്വത്വത്തിന്റെ ചലനാത്മകത എത്രമേൽ പുരുഷാധിപത്യത്തിലൂന്നിയ സാമൂഹ്യാന്തരീക്ഷത്തെ അസ്വസ്ഥമാക്കുന്നുവെന്ന് മാസി വ്യക്തമാക്കുന്നുണ്ട്. കാരണം അത് സ്ത്രീകളെ സംബന്ധിച്ച സ്ഥിരവും അയവില്ലാത്തതുമായ കാഴ്ചപ്പാടിനെ വെല്ലുവിളിക്കുന്നു. ഷെർമാന്റെ വീട്ടമ്മമാർ, വേശ്യകൾ, സിനിമാതാരങ്ങൾ തുടങ്ങിയ നിരവധി വേഷപ്പകർച്ചകൾ അനവധി സ്ത്രീസ്വത്വങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. ഇത് ഒരൊറ്റ അനിവാര്യമായ സ്ത്രീ സ്വത്വം എന്ന സാമ്പ്രദായിക അസ്ഥിരപ്പെടുത്തുന്നതിനുള്ള ഒരു മാർഗമായി കാണാൻ കഴിയും. സ്ത്രീയെ സ്ഥലപരമായി സങ്കോചിപ്പിക്കുന്നതിന്റെ പ്രേരണ തന്നെ സുസ്ഥിരമായ ഒരൊറ്റ സ്വത്വത്തിലേക്ക് ഒതുക്കാനുള്ള അഭിലാഷത്തിന്റെ ഭാഗമായിട്ടാണ് എന്ന് വേണം മനസ്സിലാക്കാൻ. പുരുഷാധിപത്യം വിഭാവനം ചെയ്യുന്ന സാമൂഹികക്രമം സ്ത്രീയെ വസ്തുവത്കരിക്കുകയും നിയന്ത്രിക്കുകയും അവളുടെ വ്യക്തിത്വത്തെ സീമിതമായ നിയമങ്ങളിലേക്ക് ചിരപ്രതിഷ്ഠ നടത്തുകയും ചെയ്യുന്നതോടൊപ്പം പരിമിതമായ ഇടങ്ങളിൽ മാത്രം തുടരാൻ നിർബന്ധിക്കുന്നുമുണ്ട്. അതിനോട് വിസമ്മതിക്കുന്ന ഷെർമാന്റെ സൃഷ്ടികളിൽനിന്ന് നിർദ്ധാരണം ചെയ്യാവുന്ന സന്ദേശം "ചലിച്ചുകൊണ്ടേയിരിക്കുക!" എന്നതാണ്. ഇത് സ്ത്രീകൾക്ക് പരിമിതമായ ഇടങ്ങളിലേക്കോ സ്വത്വബോധത്തിലേക്കോ ചുരുങ്ങുന്നതിനെ ചെറുക്കാനും പുരുഷാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് അവരുടെ സാമൂഹ്യകർത്തൃത്വത്തെ ഉറപ്പിക്കാനുമുള്ള ആഹ്വാനം കൂടിയാണ്. ഇത്തരത്തിൽ പലമട്ടിലുള്ള ഇടങ്ങളിലേയ്ക്ക് പ്രയാണം ചെയ്യാനുള്ള മാസിയുടെ ആഹ്വാനം സ്ഥലപരമായ ചുരുക്കലുകളെ അതിജീവിക്കാനുള്ള സമവാക്യം കൂടിയാണ്.[13] കൂടാതെ സ്ത്രീസമൂഹത്തിന്റെ പുരോഗമനത്തിന്റെ അടിസ്ഥാനമായി അവരിടപഴകുന്ന ഇടങ്ങൾ വർത്തിക്കുന്നുണ്ടെന്നും ഇതിലൂടെ വ്യക്തമാണ്. വ്യത്യസ്ത ലിംഗസ്വത്വങ്ങൾക്ക്

ISSN: 2582 - 2594

സ്ഥലം ഒരേസമയം പരിമിതിയും സാധ്യതയുമായി മാറുന്ന പുരുഷാധിപത്യസമൂഹത്തിന്റെ ലിംഗവിവേചനത്തിന്റെ അടരുകളാണ് മാസി അനാവരണം ചെയ്യുന്നത്.

ഡോറീൻ മാസിയുടെ സൈദ്ധാന്തിക സമീപനങ്ങളിലൂടെ ദലിത് സ്ത്രീസാഹിത്യത്തെ പുനരാലോചിക്കുമ്പോൾ സ്ഥലമെന്നത് നിഷ്പക്ഷമായൊരു പശ്ചാത്തലമല്ലെന്നും അവ ലിംഗാധിപത്യത്തിന്റെ ഇടപെടലുകളിലൂടെ സജീവമായി ഉൽപ്പാദിപ്പിക്കപ്പെടുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണെന്നും വ്യക്തമാവുന്നുണ്ട്. മാത്രമല്ല കീഴാളമുന്നേറ്റചരിത്രത്തിൽ സ്ത്രീകൾ നടത്തിയ നിരവധി ചെറുത്തുനിൽപ്പുകൾ പരിഗണിക്കപ്പെടാതെ പോയിട്ടുമുണ്ട്. ഉദാഹരണമായി ഇന്ത്യയിലെ ആദ്യ ബിരുദധാരിയായ ദാക്ഷായണി വേലായുധൻ പൊതുനിരത്തിൽ അന്തസ്സായി നിവർന്നു നടന്ന ചരിത്രമുണ്ട്. അവരെക്കണ്ട സവർണ്ണർ മാറി നടന്നുവെന്നത് മറ്റൊരു വസ്തുത.[14] ജാതീയതയെ വെല്ലുവിളിക്കാനും മനുഷ്യാന്തസ്സിന് അർഹരും പ്രാപ്തരുമെന്നു തെളിയിക്കാനും പൊതുനിരത്തിലൂടെയുള്ള സഞ്ചാരമാണ് ദാക്ഷായണി വേലായുധൻ തിരഞ്ഞെടുത്തത്. അത് ഒരേ സമയം ജാതിയേയും പുരുഷാധിപത്യത്തെയും കൂടിയാണ് പ്രതിരോധിക്കുന്നത്. പൊതുവഴി എന്നത് പൊതുമണ്ഡലമാവുകയും ദലിത് സ്ത്രീ അതിൽ നിർണ്ണായകമായി ഇടപെടുകയും സമൂഹമധ്യത്തിൽ തന്റെ സ്വത്വബോധത്തിലുറച്ച് നിൽക്കുകയും ജാതിബന്ധങ്ങളെയും അതിലെ ലിംഗബന്ധങ്ങളെയും നിർവീര്യമാക്കുകയും ചെയ്യുന്നു. ദൈനംദിനജീവിതത്തിലെ അപ്രസക്തമെന്ന് തോന്നാവുന്ന ഒരു ചെറിയ പ്രവർത്തി ഒരു വലിയ പ്രതിരോധമായി മാറുന്നതിനെ സംബന്ധിച്ച അവബോധമുണ്ടാക്കാൻ മാസിയുടെ ചിന്തകൾ വഴിയൊരുക്കുന്നു. വീടെന്ന സീമിതമായ അടച്ചിരിക്കലുകളിൽ നിന്ന് പുറത്തിറങ്ങി നടക്കാനും സധൈര്യം സാമൂഹ്യാധിപത്യങ്ങളെയും ലിംഗവിവേചനങ്ങളെയും പ്രതിരോധിക്കാനുള്ള സ്ത്രീസമൂഹത്തിന്റെ ശേഷിയെക്കുറിച്ച് ബോധ്യപ്പെടണമെങ്കിൽ ഇത്തരത്തിലുള്ള സ്ഥലപരമായ ചെറുത്തുനിൽപ്പുകളെ അവരുടെ അനുഭവമണ്ഡലങ്ങളിൽ നിന്നും കണ്ടെടുക്കേണ്ടതും, ഒപ്പം അവയെക്കൂടി ചരിത്രമാക്കേണ്ടതുണ്ട്.

ലിംഗഭേദം, വംശം, വർഗ്ഗം, ജാതി തുടങ്ങിയ ബഹുസ്വരമായ സാമൂഹികബന്ധങ്ങളിലൂടെ രൂപപ്പെട്ട് വരുന്ന സ്ഥലസങ്കല്പത്തെ വിമർശനാത്മകമായി നോക്കിക്കാണുന്ന മാസിയുടെ ചിന്താപദ്ധതികൾ ജാതിയിലെ ലിംഗബന്ധങ്ങളിലെ സങ്കീർണ്ണതകളെ ബോധ്യപ്പെടുത്തുന്നുണ്ട്. ജാതിയെന്നത് സാമൂഹികമോ സാംസ്കാരികമോ ആയൊരു വ്യവസ്ഥ മാത്രമല്ലെന്നും മറിച്ച് അതൊരു സ്ഥലവ്യവസ്ഥ കൂടിയാണെന്നുമുള്ള വസ്തുത തന്നെയാണ് ദലിത് സാഹിത്യത്തിലെ സ്ത്രീവാദപരമായ ആഖ്യാനങ്ങൾ തെളിയിക്കുന്നതും. ജാതിനിലയ്ക്ക് അനുസരിച്ച് ഇടപാടുകളും ആഹാരവും സഞ്ചാരവും വസ്ത്രധാരണവുമുൾപ്പെടെ ശ്രേണീബദ്ധമായി നടത്തുന്ന സാമൂഹ്യസംവിധാനത്തിൽ ലിംഗഭേദത്തിന്റെ അധിക ബാധ്യതകൾ കൂടി സ്ത്രീകൾ നേരിടുന്നുണ്ട്. സൃഷ്ടിക്കുന്ന ജാതിയുടെയും ലിംഗഭേദത്തിന്റെയും സ്ഥലപരമായ അസമത്വങ്ങളെ പ്രശ്നവത്കരിക്കുന്ന ഡോറീൻ മാസി ദലിത് ഫെമിനിസ്റ്റ് രചനകളുടെ അനുഭവമണ്ഡലത്തെ സംബന്ധിച്ച സ്ഥലപരമായ ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. ദലിത് സ്ത്രീകൾക്ക് സ്ഥലം അടിച്ചമർത്തലിന്റെയും വൈകാരിക ആഘാതങ്ങളുടെയും സ്ഥാനമായി മാറുന്നതിലെ സാമൂഹ്യവ്യവസ്ഥയുടെ പങ്ക് ഇനിയും അന്വേഷിക്കപ്പെടേണ്ടതാണെന്നും മാസി തെളിയിക്കുന്നു.

ഉപസംഹാരം

സ്ഥലമെന്ന സങ്കല്പം നിരവധിയായ വിവക്ഷകളിലൂടെ ചരിത്രങ്ങളിലൂടെ കടന്നുപോയിട്ടുള്ള ഒരാശയമാണ്. ഹെൻറി ലഫബ്രെയിൽ നിന്നാരംഭിച്ച ഈ സൈദ്ധാന്തിക സമീപനം ഡേവിഡ് ഹാർവ്വെ, എഡ്‌വേഡ് സോജ, ഹോമി കെ. ഭാഭ, ഡോറീൻ മാസി എന്നിവരിലൂടെ ബഹുശിലാത്മകമായ ആശയലോകങ്ങളിലേയ്ക്ക് സ്ഥലഭാവനയെ ചേർത്ത് വയ്ക്കുകയുണ്ടായി. ലിംഗഭേദം, വംശം, വർഗ്ഗം, ജാതി തുടങ്ങിയ നിരവധി ഘടകങ്ങളും സ്ഥലസങ്കൽപ്പത്തെ കൂടുതൽ പ്രശ്നവത്കരിച്ചു. അതിൽ പാശ്ചാത്യമായ സൈദ്ധാന്തികസമീപനങ്ങളെയും പാശ്ചാത്യേതരമായ പോസ്റ്റ് കോളോണിയലിസ്റ്റ് വിചാരങ്ങളെയും തന്റെ സിദ്ധാന്തത്തിലൂടെ സമന്വയിപ്പിച്ച എഡ്വേർഡ് സോജയും സ്ഥലസങ്കല്പങ്ങളിലെ ലിംഗഭേദങ്ങളെക്കുറിച്ച് അന്വേഷിച്ച ഡോറീൻ മാസിയും സ്ഥലപഠനങ്ങളിൽ ഗുണകരമായ ദിശാവ്യതിയാനത്തെ അടയാളപ്പെടുത്തുന്നു. ഇന്ത്യയിലെ ദലിത് ആത്മകഥകളെ പഠനവിധേയമാക്കാനും അതിലൂടെ അവരനുഭവിക്കുന്ന ജാതീയവും ലിംഗപരവുമായ പാർശ്വവത്കരണങ്ങളെ തിരിച്ചറിയാനും വിശകലനം ചെയ്യാനും സ്ഥലപഠനങ്ങൾ സഹായകരമാണ്. സാമൂഹ്യമായി നിർമിക്കപ്പെട്ട ഇടങ്ങളെയും അതിന്റെ ഭൗതികമായ സവിശേഷതകളെയും അതിൽ നിന്നുണ്ടാവുന്ന അനുഭവങ്ങളെയും വൈകാരികതലങ്ങളെയും ഉൾപ്പെടെ വിശകലനം ചെയ്യാൻ മേൽപ്രസ്താവിച്ച സിദ്ധാന്തങ്ങൾ അനുകൂലമാണെന്ന് സൂക്ഷ്മമായ അന്വേഷണത്തിൽ ബോധ്യപ്പെടും. ലോകത്തെവിടെയും പാർശ്വവത്കരിക്കപ്പെടുന്നതിന്റെ യുക്തികൾ തമ്മിൽ അസാമാന്യമായ ചേർച്ചകളുണ്ടെന്നത് ദലിത് ആത്മകഥകളുടെ സ്ഥലപരമായ വിശകലനം തെളിയിക്കുന്നുണ്ട്.

ചേരികളിലോ ഗ്രാമത്തിന്റെ വെളിമ്പുറങ്ങളിലോ ജീവിക്കുന്ന നിയമാനുസാരിയല്ലാത്ത പാർപ്പിടങ്ങളും ക്രമരഹിതവും ഞെരുക്കമുള്ളതും വൃത്തിഹീനവുമായ പരിതഃസ്ഥിതികളുമുള്ള അധഃസ്ഥിതരായ മനുഷ്യർ ഇടപഴകുന്ന ഇടങ്ങളെല്ലാം വിവേചനവും ഹിംസയും നിറഞ്ഞതാണെന്ന് ലഫെബ്രയുടെയും സോജയുടെയും സ്ഥലപരമായ വിശകലനങ്ങൾ തെളിയിക്കുന്നുണ്ട്. അത്തരം ഇടങ്ങളെ പരിവർത്തിപ്പിക്കാനും സ്ഥലനീതി (spatial Justice) ഉറപ്പിച്ചെടുക്കാനുമുള്ള സാധ്യതയാണ് തൃതീയ സ്ഥലസിദ്ധാന്തം. ജാതിപദവികൊണ്ട് മാത്രം അടിസ്ഥാനാവശ്യങ്ങൾ പോലും നിഷേധിക്കപ്പെടുന്ന ജനസമൂഹങ്ങളുടെ ആത്മാവിഷ്കരണങ്ങളെന്ന ദലിത് ആത്മകഥകൾ മുന്നോട്ട് വയ്ക്കുന്ന അനുഭവലോകങ്ങളുടെ സ്ഥലപരമായ വിശകലനത്തിൽ സ്ഥലനീതി, ഇടങ്ങൾക്കുള്ളിലെ ഇടങ്ങൾ (In-between Spaces) എന്നിങ്ങനെയുള്ള ആശയങ്ങൾ ഏറെ ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. ദലിത് സ്വത്വങ്ങളെ രൂപപ്പെടുത്തുന്നതിൽ സ്ഥല-കാല അനുഭവങ്ങൾക്കുള്ള സ്വാധീനത്തെ സോജയുടെ സ്ഥലപരത (Spatiality) അഭിസംബോധന ചെയ്യുന്നുണ്ട്. മനുഷ്യരുടെ സ്വത്വബോധത്തെയും അനുഭവമണ്ഡലത്തെയും ലോകവീക്ഷണത്തെയും നിർമ്മിച്ചെടുക്കുന്ന നിർണ്ണായക ഘടകമാണ്. സ്ഥലം ദലിത് ജീവിതങ്ങളെ പരിമിതപ്പെടുത്തുകയും അപരവത്കരിക്കുകയും ചെയ്യുന്നു. സോജയുടെ സൈദ്ധാന്തിക അടിത്തറ അടിസ്ഥാനപരമായി ബഹിഷ്കൃതലോകങ്ങളോട് ഐക്യപ്പെടുന്ന ഒന്നാണ്. അതിന്റെ തുറന്ന ഘടനയും യുക്തിയുക്തമായ വിശകലന വിവക്ഷകളും വിവിധ വിഷയമേഖലകളിലേക്ക് ഇതിനോടകം സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട് (പ്രത്യേകിച്ചും സാഹിത്യം). സ്ഥലഭാവനയിലെ ലിംഗഭേദങ്ങളെ സംബന്ധിച്ച ഡോറീൻ മാസിയുടെ സിദ്ധാന്തങ്ങൾ ലിംഗപരമായ വിവേചനങ്ങളെ

 ISSN: 2582 - 2594

വിമർശനാത്മകമായി നോക്കിക്കാണുന്നുണ്ട്. സ്ഥലമെന്നത് ലിംഗബന്ധങ്ങളാൽ രൂപപ്പെടുന്ന ഒന്നാണെന്ന മാസിയുടെ വാദങ്ങൾ സ്ഥലസിദ്ധാന്തങ്ങളിൽ തന്നെയും വിപ്ലവകരമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്.

സ്ഥലഭാവനകൾ അധികാരബന്ധങ്ങളുടെ ഉത്പന്നങ്ങളാണ്. അവയെ പഠനവിധേയമാക്കുന്നതിലൂടെ അധികാരനിർമ്മിതിയുടെ നീതികേടുകളെയും പൊതുബോധ്യങ്ങളെയും തുറന്നുകാണിയ്ക്കാനും സാഹിത്യം പ്രതിരോധങ്ങളുടെ ഉദാത്ത മാതൃകയായി എങ്ങനെ മാറിത്തീരുന്നുവെന്ന് മനസിലാക്കാനും ഈ സിദ്ധാന്തങ്ങളിലൂടെ സാധിക്കും. സാമൂഹ്യവ്യവസ്ഥയുടെ പ്രതിഫലനമായി മാറുന്ന ദലിത് സാഹിത്യമേഖലയുടെ ആധികാരികതയും പ്രസക്തിയും ഉറപ്പിച്ചെടുക്കാനും വിമർശനാത്മകമായ ജ്ഞാനോൽപ്പാദനം (Critical Knowledge Production) അനിവാര്യമാണ്. സ്ഥലവിചിന്തനം അതിനുവേണ്ടി പ്രയോജനപ്പെടുത്താവുന്ന സൈദ്ധാന്തിക അടിത്തറയാണെന്ന് അത് സംബന്ധിച്ച വൈജ്ഞാനിക ചർച്ചകൾ ബോധ്യപ്പെടുത്തുന്നുണ്ട്.

കുറിപ്പുകൾ

1 ഡേവിഡ് ഹാർവ്വേയാണ് അത്തരമൊരു പ്രയോഗം നടത്തുന്നത്. അദ്ദേഹത്തിന്റെ രചനകൾ പാരമ്പര്യ മാർക്സിസ്റ്റ് രീതികളിൽ നിന്ന് ഭിന്നമാണെങ്കിലും അത് വർഗവിശകലനത്തിലാണ് ഉറച്ച് നിൽക്കുന്നതെന്നും ആധികാരികമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. David Harvey, Spaces of Hope, University of California Press, Berkeley, 2000, P 122

2 The Location of Culture (1994), Nation and Narration (1990), The Postcolonial Critic (1994) ഈ മൂന്ന് പുസ്തകങ്ങളിലായാണ് THIRD SPACE എന്നതിനെ സംബന്ധിച്ച ചർച്ചകൾ കാണാൻ സാധിക്കുന്നത്. ഏകശിലാത്മകമായ സാംസ്കാരിക ഭാവനയെ എതിർക്കുകയും വൈവിധ്യവും കലർപ്പുകളും നിറഞ്ഞ ചേർന്നിരിപ്പുകളുടെ ഇടങ്ങളെ വീണ്ടെടുക്കുകയുമാണ് ഭാഭാ ചെയ്യുന്നത്. സോജയുടെ ആശയലോകത്തോട് ചേർന്നുനിൽക്കുന്ന അദ്ദേഹത്തിന്റെ സൈദ്ധാന്തിക സമീപനങ്ങൾ കൂടി തൃതീയ സ്ഥലസിദ്ധാന്തത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

3 "Both Homi Bhabha's (1994) and Edward Soja's (1996) conceptualizations of Third Space were included in this study and their specific contributions to the theory" Brittani Kalyani Roy, Cultural Identity and Third Space: An Exploration of their Connection in a Title I School, Arizona State University, August 2017, P 25

4 "A space where the negotiation of meaning and representation takes place between different cultural and social groups" Homi K. Bhabha, The Location of Culture, Routledge, UK, 1994, P 37.

5 "social space can be seen, as can the physical and mental space, as 'simultaneously real and imagined, concrete and abstract, material and metaphorical', Soja, Edward W. Thirdspace: Journeys to Los Angeles and Other Real-and-Imagined Place". Soja, Edward, Thirdspace: Journeys to Los Angeles and Other Real-and-Imagined Places, BlackWell Publishers, UK 1996, P 65

6 കൊച്ച് കെ കെ, ദലിതൻ, ഡിസി ബുക്സ്, കോട്ടയം, 2019, പുറം 87

7 Soja, Edward, Thirdspace: Journeys to Los Angeles and Other Real-and-Imagined Places, BlackWell Publishers, UK 1996, P 97

8 Theorizing Patriarchy എന്ന ലേഖനത്തിൽ സ്ത്രീകളുടെ തൊഴിലിനെ സ്ഥലപരമായി വിശകലനം ചെയ്യുന്നിടത്ത് ഗാർഹികവൃത്തികളും സേവനങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിർബന്ധിതരാവുന്നു എന്നും വീട് എന്ന പരിമിത ഇടത്തിലേക്ക് ചുരുങ്ങിപ്പോവുന്നുവെന്നും സിൽവിയ

വാൽബി പ്രസ്താവിക്കുന്നുണ്ട്. മാത്രമല്ല തൊഴിലുള്ള സ്ത്രീകൾ പോലും പുരുഷനേക്കാൾ കൂടുതൽ സമയം വീട്ടിലും അടുക്കളയിലും ചെലവഴിക്കുന്നുണ്ടെന്നും അവർ കൂട്ടിച്ചേർക്കുന്നുണ്ട്. ഇത് തൊഴിലിന്റെ സ്ഥലപരമായ വിഭജനത്തിലെ ലിംഗഭേദത്തെയാണ് കാണിക്കുന്നത്. Sylvia Walby: Sociology, Sage Publishers, May 1989, Vol. 23, No. 2, P 215

9 Elizabeth Grosz, Space, Time and Perversion, 1995, Routledge, ISBN-0415099848

10 "This formulation is deliberate. The concern is not with the geography of women but with the construction of gender and gender relation", Doreen Massey, Space, Place and Gender, University of Minnesota Press Minneapolis, 2001 (3rd edition), P 12

11 എഡ്വേർഡ് സെയ്ദാണ് ഓറിയന്റലിസം എന്ന പുസ്തകത്തിൽ സാങ്കല്പിക ഭൂമിശാസ്ത്രം എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ചില ഗ്രന്ഥങ്ങളിലൂടെയോ കൽപ്പനകളിലൂടെയോ സവിശേഷമായ വ്യവഹാരങ്ങളിലൂടെയോ ഏതെങ്കിലുമൊരു പ്രത്യേക ഇടത്തെക്കുറിച്ച് ഉണ്ടായിവരുന്ന ധാരണയെയാണ് സാങ്കല്പിക ഭൂമിശാസ്ത്രം അല്ലെങ്കിൽ ഭാവനാത്മക ഭൂമിശാസ്ത്രമെന്ന് വ്യവഹരിക്കുന്നത്. സാമൂഹിക നിർമ്മാണത്തിന്റെ ഭാഗമായിട്ടാണ് സാങ്കല്പിക ഭൂമിശാസ്ത്രവും ഉടലെടുക്കുന്നത്. പാശ്ചാത്യർ പൗരസ്ത്യരെക്കുറിച്ച് ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്ന ധാരണകളെ മുൻനിർത്തിയാണ് സെയ്ദ് ഭാവനാത്മക ഭൂമിശാസ്ത്രമെന്ന സങ്കൽപ്പനത്തെ വിശദീകരിക്കുന്നത്. സാങ്കൽപ്പിക ഭൂമിശാസ്ത്രം ആധിപത്യം ഉറപ്പിച്ചെടുക്കുന്നതിനുള്ള ഉപാധി കൂടിയായി പരിവർത്തിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്. അരികുവത്കരണത്തിന്റെ ഇടങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ ഭൂമിശാസ്ത്രസങ്കല്പനത്തിനു പങ്കുണ്ടെന്നും കാണാം. ബ്രിട്ടീഷ് ഭൂമിശാസ്ത്രജ്ഞനായ ഡെറിക് ഗ്രിഗറിയും ഡോറീൻ മാസിയും ഇതിനെക്കുറിച്ച് കൂടുതലായി വിശദീകരിക്കുന്നുണ്ട്.

12 Doreen Massey, Space, Place and Gender, University of Minnesota Press Minneapolis, 2001 (3rd edition), P 2

13 "The mobility of Cindy Sherman's identity is troubling to the patriarchal gaze; Owen's comment about 'the masculine desire to fix the woman in a stable and stabilizing identity' ('Flexible sexism') may be tied in with a desire to fix in space and place. One gender-disturbing message might be - in terms of both identity and space - keep moving!", Doreen Massey, Space, Place and Gender, University of Minnesota Press Minneapolis, 2001 (3rd edition), P 11

14 മീര വേലായുധൻ/കെ പി സേതുനാഥ്, കായൽ സമ്മേളനവും ഹിന്ദുത്വവും, 2014, മാതൃഭൂമി ആഴ്ചപ്പതിപ്പ് ഫെബ്രുവരി 23, പുറം 26

ഗ്രന്ഥസൂചി

- അനിൽ കെ എം, ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രാതിഭാസികത, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2018
- എം. ആർ രേണുകുമാർ, മുഴുസൂര്യനാവാനുള്ള ശ്രമങ്ങൾ, സൈകതം ബുക്സ്, കോതമംഗലം, 2013
- ഓം പ്രകാശ് വാല്മീകി, പി. എ ഹമീദ്(വിവ), ജൂഠൻ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1997
- കൊച്ച് കെ കെ, ദലിതൻ, ഡിസി ബുക്സ്, കോട്ടയം, 2019
- ബാമ, ഷൈലജ രവീന്ദ്രൻ (വിവ), ഡി സി ബുക്സ്, കോഴിക്കോട്, 2008
- നാഗരാജ് ബി. ആർ, ജ്വലിക്കുന്ന പാദങ്ങൾ, മനോജ് കുമാർ പി. എസ്. (വിവ) എസ്. പി. എസ്. എസ്, കോട്ടയം, 2018
- പ്രദീപൻ പാമ്പിരിക്കുന്ന്, പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ, സുനിൽ പി ഇളയിടം, അനിൽ കെ എം (സമാഹരണം, ആമുഖം), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 2020

 ISSN: 2582 - 2594

ലേഖനങ്ങൾ

- മീര വേലായുധൻ/കെ പി സേതുനാഥ്, കായൽ സമ്മേളനവും ഹിന്ദുത്വവും, (അഭിമുഖം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 23, 2014
- സുനിൽ പി ഇളയിടം, ഖബർ നോവലിന്റെ അവതാരിക, ഡിസി ഓൺലൈൻ, ഒക്ടോബർ7, 2020, https://www. dcbooks.com/study-on-kr-meeras-new-novel-qabar-by-sunil-p-ilayidom. html
- കൊച്ച് കെ. കെ, ഇപ്പോൾ ഇടപെട്ടില്ലെങ്കിൽ ഈ സമരം തോൽക്കും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂലായ് 7, 2013
- സെലീന പ്രക്കാനം/ജെ ദേവിക(അഭിമുഖം), പ്രാർഥനാബുദ്ധനല്ല പ്രയോജനബുദ്ധനാണ് പ്രചോദനം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് 30, 2014

BOOKS

- Andrew. Habana Hafner, Production of Third Space For Immigrant English Language Learners: (RE)Negotiating Identity and Discourse In the secondary, Doctor of Education (EdD), Language, Literacy and Culture Program Department of Teacher Education and Curriculum Studies School of Education, Feb 2012, https://doi.org/10. 7275/tzw3-3a16
- Brittani Kalyani Roy, Cultural Identity and Third Space: An Exploration of their Connection in a Title I School, Arizona StateUniversity, August 2017
- David Harvey, Spaces of Capital-Towards a Critical Geography, Routledge, New York, ISBN 0-415-93240-8 - ISBN 0-415-93241-6, 2001
- Spaces of Hope, University of California Press, California Studies in Critical Human Geography, ISBN -0520225783, 9780520225787, 2000
- Spaces of Global Capitalism, Verso Publication, New York ISBN 1844670651, 9781844670659, 2006
- Spaces of Capital-Towards a Critical Geography, Routledge, New York, ISBN 0-415-93240-8 - ISBN 0-415-93241-6, 2001
- Derek Gregory Ron Johnston Geraldine Pratt Michael J. Watts and SarahWhatmore, The Dictionary of Human Geography(5th Edition), Blackwell Publishers,, 2009, UK
- Doreen Massey, Space, Place and Gender(3rd edition), University of Minnesota Press Minneapolis, 2001
- Elizabeth Grosz, Space, Time and Perversion, 1995, Routledge, ISBN-0415099848
- Henri Lefebvre, Donald Nicholson-Smith(Trans.), The Production of Space, Basil Blackwell, Cambridge, USA, 1991
- Holly Prescott, Rethinking Urban Space in Contemporary British Writing, Department of English, University of Birmingham, 2011
- Homi K. Bhabha, The Location of Culture, Routledge, UK, 1994
- Jill Ingham, The Function of Physical Space in The Cuben Novel of The 1950s, LAP Lambert Academic Publishing, 2011, ISBN: 9783846504253, 3846504254
- John Marx, University of California, Cambridge University Press, Online ISBN:9781139097154, https://doi.org/10. 1017/CBO9781139097154., 2012

- Judith Butler, Gender Trouble: Feminism and the Subversion of Identity, 1990, Routledge, 041590388X
- Nivesjö, S, Dis-placed Desires: Space and Sexuality in South African Literature (Doctoral dissertation, Department of English, Stockholm University), ISBN: 978-91-7911-018-5, 2020
- Sara Upstone, Spatial Politics in the Postcolonial Novel, Routledge, New York ISBN 9781138265837, 2016 (second edition, first published on 2009 by Ashgate Publishing)
- Soja, Edward, Thirdspace: Journeys to Los Angeles and Other Real-and-Imagined Places, BlackWell Publishers, UK 1996, P 11
- Tamara Ashley, Alexis Weedon (Editors), Developing a Sense of Place: The Role of the Arts in Regenerating Communities, UCL Press, 2020 Open JSTOR Collection.

ARTICLE

- Joakim Lindgren, Spaces of social inclusion and exclusion A spatial approach to education restructuring and identity in Sweden, Education Inquiry, Vol. 1, No. 2, June 2010
- Justin Williams, Toward a Theory of Spatial Justice, Annual Meeting of the Western Political Science Association Los Angeles, CA "Theorizing Green Urban Communities" Panel Thursday, March 28, 2013
- Rick Allen, What Space Makes of Us: Thirdspace, Identity Politics, and Multiculturalism, Paper presented at the American Educational Research Association Conference Chicago, Illinois March 28, 1997
- Sylvia Walby, Theorizing Patriarchy, Sociology, Sage Publishers, May 1989, Vol. 23, No. 2.

YOUTUBE

- Dr. Krishanan Romina (Asst. Proffesor JNU), Lecture on Space and Territory, Consortium for educational communication, An Inter University Centre of UGC on Electronic Media 2017

ബൈബിളും മലയാളഭാവനയും
സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകത്തിൽ'

ടെജി കെ. തോമസ്
അസി. പ്രൊഫസർ
മലയാളവിഭാഗം
ക്രൈസ്റ്റ് കോളേജ്
ഇരിങ്ങാലക്കുട
Email: tejikt@christcollegeijk.edu.in

സംഗ്രഹം

ഇതിഹാസ പുരാണങ്ങളും തുടർന്ന് രൂപംകൊണ്ട ചിന്താധാരകളും മലയാള സാഹിത്യത്തിൽ ഒട്ടും ചെറുതല്ലാത്ത സ്വാധീനം ചെലുത്തിയിട്ടുണ്ട്. കഥകളും ഉപകഥകളും കവിതകളും നോവലും നാടകവും മറ്റ് സാഹിത്യരൂപങ്ങളുമായി പലമട്ടിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അത്രമേൽ തന്നെ ലോകത്ത് പഠിക്കപ്പെടുകയും വിവർത്തനം ചെയ്യപ്പെടുകയും സ്വാധീനിക്കപ്പെടുകയും ചെയ്തിട്ടുള്ള മതഗ്രന്ഥമാണ് ബൈബിൾ. മതാത്മകമായ നിരവധി സാഹിത്യരൂപങ്ങളായിരുന്നു ആദ്യകാലത്ത് ബൈബിളിനെ പിൻപറ്റി രൂപംകൊണ്ടത്. ഭക്തിയും ആത്മീയതയും വളർത്തുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. പിൽക്കാലത്ത് മതേതരമായ സാഹിത്യ രൂപനിർമ്മിതിയിലും ബൈബിളിനെ ഉപജീവിക്കാൻ തുടങ്ങി. നോവലും കഥയും കവിതകളുമായി സർഗാത്മക സാഹിത്യത്തിൽ ബൈബിൾ കടന്നുവന്നു. ബൈബിൾ ഇതിവൃത്തങ്ങളും ദർശനങ്ങളും സാഹിത്യം വിഷയവൽക്കരിച്ചു. ലോകസാഹിത്യത്തിലാണെങ്കിൽ ടോൾസ്റ്റോയ്, ദസ്തയോവിസ്കി വിക്ടർഹ്യൂഗോ തുടങ്ങിയവരുടെ കൃതികളിൽ ബൈബിൾ സ്വാധീനം കണ്ടെത്താൻ കഴിയും. മലയാളസാഹിത്യകൃതികളിലും ബൈബിൾപ്രമേയം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മലയാളസാഹിത്യത്തിൽ സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകം' എന്ന കൃതിയെ മുൻനിർത്തി ബൈബിൾ ഭാവനയെ അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

താക്കോൽവാക്കുകൾ: ബൈബിൾഭാവന. സാഹിത്യരൂപനിർമ്മിതി, ബൈബിൾപ്രമേയം, മതേതരസാഹിത്യം, മതാത്മകസാഹിത്യരൂപം.

ബൈബിളും മലയാളസാഹിത്യവും

മലയാളസാഹിത്യത്തിൽ ബൈബിളിന്റെ സ്വാധീനം കാണുന്നത് ക്രിസ്ത്യൻ നാടോടി ഗാനങ്ങളിലാണ്. വാമൊഴിയായി പകർന്നുകിട്ടിയ ഇത്തരം ഗാനങ്ങളുടെ കർത്താവ് ആരാണെന്ന് കൃത്യമായ തെളിവുകൾ ഇല്ല. മാർഗംകളിപ്പാട്ട്, റമ്പാൻപാട്ട്, വട്ടക്കളിപാട്ട്, മംഗല്യ ഗീത, മാർത്തോമൻ പാട്ട് എന്നിവയിലെല്ലാം ബൈബിൾ ദർശനങ്ങൾ കണ്ടെത്താൻ കഴിയും. ബൈബിൾ മലയാളഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിനു മുൻപ് വാമൊഴിയായി പള്ളികളിൽനിന്നും പള്ളിക്കൂടങ്ങളിൽനിന്നും പകർന്നുകിട്ടുന്ന കേട്ടറിവിന്റെ വെളിച്ചത്തിലായിരിക്കണം ഇത്തരം പാട്ടുകളിൽ ബൈബിൾസ്വാധീനം കടന്നുവരുന്നത്. തുടക്കത്തിൽ ബൈബിളിനെ മുൻനിർത്തി സാഹിത്യസപര്യയിൽ ഏർപ്പെട്ടവർ മിഷനറിമാരായിരുന്നു. പിന്നീട് സ്വദേശികളായ വൈദികരും സാഹിത്യകൃതികളുടെ രചനയിൽ ഏർപ്പെട്ടു. ക്രൈസ്തവ സാഹിത്യം എന്നൊരു സാഹിത്യസരണി മലയാളത്തിൽ രൂപംകൊള്ളാൻ ഇത് അവസരമൊരുക്കി.

പ്രതിഭാധനരായ ഒട്ടേറെ ക്രൈസ്തവർ ബൈബിളിനെയും അതിലെ ആശയങ്ങളെയും വചനങ്ങളെയും ഇതിവൃത്ത കഥാപാത്രങ്ങളെയും മുൻനിർത്തി ആവിഷ്കരണങ്ങൾ നടത്തി. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ 'ആത്മാനുതാപം', 'അനസ്താസ്യയുടെ രക്തസാക്ഷ്യം', 'ധ്യാനസല്ലാപങ്ങൾ', 'ഇടയനാടകങ്ങൾ' എന്നിവയും തകിടിയേൽ മാത്തൻ ഇട്ടിയവിരയുടെ 'വിസ്മയ സ്വയംവരം', 'ഉദയകീർത്തനം' എന്നിവയും കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ 'എബ്രായകുട്ടി', 'കീർത്തനമാല' എന്നിവയ്ക്കൊപ്പം ബൈബിളിലെ കാവ്യാത്മക സന്ദർഭങ്ങളെ മുൻനിർത്തി മഹാകാവ്യങ്ങളും രചിക്കപ്പെട്ടു. കട്ടക്കയം ചെറിയാൻ മാപ്പിളയുടെ 'ശ്രീയേശുവിജയം' (1926) എന്ന മഹാകാവ്യ രചനയോടെ അപ്രാപ്യമെന്നു കരുതിപ്പോന്നിരുന്ന ഒരു വിഷയത്തെ കാവ്യാത്മക രൂപത്തിലാക്കാം എന്ന് തിരിച്ചറിഞ്ഞു. ഈ കൃതി ബൈബിൾ മഹാകാവ്യപ്രസ്ഥാനത്തിന്റെ അഗ്രിമസ്ഥാനത്തെയാണ് അലങ്കരിക്കുന്നത്.

ഉല്പത്തിപുസ്തകത്തിന്റെ കാവ്യാവിഷ്കാരമാണ് കെ.വി സൈമന്റെ 'വേദവിഹാരം'. 1931ൽ പുറത്തിറങ്ങിയ വേദവിഹാരത്തിൽ രണ്ടായിരത്തിൽപരം ഈരടികൾ ഉണ്ട്. പ്രപഞ്ചത്തിന്റെ ഉല്പത്തിമുതൽ യേശുവിന്റെ മരണത്തിൽ കാവ്യം അവസാനിക്കുന്നു. ഏദൻതോട്ടത്തിലെ ആദം ഹവ്വമാരുടെ ജീവിതം, പാപം, പറുദീസാനഷ്ടം, തുടർന്നുണ്ടാകുന്ന വൈകാരിക അവസ്ഥകൾ എന്നിവയെ കാവ്യത്തിൽ പ്രതിപാദിക്കുന്നുണ്ട്. പി.എം ദേവസ്യയുടെ 'ഇസ്രായേൽവംശം' (1952), 'മഹാപ്രസ്ഥാനം'(1966), 'രാജാക്കന്മാർ' (1982) എന്നീ മഹാകാവ്യങ്ങൾക്ക് ആധാരമായത് ബൈബിൾ പഴയനിയമമാണ്. ദൈവജനമായ ഇസ്രായേലിന്റെ അധിപനായ അബ്രഹാമിൽ തുടങ്ങി യൗസേഫിൽ അവസാനിക്കുന്ന വംശപരമ്പരയുടെ ജീവിതകഥയാണ് ഇസ്രായേൽ വംശം. സന്മാർഗ്ഗോപദേശത്തിന് സമുചിതമായ ഒരു കഥയെ തിരഞ്ഞെടുക്കുന്നതിനും മറ്റുള്ളവർക്ക് നേർവഴി കാണിച്ചുകൊടുക്കുന്നതിനും കഴിയത്തക്കവിധം ബഹുമുഖങ്ങളായ ധർമ്മ മർമ്മങ്ങളെ കാവ്യശൈലിയോട് ചേർത്ത് നിബന്ധിക്കുന്നതിലും ഗ്രന്ഥകർത്താക്കൾ നല്ല വിജയം നേടി. അതിന്റെ ഉത്കർഷം ഈ കാവ്യത്തിൽ ഏതുഭാഗത്തിലും കാണാൻകഴിയും.

ഫറവോന്റെ അടിമത്തത്തിൽനിന്നും സ്വതന്ത്രരായി ഇസ്രായേൽ മോശയുടെ നേതൃത്വത്തിൽ കാനാനിലേക്ക് ചെയ്ത യാത്രയാണ് 'മഹാപ്രസ്ഥാനം'. 1965ൽ പുത്തൻകാവ് മാത്തൻ തരകന്റെ 'വിശ്വദീപം' എന്ന കൃതി രൂപംകൊണ്ടു. ഇതിൽ പഴയനിയമത്തിൽനിന്നും പുതിയ

ISSN: 2582 - 2594

നിയമത്തിൽനിന്നും സ്വീകരിച്ചിട്ടുണ്ട്. രാമായണകർത്താവായ എഴുത്തച്ഛന്റെ രീതിയെ ഈ കൃതി പിൻപറ്റുന്നു. രാമായണത്തെ എഴുത്തച്ഛൻ കാണ്ഡങ്ങളായി വിവരിച്ചിരിക്കുന്നതുപോലെ വിശ്വദീപത്തെ ഉദയകാണ്ഡം, ബാലകാണ്ഡം, യോഗകാണ്ഡം, കർമ്മകാണ്ഡം, ത്യാഗകാണ്ഡം എന്നിങ്ങനെ അഞ്ചുകാണ്ഡങ്ങളായി തിരിച്ചിരിക്കുന്നു. കാവ്യം 7000ത്തിൽപരം ഈരടികൾ ഉൾക്കൊള്ളുന്നു. ഉദയകാണ്ഡം പഴയനിയമസൃഷ്ടി മുതൽ ക്രിസ്തുവിന്റെ ജനനം വരെയുള്ള കഥയാണ്. തുടർന്നുള്ള കാണ്ഡങ്ങൾ ക്രിസ്തുവിന്റെ ബാല്യം മുതൽ മരണം വരെയുള്ള സംഭവങ്ങളെ പ്രതിപാദിക്കുന്നു. കേരള ക്രൈസ്തവസമുദായത്തിന് ലഭിച്ച ഈ കാവ്യത്തെ ക്രൈസ്തവരുടെ ആദ്യകാവ്യം എന്നോ ക്രൈസ്തവരാമായണം എന്നോ വിളിക്കാം.

ഫാ. സെബാസ്റ്റ്യൻ തേർമഠത്തിന്റെ 'മേരിവിജയം', കെ. എം. വർഗീസിന്റെ 'ക്രിസ്തു ദേവചരിതം', പി.സി. മത്തായിയുടെ 'ദിവ്യചരിതം', ടി. വി. മാത്യുവിന്റെ 'ദിവ്യഗീതം', മാത്യു ഉലകം തറയുടെ 'ക്രിസ്തുഗാഥാ', സിസ്റ്റർ മേരി ബനീജ്ഞയുടെ 'മാർത്തോമാ വിജയം', പി. സി. ദേവസ്യയുടെ 'ക്രിസ്തുഭാഗവതം' എന്നിവ മലയാളസാഹിത്യത്തിൽ ബൈബിളിനെ മുൻനിർത്തി രചിച്ചവയാണ്. തൊമ്മൻ പൈകടയുടെ 'ക്രിസ്തുവിന്റെ ജെറുസലേം പ്രവേശനം'(1950), ജോസഫ് കാതനല്ലൂരിന്റെ 'ക്രൂശിലെ യേശു' (19570, ഡാനിയൽ പി. ഒയുടെ 'നസ്രായ ശിശു' (1971), ചാലിൽ ജോക്കബിന്റെ 'കാൽവരിയിലെ കരിനിഴൽ' (1984) എന്നിവ ക്രിസ്തുവിന്റെ ജീവിതത്തിലെ ഉദാത്ത മുഹൂർത്തങ്ങളെ പ്രമേയവത്കരിക്കുന്നു. വെണ്ണിക്കുളം ഗോപാലക്കുറുപ്പി ന്റെ 'രോഗിണി' (1930) എന്ന കവിത 'നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ' എന്ന ബൈബിൾ വചനം അടിസ്ഥാനമാക്കി രചിച്ചിരിക്കുന്നു. 7 സംവത്സരം രോഗിണിയായിരുന്ന ഒരു സ്ത്രീ ക്രിസ്തുവിന്റെ വസ്ത്രാഞ്ചലം സ്പർശിച്ച് രോഗവിമുക്തയാകുന്നതാണ് രോഗിണി എന്ന കവിതയുടെ പ്രമേയം. തുടർന്ന് വന്നവയാണ് വള്ളത്തോളിന്റെ 'മഗ്ദലനമറിയം', പൊൻകുന്നം ദാമോദര ന്റെ 'മഗ്ദലനമറിയം', സി. എ. ജോസഫിന്റെ 'ഉദയത്തിലേക്ക്'', ജോസഫ് മാൻവട്ടത്തിന്റെ 'കല്ലെറിയേണ്ടവൾ' എന്നീ ഖണ്ഡകാവ്യങ്ങൾ.

ബൈബിളിനെ പിൻപറ്റി ചെറുകവിതകളും മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. ചങ്ങമ്പുഴയുടെ 'ദിവ്യഗീതം', ജെ.വെണ്ണിയൂരിന്റെ 'പാട്ടുകളുടെ പാട്ട്'', പുത്തൻകാവ് മാത്തൻ തരകന്റെ 'ശൂലോം കുമാരി' എന്നിവ പഴയനിയമത്തിലെ ഉത്തമഗീതങ്ങളുടെ ഭാഷാപുനഃസൃഷ്ടിയാണ്. പിൽക്കാലഘട്ടത്തിലേക്ക് എത്തുമ്പോൾ ജി ശങ്കരക്കുറുപ്പ്, വയലാർ, ഒ.എൻ.വി., സുഗതകുമാരി, ചെമ്മനം ചാക്കോ, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ തുടങ്ങിയവർ ബൈബിളിലെ സന്ദർഭങ്ങൾ തങ്ങളുടെ കവിതകളിൽ ബിംബവത്കരിക്കുകയും ആഖ്യാനവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

നാടകത്തിൽ കട്ടക്കയം ചെറിയാൻ മാപ്പിള, കണ്ടത്തിൽ വർഗീസ് മാപ്പിള, കൈനകരി പത്മനാഭപിള്ള (കാൽവരിയിലെ കല്പപാദപം), സി.ജെ. തോമസ് (ആ മനുഷ്യൻ നീ തന്നെ), എബ്രഹാം ജോസഫ് (പീലാത്തോസ്), സി ആർ കൃഷ്ണപിള്ള (മഗ്ദലനമറിയം), മുട്ടത്തുവർക്കി (വലിയ മുക്കുവൻ) എന്നിവർ ബൈബിളിനെ താങ്ങളുടെ ആവിഷ്കാരത്തിനായി അടിസ്ഥാനമാക്കിയവരാണ്.

ചെറുകഥാസാഹിത്യത്തിൽ പൊൻകുന്നം വർക്കി മുതൽ ഇ എം കോവൂർ, പോഞ്ഞിക്കര റാഫി, ഉറൂബ്, എം.ടി, എൻ.പി മുഹമ്മദ് തുടങ്ങിയവരും ആധുനികവാദികളായ കാക്കനാടൻ, ജോൺ എബ്രഹാം, എൻ. എസ് മാധവൻ, കൊച്ചുബാവ, അയ്മനം ജോൺ, പി. സുരേന്ദ്രൻ,

സി. വി ബാലകൃഷ്ണൻ, സക്കറിയ, ജോർജ് ജോസഫ് എന്നിവരുടെ കൃതികളിലും ബൈബിൾ സ്വാധീനം കണ്ടെത്താൻ കഴിയും. അത് ഇതിവൃത്തമോ കഥാപാത്രമോ ആയി ആഖ്യാനത്തിൽ ഇഴചേർന്നുനിൽക്കുന്നു.

ബൈബിളും നോവലും

ബൈബിൾ പ്രമേയവൽക്കരണത്തിൽ നോവലിലേക്ക് എത്തുമ്പോൾ എഴുത്തുകാർ രണ്ടു മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്. ഒന്ന് ബൈബിളിലെ അടിസ്ഥാന തത്വങ്ങൾക്കും ആശയങ്ങൾക്കും വിശ്വാസങ്ങൾക്കും ഭംഗം സംഭവിക്കാതെ ആഖ്യാനതന്ത്രത്തിലൂടെ ആസ്വാദകരെ തൃപ്തിപ്പെടുത്തുക. ഇത് വിഷയത്തിൽ കാര്യമായ ഇടപെടലുകൾ നടത്താതെ പ്രതിപാദന രീതിയിൽ പുലർത്തുന്ന വ്യത്യസ്തസമീപനങ്ങൾകൊണ്ട് വ്യതിരിക്തമായി നിലകൊള്ളുന്നു. രണ്ടാമത്തേത് ബൈബിൾ ഇതിവൃത്തം സ്വീകരിച്ച് സ്വതന്ത്രമായ മറ്റൊരു കൃതിയെ രൂപപ്പെടുത്തുക. ഇവിടെ എഴുത്തുകാരൻ ചില സന്ദർഭങ്ങളെയോ കഥാപാത്രങ്ങളെയോ മാത്രം തെരഞ്ഞെടുത്തു തന്റെ ഭാവനയ്ക്കനുസരിച്ച് സന്ദർഭങ്ങളെയും ആശയങ്ങളെയും ചേർത്ത് ആഖ്യാനം നിർവഹിക്കുന്നു. മഗ്ദലനമറിയത്തിന്റെ മോചനം, ക്രിസ്തുവിന്റെ അത്ഭുതപ്രവർത്തി, സ്നാപക യോഹന്നാന്റെ ദുരന്തജീവിതം എന്നിവ നോവലുകൾ പുനരാഖ്യാനം ചെയ്തിട്ടുള്ളവയാണ്. എസ്തേറിന്റെ കഥയെ ഉപജീവിച്ച് 'എസ്തേർ എന്ന യഹൂദസുന്ദരി' എന്ന പേരിൽ സ്വാമി ബ്രഹ്മവ്രതനും, 'ചോരയും ചെങ്കോലും' എന്ന പേരിൽ ബാബു ചെങ്ങന്നൂരും, 'ധീരവനിത' എന്ന പേരിൽ വി.ടി.ഡേവിഡും 'ബൈബിൾ റാണി' എന്ന പേരിൽ കാനം.ഇ.ജെയും നോവലുകൾ രചിച്ചിട്ടുണ്ട്. റൂത്തിന്റെ കഥയെ വിഷയമാക്കി മലയാളത്തിൽ 'ഒലിവ് പൂക്കും താഴ്‌വരയും' കെ.എം. തരകന്റെ 'ഓർമ്മകളുടെ രാത്രി' എന്നീ നോവലുകൾ രചിച്ചിട്ടുണ്ട്. ബൈബിളിലെ സലോമിയുടെ കഥയാണ് കാനം ഇ. ജെയുടെ 'വാളും കുരിശും', മുട്ടത്തുവർക്കിയുടെ 'സലോമി' എന്നീ നോവലുകൾക്ക് ആധാരം. പോഞ്ഞിക്കര റാഫിയുടെ 'കാനായിലെ കല്യാണം' ക്രിസ്തുവിന്റെ അത്ഭുതപ്രവർത്തി ഇതിവൃത്തമാക്കുന്ന നോവലാണ്. മറിയം ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ഉൾക്കൊണ്ട് പശ്ചാത്തപിച്ച് പാപവിമോചനം നേടി ക്രിസ്തുമാർഗം പിന്തുടരുന്നതാണ് ബൈബിൾ പുതിയ നിയമത്തിലെ മഗ്ദലനമറിയത്തിന്റെ കഥ. ടി.വി. വർക്കി മറിയത്തിന്റെ കഥയ്ക്ക് മനഃശാസ്ത്രപരമായ സമീപനത്തിലൂടെ 'കഴുകിത്തുടച്ച കാൽപാദങ്ങളിൽ' എന്ന നോവൽ രചിച്ചു. ഇവകൂടാതെ വൈക്കം ചന്ദ്രശേഖരൻ നായരുടെ 'കയീന്റെ വംശം', തകഴിയുടെ 'വ്യാകുലമാതാവ്', ടി.ആർ. ശങ്കുണ്ണിയുടെ 'ദേവയാഗം' എന്നിവ ബൈബിൾ ഇതിവൃത്തം പിൻപറ്റിയ സ്വതന്ത്രനോവലുകളാണ്. സക്കറിയ, പെരുമ്പടവം ശ്രീധരൻ, സി.വി. ബാലകൃഷ്ണൻ, ബെന്യാമിൻ എന്നിവരുടെ നോവലുകളിലും ബൈബിൾ ഇതിവൃത്തങ്ങളെയും പ്രമേയങ്ങളെയും ഉപജീവിക്കുന്നതു കാണാം.

ആയുസ്സിന്റെ പുസ്തകം എന്ന നോവലിലെ ബൈബിൾഭാവനകൾ

നോവൽസംഗ്രഹം

വടക്കൻ കേരളത്തിലെ കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ ചുരുൾനിവരുന്ന കഥാന്തരീക്ഷമാണ് 'ആയുസ്സിന്റെ പുസ്തകം' എന്ന നോവൽ. മധ്യതിരുവിതാംകൂറിൽനിന്നും മലബാറിന്റെ

മലമടക്കുകളിലേക്ക് കുടിയേറിയവരുടെ ഒരു ഗ്രാമത്തെ പശ്ചാത്തലമാക്കിയാണ് നോവൽ രചിച്ചിരിക്കുന്നത്. ബൈബിളിനെ ആദ്യവസാനം അടിസ്ഥാനമാക്കുന്നു, പിന്തുടരുന്നുവെന്ന താണ് ഈ നോവലിന്റെ പ്രത്യേകത. കുടിയേറ്റക്കാർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളുടെ കഥയ്ക്കൊപ്പം ജീവിതത്തിന്റെ തേടലുകളുടെ പല മുഖങ്ങളെയും കണ്ടെത്താൻ കഴിയും. കാരണ മില്ലാത്ത വേദനകളും ദുഃഖങ്ങളും അതിനെ തുടർന്നുള്ള അന്വേഷണങ്ങളുമാണ് കഥാതന്തു. യോഹന്നാന്റെയും തോമയുടെയും ജീവിതത്തിലൂടെ കയറിയിറങ്ങിപ്പോകുന്ന അനുഭവങ്ങളുടെ പച്ചയായ ആവിഷ്കാരം ഈ നോവലിനെ വ്യതിരിക്തമാക്കുന്നു.

ബൈബിൾഭാവനകൾ ആയുസ്സിന്റെപുസ്തകത്തിൽ

മധ്യതിരുവിതാംകൂറിൽനിന്നും കുടിയേറിയ ക്രിസ്ത്യൻ സമൂഹത്തെ ആസ്പദമാക്കിയ നോവ ലിന്റെ ആഖ്യാനത്തിൽ സാന്ദർഭികമായി പല ബൈബിൾ വചനങ്ങളും കടന്നുവരുന്നു. കൂടാതെ സ്വവർഗ്ഗപ്രണയം, പ്രണയം, ഭക്തി, രതി ഇവയെയെല്ലാം കൂടിക്കലർന്ന അന്തരീക്ഷത്തിൽ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ നിരന്തരം ഓർമിപ്പിക്കുന്നു. 'മനുഷ്യ നീ മണ്ണാകു ന്നു, മണ്ണിലേക്ക് തന്നെ മടങ്ങുന്നു' എന്ന വചനം നോവലിൽ പലവട്ടം കടന്നുവരുന്നുണ്ട്. പാപ-പുണ്യങ്ങളെക്കുറിച്ചുള്ള ഒരു വിചിന്തനത്തിലൂടെ കടന്നുപോകുന്നവരാണ് നോവലിലെ കഥാപാത്രങ്ങൾ. ഒരു ദുർബലനിമിഷത്തിൽ തന്റെ കൊച്ചുമകളാകാൻപോലും പ്രായമില്ലാത്ത ബാലികയോട് ബലാൽക്കാരത്തിന് മുതിരുകയും ആ പാപഭാരത്താൽ ആത്മഹത്യചെയ്യുകയും ചെയ്യുന്ന പൗലോയിൽ ആരംഭിച്ച് തന്റെ വിവാഹാഭ്യർത്ഥന നിരസിക്കുകയും തന്റെ മകനു മായി രതിയിലേർപ്പെടുകയുംചെയ്യുന്ന വിധവയായ സാറയെ കൊല്ലുകയും ചെയ്യുന്ന തോമയിൽ അവസാനിക്കുകയും ചെയ്യുന്ന നോവൽ ജീവിതമെന്ന നിരന്തരമായ യാത്ര മുക്തിയിലേക്കുള്ള വഴിയായും, അതേസമയം പാപത്തിലൂടെയുള്ള യാത്രയാണെന്നും തോന്നിപ്പോകും വിധത്തിലാ ണ് ആഖ്യാനം ചെയ്തിരിക്കുന്നത്. ജീവിതത്തിലെ ഒറ്റപ്പെടലും, അതിന്റെ കാഠിന്യവും ഒരു മനു ഷ്യനെ എത്രമാത്രം ഉൾവലിഞ്ഞുജീവിക്കാൻ പ്രേരിപ്പിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് നോ വലിലെ യോഹന്നാൻ. ജീവിതശാന്തിതേടി അശാന്തിയിലൂടെ അലഞ്ഞുതിരിയുന്ന മനസ്സാണ് യോഹന്നാന്റേത്. പള്ളിയും ബൈബിളും ബൈബിൾ കഥാപാത്രങ്ങളും കുന്തിരിക്കത്തിന്റെ ഗന്ധവും ഈ നോവലിൽ നിറഞ്ഞുനിൽക്കുന്നു. പക്ഷേ, മനുഷ്യന്റെ ആസക്തികളിൽനിന്നും വൈകാരിക തള്ളിച്ചകളിൽനിന്നും അവനു മോചനമില്ല. ആത്മീയതയ്ക്കും വിശ്വാസത്തിനും മനുഷ്യന്റെ ആസക്തികളെ തടയാനാകുന്നില്ല. ഇവിടെ ബൈബിളും പുരോഹിതരും തികച്ചും നിസ്സഹായരാണ്.

കത്തിക്കുത്ത് കേസിൽ ജയിലിൽപോയ തോമ ഭാര്യയായ തെരേസയുടെ മരണം അറി യാതെ, അതിൽ പങ്കുകൊള്ളാൻ അനുവദിക്കാതെ നിയമാനുസൃതമായ തടവുകഴിഞ്ഞ് വരുന്നു. കുറ്റബോധംകൊണ്ട് ജീവിക്കുന്ന അയാൾ തന്റെ മക്കളെയും അപ്പനെയും മറന്ന് സെമിത്തേരി യിൽ അന്തിയുറങ്ങുന്നു. ഞായറാഴ്ച കുർബാനകഴിഞ്ഞ് വന്ന പൗലോയുടെ മനസ്സിൽ “നിങ്ങളുടെ എല്ലാ കാര്യങ്ങളും സ്നേഹത്തോടുകൂടിയായിരിക്കട്ടെ...... വിശുദ്ധചുംബനംകൊണ്ട് നിങ്ങൾ അന്യോന്യം വന്ദനം പറയുവിൻ” (സി.വി. ബാലകൃഷ്ണൻ: 2013:25) എന്ന ഉപദേശവാക്യം നിറഞ്ഞുനിൽക്കുന്നുണ്ട്. എന്നിട്ടും, പൗലോയുടെ പാത പാപത്തിലേക്ക് സഞ്ചരിക്കുന്നുണ്ട്.

ഒടുവിൽ റാഹേൽ എന്ന ചെറിയപെൺകുട്ടിയിൽ പൗലോയ്ക്കുണ്ടായ ഭ്രമം അയാളുടെ മരണത്തിലേക്ക് വഴിവെട്ടിത്തുറക്കുന്നതിന് അവസരമൊരുക്കുന്നു. തോമയുടെ മർദ്ദനമേറ്റ് അവശനിലയിലായ പൗലോ, കാരണം കൂടാതെ തല്ലി എന്ന ധാരണയിൽ ഫിലിപ്പോസ് ഇടവകക്കാരെ വിളിച്ചുകൂട്ടാൻ പറയുന്നുണ്ട്. "തന്റെ അപ്പനെ അടിക്കുന്നവൻ മരണശേഷം അനുഭവിക്കണം എന്നല്ലേ മോശയിൽനിന്നും കേട്ടത്" (സി.വി. ബാലകൃഷ്ണൻ:2013:28) എന്ന് ഫിലിപ്പോസ് പറയുന്നുണ്ട്. കഥാന്ത്യത്തിൽ തോമയെ യോഹന്നാനും മർദ്ദിച്ചവശനാക്കുന്നുണ്ട്. പൗലോയെ തോമ തല്ലുന്നതുകണ്ട് മനസ്സിനേറ്റ മുറിവിൽനിന്നാകണം തന്റെ അപ്പനെ തല്ലാനുള്ള ഊർജ്ജം യോഹന്നാൻ നേടിയത്. തോമയുടെ മനസ്സ് തുറക്കാൻ യാക്കോബ് ശ്രമിക്കുന്നുണ്ട്. തോമ മകനെന്നനിലയിൽ തെറ്റ് ചെയ്തുവെന്ന് സ്ഥാപിക്കുന്ന ഒരേസമയം പൗലോയെയും കുറ്റക്കാരനായി വിധിക്കുന്നുണ്ട്. പ്രശ്നസങ്കീർണ്ണമായ അവസ്ഥയെ കരുതലോടെതന്നെ കൈകാര്യം ചെയ്യണം എന്ന് അയാൾ തീരുമാനിച്ചു. "പാപം വാതിൽക്കൽ പതുങ്ങിനിൽക്കുന്നു, അത് നിന്നെ നോക്കിനിൽക്കുകയാണ് നീ അതിനെ നിയന്ത്രിച്ചേ പറ്റൂ". പാപം ചെയ്തവരെയും അവരുടെ പട്ടണങ്ങളെയും ദൈവം നശിപ്പിച്ച കഥകളും അറിയാം (സി.വി.ബാലകൃഷ്ണൻ:2013:32). തികഞ്ഞ വിശ്വാസിയുമായ ഒരുവൻ, ഉപദേശിയായ ഒരുവൻ എന്ന മട്ടിലാണ് യാക്കോബ് ഇത്രയും പറയുന്നത്. പാപം തീയായും പുകയായും ഗന്ധകമായും വീടിനുമുകളിൽ വീഴുമെന്ന ബോധ്യം ബൈബിൾ നൽകുന്നതാണ്. എന്നിട്ടും സ്വന്തം പാപം ബോധ്യപ്പെട്ട പൗലോസ് മരണത്തിലൂടെ മോചനം കണ്ടെത്തുന്നു. പാപത്തെക്കുറിച്ചുള്ള വിചാരം അയാളെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. പാപബോധത്തെ നോവലിൽ നിരന്തരം പരാമർശിക്കുന്നുണ്ട്. പക്ഷേ, പൗലോയെ പാപബോധത്തിന്റെ ആഴങ്ങളിൽനിന്ന് ഉയർത്തിക്കൊണ്ടുവരുന്നത് മാലാഖയാണ്. അന്യന്റേതായ യാതൊന്നും ആഗ്രഹിക്കരുത് എന്ന ബോധ്യം ഉണ്ടെങ്കിലും കേവല മനുഷ്യൻ നിരന്തരം പ്രലോഭനങ്ങൾക്ക് വിധേയപ്പെടുന്നു. ഈ പ്രലോഭനങ്ങളാണ് ആനിയെയും മാത്യുവിനെയും മറിയേയും നൈനാൻ അച്ചനെയും സാറാമ്മയെയും എല്ലാം മുന്നോട്ടുനയിക്കുന്നത്. "കൃപാവരം നഷ്ടപ്പെട്ട ഭൂമിയിലെ എല്ലാ അഴുക്കുകളും അടിഞ്ഞൊഴുകുന്ന കുഴിയിൽ!," എത്ര- പക്ഷേ, രണ്ടുകൈകൾ അയാളെ പൊടുന്നനെ പിടിച്ചുയർത്തി. പട്ടുപോലെ മിനുസമുള്ള മുടി കവിളിൽ വന്നുരസി -ഒരു മാലാഖ (സി.വി. ബാലകൃഷ്ണൻ: 2013:40). ഓരോ മനുഷ്യനിലും കലാപകാരിയും മാലാഖയും വസിക്കുന്നു. അത് ജീവിതത്തിൽ ഇടപെടൽ നടത്തുന്നു. പാപംചെയ്യാത്ത മനുഷ്യരില്ല. പാപത്തിന്റെ ശമ്പളം മരണം. പൗലോ തന്റെ പാപത്തിന്റെ ശമ്പളം നേടിയെടുത്തു. "ഇരുണ്ട ശിഖരത്തിൽനിന്ന് ഒരു ഇലപോലെ ഞാന്നുകിടന്നപ്പോൾ അഗാധമായ ഉറക്കം അയാളുടെ മേൽ വീണു. അങ്ങനെ അയാൾ തന്നെ ജനത്തോട് ചേർന്നു" (സി.വി. ബാലകൃഷ്ണൻ: 2013:42). ഒരു ഇലകൊഴിയുന്ന ലാഘവത്തോടെ കൊഴിഞ്ഞുപോകുന്ന ജീവിതം പാപപങ്കിലമാക്കേണ്ടതുണ്ടോ? എന്ന ചോദ്യവും പൗലോ എന്ന കഥാപാത്രത്തിന്റെ മരണംകൊണ്ട് ഉന്നയിക്കുന്നുണ്ട്.

യോഹന്നാന്റെ സ്വപ്നങ്ങളിൽ പലപ്പോഴും ആത്മീയവെളിച്ചം തെളിയുന്നുണ്ട്. എന്നിട്ടും യോഹന്നാൻ നിരന്തരം പാപങ്ങൾചെയ്യുന്നു. ജീവിതത്തെക്കുറിച്ചുള്ള അവന്റെ അറിവുകൾ, ചിന്തകൾ, സ്വപ്നങ്ങൾ എല്ലാമെല്ലാം വിശ്വാസത്തിന്റെ വെള്ളിവെളിച്ചം പടർന്നതായിരുന്നു. എന്തെന്നാൽ നീ പൊടിയാകുന്നു പൊടിയിലേക്ക് പിന്തിരിയുകയും ചെയ്യും. ഇലകൾ കൂട്ടിത്തയ്ച്ച

 ISSN: 2582 - 2594

ഉടുപ്പുകൾ, ആട്ടിൻപറ്റങ്ങൾ, ഒലിവ് കമ്പ്, ബലിപീഠങ്ങൾ, കൂടാരങ്ങൾ, മാമ്ര്വ താഴ്വര യിലെ കഴുതകൾ, ദാഹിച്ച ഒട്ടകങ്ങൾ, കാലിക്കൂട്ടം എന്നിങ്ങനെ ബൈബിൾ ഉൾക്കൊണ്ടു വായിച്ച ഒരുവന്റെ മനസ്സിൽ തെളിയുന്നതെല്ലാം യോഹന്നാൻ കാണുന്നുണ്ട്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴും ശൂന്യമായുമിരുന്നു. ആഴത്തിനു മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കൽപ്പിച്ചു, വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലത് എന്ന് ദൈവം കണ്ടു. ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു, ദൈവം വെളിച്ചത്തിനു പകൽ എന്നും ഇരുളിന് രാത്രി എന്നും പേരിട്ടു സന്ധ്യയായി ഉഷസുമായി"(സി.വി.ബാലകൃഷ്ണൻ:2013:46). ഭൂമിയിലെ ജീവിതകാലം എന്നത് വെറും നിഴൽ മാത്രമാണെന്ന കേവലതയെ നോവൽ ബൈബിളിന്റെ വെളിച്ചത്തിൽ സാധൂകരിക്കുന്നുണ്ട്. ഭൂമിയിലെ മറ്റെല്ലാത്തിനും ഒരു തുടർച്ചയുണ്ട്. വൃക്ഷം മുറിച്ചുപോയാലും തടി പിന്നെയും കിളിർത്തുവരുന്ന അതിന്റെ, വേരുകൾ ജലാംശം സ്പർശിക്കുമ്പോൾ ഉണരും, പിന്നീട് ചെറുതൈകൾ ഉണ്ടായിവരും. പക്ഷേ മനുഷ്യൻ മരിച്ച് മണ്ണടിയുമ്പോൾ അവൻ പിന്നീട് എന്തായി മാറുന്നു എന്ന് ആർക്കും അറിയില്ല. അവൻ മണ്ണിലേക്ക് മടങ്ങുന്നു. ശേഷിക്കുന്നവർ ചില തത്വചിന്തകളിൽ ചാരി സ്വയം ആശ്വാസംകണ്ടെത്തുന്നു.

നൈനാനച്ചന്റെയും മേരിയുടെയും സംഗമവും പിന്നീട് നൈനാച്ചൻ മേരിയെ ചതിക്കുകയും ഫിലോമിനയെ വിവാഹംചെയ്യുകയും ചെയ്യുന്നുണ്ട്. അതിൽ അസ്വാഭാവികതയോ അതിശയോക്തിയോ കലർന്നില്ല. കേവല മനുഷ്യൻ ആത്മീയതയുടെ ആഴങ്ങളിലേക്ക് ഇറങ്ങണമെങ്കിൽ അവനെ ചൂഴ്ന്നുനിൽക്കുന്ന ആസക്തിയുടെയും പ്രലോഭനത്തിന്റെയും കഠിനദൂരത്തെ മറികടക്കണം. പാതിവഴിയിൽ തളർന്നുവീഴുന്ന വെറുമൊരു മനുഷ്യൻ മാത്രമാണ് നോവലിൽ നൈനാനച്ഛൻ. "മൂന്നുമാസം മുമ്പ് ഞാൻ മഴ പിൻവലിച്ചു. ഞാനൊരു പട്ടണത്തിൽ മഴപെയ്യിക്കുകയും വേറൊന്നിൽ വരാതിരിക്കുകയും ചെയ്തു. വയലിൽ മഴ പെയ്തു മഴവീഴാതിരുന്ന മറ്റേ വയൽ ഉണങ്ങിക്കരിഞ്ഞുപോയി" (സി.വി. ബാലകൃഷ്ണൻ:2013:62). ഇത്തരത്തിൽ കർത്താവിന്റെ അരുളപ്പാടുകൾ സാന്ദർഭികമായി കടന്നുവരുന്നുണ്ട്. നോവലിൽ ബൈബിളും പള്ളിയും വികാരിയും കൃഷിയും മാത്രമുള്ള ലോകത്ത് ജീവിക്കുന്ന നിഷ്കളങ്കരായ ഒരുകൂട്ടം മനുഷ്യരുടെ ജീവിതങ്ങളാണ് അനാവൃതമാകുന്നത്.

"വിശുദ്ധശ്ലീഹാ പറഞ്ഞുവല്ലോ പുരുഷന്റെ തലമുടി നിൽക്കുന്നത് അവന് അപമാനമാകുന്നു എന്നും തലമുടി മൂടുപടത്തിനു പകരം അവൾക്ക് കൊടുക്കപ്പെട്ടിരിക്കുകയാണ്. അവളുടെ തലമുടി വളർത്തപ്പെടുമ്പോൾ അത് അവൾക്ക് മഹിമയാകുന്നു" (സി.വി. ബാലകൃഷ്ണൻ: 2013: 63). ഇത്തരത്തിൽ ഒരു ക്രൈസ്തവ സ്ത്രീ/പുരുഷസങ്കല്പത്തെ മുന്നോട്ടുവയ്ക്കുമ്പോൾ സമകാലിക സമൂഹം ഏറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വിശ്വാസങ്ങളെ ചോദ്യംചെയ്യുക എന്നത് ഭൗതിക ഉന്നമനം ആണെന്ന തെറ്റായ ധാരണയും ഇതിന് ബലംനൽകുന്നു. യോഹന്നാൻ ഒലിവില കണ്ടിട്ടില്ലെങ്കിലും അവന്റെ സങ്കൽപ്പങ്ങളിൽ ഒലിവില കടന്നുവരുന്നുണ്ട്. ദൂരെയേതോ താഴ്വരയിൽ വളർന്ന വലിയ മരത്തിന്റെ ഇല അത്രമേൽ അവനെ സ്വാധീനിക്കുന്നുവെങ്കിൽ അതിനടിസ്ഥാനം ബൈബിൾ പാരായണമാണ് എന്നുവേണം കരുതാൻ. യോഹന്നാന്റെയും ജോഷിയുടെയും സൗഹൃദങ്ങൾക്കിടയിൽ പലപ്പോഴും കടന്നുവരുന്ന ആത്മീയ ഊർജത്തിൽ പ്രാർത്ഥനയുടെ കാറ്റും വെളിച്ചംതുടിക്കുന്ന അൾത്താരയും കാൽമുട്ടുകളിലെ മണലും പരാമർശി

ക്കപ്പെടുന്നു. ആനി കൊച്ചച്ചനായ മാത്യുവിന് ക്രിസ്തുവിന്റെ പ്രതിച്ഛായയാണ് നൽകുന്നത്. പക്ഷേ, സാഹചര്യങ്ങളുടെ സമ്മർദ്ദം ആകാം, മാത്യുവിന് ഉടുപ്പഴിച്ചുവെച്ച് ആനിയെ ജീവിത പങ്കാളിയാക്കേണ്ടിവരുന്നുണ്ട്. സഭയുടെ മുമ്പിൽ അവർ തെറ്റുകാരനാണ്. പക്ഷേ മനസ്സാക്ഷിയുടെ, മോഹത്തിന്റെ മുൻപിൽ അവർ അവരെ ന്യായീകരിക്കും. അതാണ് ലോകസ്വഭാവം. "സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു. അവൻ പൂപോലെ വിടർന്നു പൊഴിഞ്ഞുപോകുന്നു" (സി.വി. ബാലകൃഷ്ണൻ:2013:81) എന്ന ദർശനം മനുഷ്യന്റെ കേവലതയെ പിന്നെയും ഉറപ്പിക്കുകയാണ്. വിപരീതഗണത്തിൽപ്പെട്ട ഒരാളുടെ പങ്കാളിത്തം ഇല്ലെങ്കിൽ പ്രകൃത്യാ അപൂർണ്ണനായിത്തീരുന്ന സാധാരണ മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യത്തിനെതിരാണ് വിവാഹനിരോധനം എന്ന സെലിബസി. ഇതിനെക്കുറിച്ച് പത്രവാർത്തയിൽ പുരോഹിതൻ പ്രകടിപ്പിച്ച അഭിപ്രായത്തെ മാത്യു അച്ചനുമായി ചർച്ചചെയ്യുന്നുണ്ട്. ഒരു വലിയ മന്ദിരത്തിൽ വൃദ്ധരും ചെറുപ്പക്കാരുമായ ഒട്ടനവധി പുരോഹിതന്മാരുമൊത്ത് കഴിയുകയാണ് താൻ. വളരെ അപൂർവ്വമായേ താങ്കൾ അന്യോന്യം സംസാരിക്കാറുള്ളൂ. ഉള്ള് തുറന്ന് സംസാരിക്കാൻ ഒരാൾ ഉണ്ടായെങ്കിൽ എന്ന് എപ്പോഴും വെറുതെ ആലോചിച്ചു പോകും എന്ന മാത്യുവിന്റെ അഭിപ്രായത്തെ അച്ചൻ ശരിവയ്ക്കുന്നുണ്ട്. അതേസമയം പുരോഹിതരെ സംബന്ധിച്ച് വിവാഹം അതിനൊരു പരിഹാരമല്ലെന്നും അദ്ദേഹം ഉറപ്പിച്ചുപറയുന്നുണ്ട്. സെലിബസിയെക്കുറിച്ചുള്ള പോപ്പിന്റെ ലേഖനത്തെക്കുറിച്ച് അച്ചൻ തുടർന്നുപറയുന്നു. തുടർന്ന് മത്തായിയുടെ സുവിശേഷത്തിൽ പറയുന്ന ഭാഗം അദ്ദേഹം ഉദ്ധരിച്ചു: "അമ്മയുടെ ഗർഭത്തിൽനിന്നും ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട്. മനുഷ്യർ ഷണ്ഡരാക്കിയ ഷണ്ഡന്മാരും ഉണ്ട്. സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെ തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്" (സി.വി. ബാലകൃഷ്ണൻ :2013: 97). പുരോഹിതന്മാരുടെ വിവാഹത്തെ അനുകൂലിച്ച് അഭിപ്രായം പറഞ്ഞുകൊണ്ടിരുന്ന മാത്യുവിനെ അച്ചൻ തിരുത്തുന്നുണ്ട്. പുരോഹിതനായ ഭർത്താവും അദ്ദേഹത്തിന്റെ ഭാര്യയും നിത്യേനെ വഴക്കടിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നിടത്ത് ജീവിതപ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന സാധാരണ ജനം പരിഹാരാർത്ഥം പുരോഹിതരെ എങ്ങനെ സമീപിക്കും? അതുകൊണ്ട് പുരോഹിതർ ദൈവത്തിന്റെ പ്രതിപുരുഷന്മാർ മാത്രമായി നിലനിൽക്കുക എന്നതിന് ഊന്നൽ കൊടുക്കുന്നു.

ജോഷി കർത്താവിന്റെ പാത പിന്തുടരുമ്പോൾ യോഹന്നാൻ വീണ്ടും വീണ്ടും ഒറ്റപ്പെടൽ അനുഭവിക്കുന്നു. അപ്പോഴും അവന്റെ മനസ്സിൽ തെളിയുന്ന വചനം 'ഞാൻ ആഗ്രഹിക്കും പോലെ അല്ല, നീ ആഗ്രഹിക്കും പോലെ' എന്നാണ്. ദൈവത്തിന്റെ പദ്ധതികളെ മനസ്സാ വരിക്കുക. അതിനൊത്ത് പ്രവർത്തിക്കുക. നീ നിന്നോട് പാപംചെയ്യരുത്. നിന്റെ ജാതിയിൽപ്പെട്ടവന്റെ കൂടെ ശയിക്കരുത്, മൃഗങ്ങളോടൊത്ത് ശയിക്കരുത്, കൊലചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്, കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്, കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും കാളകളെയും കഴുതയെയും, കൂട്ടുകാരനുള്ള ഒന്നിനെയും നീ മോഹിക്കരുത്. നീ വിധവയെ ക്ലേശിപ്പിക്കരുത് .... എന്നിങ്ങനെ അച്ചൻ പാപത്തിനെക്കുറിച്ച് നിരന്തരം യോഹന്നാനോട് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. എന്നിട്ടും യോഹന്നാന്റെ വഴിയിൽ പാപത്തിന്റെ നിഴൽ നിരന്തരം വീഴുന്നുമുണ്ട്.

തോമ തന്റെ ജീവിതത്തിലേക്ക് സാറയെ പ്രതിഷ്ഠിക്കുന്നതോടെ മറ്റൊരുവനാകുന്നു.

 ISSN: 2582 - 2594

പക്ഷേ യോഹന്നാന്റെയും സാറയുടെയും സംഗമത്തെ അയാൾ നേരിൽകണ്ടതോടെ അതുവരെ അയാളിൽ മറന്നിരുന്ന ദുഷ്ടശക്തി പുറത്തുചാടുന്നു. അത് സാറയുടെ കൊലപാതകത്തിൽ കലാശിക്കുന്നു. പുരോഹിതനാകാൻ മനസ്സുകൊണ്ട് ഉറപ്പിച്ച ജോഷിയെ യോഹന്നാൻ ഓർക്കുമ്പോൾ എല്ലാം ഒരു പരിശുദ്ധിയുടെ ഗന്ധം വായനക്കാരിലേക്ക് പടരുന്നു. "അരിഞ്ഞ പുൽപ്പുറത്ത് പെയ്യുന്ന മഴ പോലെയും ഭൂമിയെ നനയ്ക്കുന്ന വൻമഴ പോലെയും അവൻ ഇറങ്ങിവരട്ടെ, മനുഷ്യൻ അവന്റെ പേര് ചൊല്ലി അന്യോന്യം അനുഗ്രഹിക്കുന്ന കാലം വരട്ടെ, ഞാൻ അനിഷ്ടനും ദരിദ്രനുമാണ്. ചാഞ്ഞുപോകുന്ന നിഴൽപോലെ ഞാൻ കടന്നുപോകുന്നു" (സി.വി. ബാലകൃഷ്ണൻ:2013:210). ഇത്തരത്തിൽ യോഹന്നാന്റെ മനോഗതങ്ങളിൽ ബൈബിൾ കടന്നുവരുന്നു. ആത്യന്തികമായി മനുഷ്യജന്മത്തിന്റെ കേവലതയെ വരച്ചുകാട്ടി നോവൽ അവസാനിക്കുമ്പോൾ "മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു, വയലിലെ പൂപോലെ അവൻ പൂക്കുന്നു, കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അത് ഇല്ലാതെപോകുന്നു അതിന്റെ സ്ഥാനം പിന്നെ അതിനെ അറിയുകയില്ല" (സി.വി. ബാലകൃഷ്ണൻ:2013:213). ഇത്തരം ജീവിതസത്യത്തെ വിളിച്ചുപറഞ്ഞുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്.

ഉപസംഹാരം

ക്രൈസ്തവപശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ നോവൽ നിരവധി ബൈബിൾ വചനങ്ങളെയും ഉപദേശങ്ങളെയും കഥാപാത്രങ്ങളെയും ചിന്തകളെയും പ്രവൃത്തികളെയും അവതരിപ്പിക്കുന്നുണ്ട്. പുല്ല്, പുഴ, പൂവ് എന്നിങ്ങനെയുള്ള ബിംബവത്കരണങ്ങളുടെ ജീവിതനൈമിഷികതയുടെ തുറന്ന ചിത്രത്തെ അനാവരണം ചെയ്യുന്നു. സാധാരണ മനുഷ്യന്റെ ജീവിതത്തിലും വൈകാരികതകളിലും ചിന്തകളിലും പ്രവർത്തികളിലും ബൈബിൾ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്നും സ്വയം തിരുത്തുന്നതിനും തിരുത്തപ്പെടലിനും അത് ഒരുക്കിത്തരുന്ന വഴികളും പാപത്തിൽനിന്നുള്ള മോചനത്തിന്റെ മാർഗ്ഗങ്ങളും സവിസ്തരം അവതരിപ്പിക്കുന്ന നോവൽ ഒരുകൂട്ടം നിഷ്കളങ്കരായ മനുഷ്യരുടെ ജീവിതവ്യാപാരങ്ങളെ പച്ചയായി ആവിഷ്കരിക്കുന്നു. ജീവിതത്തിന്റെ നിസാരതയെ നിരന്തരം ഓർമ്മപ്പെടുത്തി കേവലം പൊടിയായ/ മണ്ണായ മനുഷ്യാ, നീ ഒടുവിൽ മണ്ണിലേക്ക് തന്നെ മടങ്ങുമ്പോൾ ഒരു വൃക്ഷത്തിന്റെ തുടർച്ചപോലും പ്രകൃതിയിൽ ലഭിക്കുന്നില്ല എന്ന നഗ്നസത്യത്തെയും നോവൽ തുറന്നുകാട്ടുന്നു.

ഗ്രന്ഥസൂചി

ബാലകൃഷ്ണൻ സി.വി,2013, ആയുസ്സിന്റെ പുസ്തകം, ഡി.സി.ബുക്സ്, കോട്ടയം

ബെഞ്ചമിൻ ഡി, 2000, സ്വാധീനതാ പഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം

ബാലകൃഷ്ണൻ നായർ പി, 1985, മഹാകാവ്യ പ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

ദേവസ്യ പ്രവിത്താനം, 1968, മഹാപ്രസ്ഥാനം, പി.എം. ദേവസ്യ ഷഷ്ടിപൂർത്തികമ്മിറ്റി, പ്രവിത്താനം

The Bible, Bible society of India, Bangalore

The Concept of Vyavahāra in Yājñavalkyasmṛti

Dr. Sujith. S
Assistant Professor (Level 12)
Dept. of Sanskrit Vyakarana
Govt. Sanskrit College,
Thiruvananthapuram,
Kerala, 695034
E-mail : sujithyes@gmail.com

Abstract

Law or Vyavahāra is the mirror of society. The reflection will be clear if the society is law abiding it is based on the principles of behavior which are very essential for a deteriorated society. In the past, the laws set by the Smṛti governed the society. In that sense the Smṛtis are the reflections of the ancient society. The Smṛti period can be said the golden age of Hindu law as it was a period of reformation. During the post-smṛti period, the laws put in forth in were taken for a critical study so as to decide whether any changes or modifications are to be brought with. It would be proper to mention here that Vyavahāra as a category gained much importance in the course of dharma. Vyavahāra is a part of Rājadharma. The course of action of Vyavahāra is based on practical experiences. The dharma directs to unseen fruits to be enjoyed in after life. The results of Vyavahāra are to be acquired in this very life. Practically Vyavahāra has an important place in life since it creates bonds and frees up to a level. Vyavahāras especially those dealt with in court are capable of changing even the destiny of a human-being.

The culture of a society is said reflected in the law system. It is not possible to assume the ancient law system. Mainly, on the Manusmṛti and Yājñavalkyasmṛti the basic legal principles controlling the society at that time are depicted. In the present Indian system, there are separate civil and criminal procedure codes. But in ancient India, there might have been a common code, since no irregularities or hatred from any quarter are seen reported in any of the treatises.

Keywords: Vyavahāra, smṛti, Manusmṛti, dharmasūtras, sabha, PRĀDVIVĀKA, AMĀTYA, GAṆAKA

ISSN: 2582 - 2594

Introduction

Law or Vyavahāra is the mirror of society. The reflection will be clear if the society is law abiding it is based on the principles of behavior which are very essential for a deteriorated society. In the past, the laws set by the Smṛti governed the society. In that sense the Smṛtis are the reflections of the ancient society.

The Smṛti period can be said the golden age of Hindu law as it was a period of reformation. During the post-smṛti period, the laws put in forth in were taken for a critical study so as to decide whether any changes or modifications are to be brought with. It would be proper to mention here that Vyavahāra as a category gained much importance in the course of dharma. Vyavahāra is a part of Rājadharma. The course of action of Vyavahāra is based on practical experiences. The dharma directs to unseen fruits to be enjoyed in after life. The results of Vyavahāra are to be acquired in this very life. Practically Vyavahāra has an important place in life since it creates bonds and frees up to a level. Vyavahāras especially those dealt with in court are capable of changing even the destiny of a human-being.

The culture of a society is said reflected in the law system. It is not possible to assume the ancient law system. Mainly, on the Manusmṛti and Yājñavalkyasmṛti the basic legal principles controlling the society at that time are depicted. In the present Indian system, there are separate civil and criminal procedure codes. But in ancient India, there might have been a common code, since no irregularities or hatred from any quarter are seen reported in any of the treatises.

Yājñavalkyasmṛti

The Yājñavalkyasmṛti is a sacred Hindu book. It has very importance in the Indian Hindu law. This smṛti is written in the most classical Anuṣṭubh meter. It is more systematic than Manusmṭṛti. The well-known commentary named Mitakṣara was written by Vijñaneśvara. These books which comprise law and rules of conduct claim an origin from dharmaśāstras. An aggregate of dharmasūtras are subsumed in Vedāṅgakalpasūtra. This smṛti also reveals the religious, political, social and cultural life of the people at that time. Having asked people to abide to law it also gives hints to them how they will be benefited personally by living a good citizen. This is more modern and contains legal rules.

Yājñavalkya Smṛti has so many commentaries. Among them one compiled by Vijñāneswara namely Mitākṣara is regarded in high esteem. Mitākṣara - law which is considered the earlier form of the Hindu code bill emerged from this. After Manusmṛti, Yājñavalkya Smṛti which took its place was treated in high esteem. The verses are written using the meter, Anuṣṭubh.

During the British reign, the Hindu law was furnished based on the Smrti of Yājñavalkya. A commentary named Dāyabhāga became popular in Bengal, and the commentary called Mitākṣara caught the attention of the learned in other parts of India. Compared with other Smṛti treatises this one stands foremost owing to its explicit nature in explaining every aspect of dharma.

Vyavahāra

In the ancient society, the king had the suzerain power to decide and to resolve the disputes besides him other tribunals also worked. Therefore, the determinations of the king and other judicial tribunals supplied a main source of law as the decisions served as conventions for future pronouncement on the similar facts and situations. As already stated there existed a regular hierarch in court in ancient India which discharged the functions to decide disputes. Therefore, in course of time judicial decisions served as a guide to the courts to resolve the disputes accordingly in future controversies of the like nature. About these decisions Bacon rightly said. Judicial decisions are the anchors of the law as the law is the anchors of the state. In the ancient judicial system, great care was taken of the correctness of the law propounded by the tribunal as it was ultimately the king, the keeper of conscience and his administration which was adversely resulted by a guilt determination. In course of time original texts, śṛuti and smṛti were to be looked for advice only when there was no decided case or usual practice the point. Only in such cases the courts considered the question open and looked for guidance in original texts.

Causes of Vyavahāra

Yājñavalkya puts down that if some people raise a complaint against a person who is really innocent he can approach the king for justice which in turn will become a subject of a judicial proceeding.

स्मृत्याचारव्यपेतेन मार्गेणाधर्षितः परैः ।
आवेदयति चेद्राज्ञे व्यवहार पदं हि तत् ।। [1]

If not there is a complaint, there is no legal action. A complaint may be of two kinds, śamkābhiyoga (based on doubt) and tattvābhiyoga (based on truth). After finding a complaint against one as a thief, misled by his doubtful movements, if comes to be known that he is innocent, the complaint raised will come under the former. A Thief when caught red-handed, the complaint against him is of latter type. Manusmṛti (VII.4.7) speaks of eighteen types of vyavahāra. Of there the first is 1.Ṛṇadān (recovery of debts), 2.Nikṣepa (deposit of property with another), 3.Asvāmi-vikraya (sale by a non-owner), 4.Saṁbhuya-samuthāna (partnership

ISSN: 2582 - 2594

business) 5.Dattasyānapākarma (resumption of gift) 6.Vetanādana (non-payment of wages) 7.Saṁvid-vyatikrama (breach of contract) 8. Kraya-vikrayanusaya (dispute arising from repentance on purchase or sale) 9.Svāmipāla-vivāda (dispute between owner and keeper) 10.Simāvivāda (dispute on boundary) 11.Vāk-pāruṣya (abuse) 12.Daṇda-pāruṣya (too severe punishment) 13.Steya (theft) 14.Sāhasa (act of violence) 15.Stri-samgrahaṇa (having acquaintance with the wife of somebody else) 16.Stri-pumsadharma (duties of husband and wife) 17.Vibhāga (partition of inherited property) 18. Dyūta-samāhvaya (calling for gambling)

Structure of Vyavahāra

1. Sabha or Court (Hall of Justice)

Brhaspati says that the king should construct a separate building in his fort, with water facilities. There should be on the eastern side of it he should arrange the court room, facing the east corner possessed of all the essential characteristics of sabha. In Kātyayana's words the sabha is dharmādhikaraṇa (the abode of justice). It is a place truth dwells, where and falsehood is driven away. As for Manu, the king desirous of investigating judicial proceedings should enter the sabha, being well-mannered and wearing a dress suitable to the situation, along with the ministers and Brāhmins who are well versed in state policies look in to the cases of the litigants.

Yājñavalkya remarks the king being free from anger and avarice, should investigate judicial proceedings along with Brahmins who are well-versed in dharmaśāstras. Kātyayana says that the word 'nṛpa' means one despite his caste and religion, is able to protect the subjects.

The king who looks into the judicial proceedings together with the judge, the councillors, the brāhmins, the family priest and the sabhyas (members of assembly) reaches heaven after death on account of his dharma (virtues). In this passage the word Brahmin indicates one who is not appointed, but eligible to enter the count as a birth, while sabhyas are those who are appointed. Nārada also reveals the same opinion.

2. Prādvivāka (Judge)

He, who in a controversy asks questions and also cross-questions and who is the first to speak in a sweet manner, is therefore known as prādvivāka.

3. Amātya (Councillor)

The king should appoint as amātya a person of the regenerate classes, who knows all the śāstra's, who is not avaricious, who utters what is just, who is a

Brahmin, who is wise and to whom the office comes hereditarily. In this passage the word dvija is used again for the purpose of including a kṣatriya or a Vaiśya in the absence of a Brāhmin. Where, there is no learned Brahmin should appoint a kṣatriyaor a Vaisya who is proficient in dharmaśāstra.

4. Gaṇaka and Lekhaka (Accountant and Scribe)

The king should appoint as gaṇaka and lekhaka two persons, who are well versed in the principles of grammar and lexicography, who are proficient in reckoning who are pure and who are acquainted with various alphabets. Yājñvalkya says that a king who cannot, owing to pressure of work, look into the cases should appoint a Brāhmin learned in all dharmaśāstras. Bṛhaspati declares the duties of the king and the presiding judge. The presiding judge should advise the king as on whom he should lay a finger on. The accountant is to count the money and the scribe is to write a good hand the legal proceedings. The king should sit facing the east, the north, while the accountant should face the west and the scribe the south.

Yājñavalkya speaks of determining agencies other than the royal court. In matters of judicial proceeding men belonging to superior race, should be appointed by the king.

Traditionally, there were generally eighteen vyvahāra padas or titles of law or matters of dispute are put down in Manusmṛti. In vyavahārādhyāya has twenty five prakaraṇas. There are:-

Sādhāraṇa vyavahāramātṛkā (Law in regulations in general), Asādhāraṇa vyavahāramātṛka (Exceptional Regulations), Ṛṇadāna (Laws Relating to Loans), Upanidhi(Laws relating to Deposit), Sākṣi (The laws of Evidence), Lekhya (Laws Relating to Written Document), Divya (Daivi or Divine Tests), Dāyavibhāga (Divisions of Property), Simāvivāda (Laws Relating to Disputes about Boundaries), Svāmipālavivāda (Laws Relating to Disputes among the Keepers), Asvāmivikraya (Laws Relating to Sale of Articles), Dattāpradānika (Laws Relating to Gift and its Acceptance), Krithānuśaya (Laws Relating to Returning a thing Purchased to the Seller), Abhyupethyāśuśruṣa (Laws Relating to the Breach of Contract) Saṁvidevyatikrama (Laws Relating to the Breach of Established Usage), Vedanādāna (Laws Relating to Non-Payment of Wages), Dyūthasamāhvaya (Laws Relating to Gambling and Betting with Living Creatures), Vākpāruṣya (Laws Relating to the Abuse Words and Defamation), Daṇdapāruṣya (Laws Relating to Assault and Violence), Sāhasa(Laws Relating to Robbery) Vikriyāsampradāna (Laws Relating to Non-Delivery of Article Sold), Saṁbhūyasamudhāna (Laws Relating to Joint

ISSN: 2582 - 2594

Stock Companies, Steya(Laws Relating to Theft), Strīsaṁgrahaṇa (Laws Relating to Adultery and Seduction), Prakirṇṇa (Miscellaneous Rules)

Conclusions

Yājñavalkya Smṛti bears the almost importance, since it is the law of the majority of the Hindus. The Mitākṣara is the most reliable commentary on this treatise. It has, in effect, superseded the code of Manu; not only Manu, but it has superset all the earlier treatises and in several aspects it acts as a superincumbent on other codes. It became the accepted code or law of the whole Āryans not only on account of its collective materials, but also for its forwarding liberal juridical norms.

This treatise of Yājñavalkya is a science of morals. The readers will see it arranged in three divisions, including chapters on politeness, on good quality and on atonement for the offences committed. It also includes in instate Hindu law code Mitākṣara too, where in laws governing the enjoyment of rights on property in Hindu Undivided family have been noted. In a way, these laws make one aware of the good qualities which are essential to become a good citizen. Thus, Yājñavalkyasmṛti serves as a master key to upon the doors of justice so as to enhance the thought of human beings gradually growled from the stage of Homo-sapiens to this modern civilized one.

Though the laws depicted such treatises have only. Contingent pursuance in human life, it is necessary for anyone to study these once prevailed laws to lead a successful like. This unmatched book of the sage, Yajnavalkya, undoubtedly serves the purpose of a guide even in this modern era due to its depiction of unquestioned laws useful for the whole mankind.

Notes

1. M.N.Dutt, op.cit, Yāj.S, ll.5, vol.ll, p-6

Select Bibliography

Books in English

1. Aiyar, C.P.R. Introduction- The cultural heritage of India, Vol.II, Culcutta, 1962
2. Altekar, A.S. The Position of Smṛtis as a source of Dharma, an article published in 'A Volume of Studies in Indology' Poona Oriental Series No.75
3. Ashutosh Dayal Mathur, Medieval Hindu Law, Oxford University Press, Delhi, 2007
4. Banerji, SuresChandra. A Companion to Dharmasastra, D.K.Printworld (P) Ltd. New Delhi, 1917

5. Bhargava, P.L. India in the Vedic Age History of Aryan Expansion in India, D.K.Printworld Ltd, India, 2001
6. Bist, B.S. Yājñavalkyasmṛti,Chaukhamba Sanskrit Prasatan, Delhi, 2004
7. Chakravarti, P. Origin and Development of the Sāṁkhya System of Thought, Munshiram Manoharlal Publishers, Oriental Books Reprint Corporation,1951
8. Chintamani, T.R. Vyavaharasiromani of Narayana,Annalas of Oriental Research, Madras,1941
9. Daya Krishan. The Problematic and Conceptual Structure of Classical Indian Thought about Man, Society and Polity, Oxford University Press, Delhi, 1996
10. Derrett,J.D.M. Hindu Law,Past and Present,Calcutta,1957
11. Devanabhatta, Smṛticandrika: Ed. Srinivasacharya (L),Govt.Oriental Library,Vol.I,, Mysure.1914
12. Dutt, M.N: Yājñavalkya-Smṛtiḥi., Kalaprakashan, Delhi. 2011.
13. Gajendragadkar, Manusmṛti With commentary of Medhātithi,2 Vols., Calcutta, 1971,
14. Ghose, J.C, Mulla, D.F. Principles of Hindu law, Vol.II.Culcutta, 1976
15. GopinadanNair, N.Manusmrti, Vidyarambham Publishers. Mullakkal, Alappuzha, 2005.
16. Goyandka, Jayadayal: Mahābhārata, Gita press, Gorakpur. ed., 2008
17. Kangle R.P, Kautilya Arthasastra, (Ed.) Reprint, Moti Lal Banarasi Das, Delhi, 1988
18. Kane, P.V. History of Dharmaśāstra, Vol.I, Poona, B O I, 1930
19. Kane, P.V. History of Dharmaśāstra Vol.ll, part 1,B.O.I,1941
20. Kane, P.V.The Vyavahāramayūka of Nilakantha, Aryasamskrti Press, Bombay, 1933
21. Krishnaswami, K.R. The Amazing life of the sage supreme Yājñavalkya & his Towering Role in Bṛihadāraṇyka, A & k Prakashana, Bangalore, 2007
22. Lallanji Gopal: Retrieving Sāṁkhya History an Ascent from Dawn to Meridian, D.K, Printworld (p) Ltd.New Delhi, 2000
23. Max Muller: Six Systems of Indian Philosophy, London, 1926
24. Mahāmahopādhyāya Ganapati Sastri. T: The Yājñavalkyasmṛti with the Commentary Bālakrida of Visvarūpachārya, Munshiram Manoharalal Puplishers Pvt.Ltd. Delhi. 1982.
25. Monier Williams,The Indian Wisdom,Chaukhamba Sanskrit Series Office,Varanasi,1963
26. Motwani, K. Manu Dharmaśāstra, Ganesh& Co.Pvt.Ltd, Madras, 1937
27. Mulla, Principles of Hindu Law, vol1, Part.ll, Calutta, Estern Law House, 1976
28. Narendra Nath, Aspects of Ancient Indian Polity, At the Clarendon Press, Culcutta, 1921
29. Pal, R.C, The History of Hindu Law, T.L.L, Paton, 1930
30. Pargiter, F.E. Ancient Indian Historical Tradition Chronology of Ancient India, Motilal Banarsidass, India, 1922
31. Rajbali Pandey, Hindu Saṁskāras, Motilal Banarsidass Publishers, Delhi1969
32. Rajendranath Sarma: Ancient India According to Manu, Nag Publications, Javawahar Nagar Delhi-7, First edn.1989,

 ISSN: 2582 - 2594

33. Ram, G.M, The Bible of Hinduism, Allied Publishers Pvt.L, Delhi, 1985
34. Ramgopal: India of Vedic Kalpasutras, Motlal Banarasidass, Delhi 1983
35. Rangaswami Aiyangar K.V.Vyavahārakāṇda, Oriental Institute, Baroda, 1958
36. Rangaswami Aiyangar (K.V.): Vyavaharanirnaya of Varadaraja, Adyar, The Vasantha Press, Adayar, Madras, 1942
37. Sarkar U.C., Epochs in Hindu Legal History, Vishveshvaranand Vedic Research Institute, Hoshiarpur.1958
38. Sharma, R.N. Ancient India According to Manu, First edn.1980, Nag Publishers, Delhi-7
39. Shastri, U.V. Sāṁkhya Drsana Ka Ithihasa, Virjanand Vaidika Shodha Samsthan, Ghaziabad, India,
40. Shivaji Singh: Evolution of the Smrti Law, Bharatiya Vidya Prakasana, Varanasi, 1972
41. Sinha, B.P. Comprehensive History of Bihar, Vol.1, part.1, Kashi Prasad Jayswal Research Institute,Patna,1974
42. Srisa Chandra Vasu: Yājñvalkyasmṛti-The Mitaksara,part 1,The Sources of Law and Duties Of A Student.,Indian Press.,Allahabad.,1909.
43. Sternbach L.Juridicial Studies in Ancient Indian Law, Part I, Motilal Banarsidass, Delhi, 1965
44. Swain Braja Kishore, The Dharmasāstra: An Introductory Analysis, Akshay Prakashan, Delhi, 2004
45. Swain Braja Kishore, The Voice of Verdict, Chaukhamba, New Delhi, 2007
46. Ujjala Jaha, Dharmaśāstra and Human Rights, New Bharatiya Book, Delhi, 2011
47. Urmila Rustogi, Yājñvalkyasmṛti, Chaukhamba Sanskrit Prasatan, Delhi, 2004
48. Varadacharya(S), Hindu Judicial system, Lucknow, 1946

Books in Malayalam

49. Agnipurāṇam, Hariharanandasaraswathy, Dronacharya publications, Calicut, Third edn. 2003
50. BhagavadGīta, Kunnath Janardhana Menon, BhagavadGita, Devi Book Stall, Kodungallor, 2009
51. Yoga Yājñavalkyamṁ-oru Padanaṁ, Keralavarma, Kurukshetra Prakasan, Kochi, 2014

Books in Sanskrit

52. Yājñavalkya-Smṛtiḥi., Dutt, M.N: Kalaprakashan, Delhi. 2011.
53. Yāñavalkyasmṛti (with Mitākṣara), Acārya Narayana Ram, Reprint, Nag Publications, Delhi, 1985

കേരളാധുനികതയും ഭക്ഷണത്തിലെ ജാതിയും

ഡോ സി. ഗണേഷ്
അസി. പ്രൊഫസർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല
തിരൂർ, മലപ്പുറം
Email: drcganesh@temu.ac.in

സംഗ്രഹം

ആധുനികതയുടെ പ്രവർത്തനങ്ങളിലൊന്നായി ഭക്ഷണത്തെ നോക്കിക്കാണുന്ന പ്രബന്ധമാണിത്. കേരളത്തിൽ പ്രവർത്തിച്ച ആധുനികത സവിശേഷമാണ് എന്ന പൂർവകല്പനയിൽ കേരളാധുനികത എന്ന സംജ്ഞ സ്വീകരിച്ചിരിക്കുന്നു. കേരളത്തിലെ ജാതിവിവേചനത്തിന്റെ നേരടയാളമായി ഭക്ഷണത്തെ കണ്ടുകൊണ്ട് ഗാന്ധി, നാരായണഗുരു എന്നിവരുടെ ഭക്ഷണദർശനങ്ങളേയും വിശകലനത്തിന് വിധേയമാക്കുന്നു.

താക്കോൽവാക്കുകൾ: കേരളാധുനികത, ജാതി, ഉപജാതി, അഹിംസാക്രമം, കേരളഭക്ഷണം

കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ പ്രവർത്തിച്ച ആധുനികതയെ 'കേരളാധുനികത' എന്നാണ് വിളിക്കുന്നത്.[1] കേരളസമൂഹത്തിന്റെ സമ്പൂർണ മാറ്റത്തിന് ആധുനികതയുടെ വരവ് കാരണമായിട്ടുണ്ട്. കേരളത്തിലെ ജാതിബന്ധങ്ങൾ, മതബോധം, മേലാള കീഴാള സങ്കൽപ്പങ്ങൾ, ശുദ്ധിസങ്കൽപ്പങ്ങൾ, നാട്ടുസ്വരൂപങ്ങൾ, ദേശകല്പനകൾ, സാമൂഹിക പദവികൾ, മണ്ണിന്റെയും പ്രകൃതിയുടേയും ഉപയോഗവും ഉപഭോഗവും, അറിവുധാരണകൾ, ലിംഗപദവികൾ, ഉൽപ്പാദനവിതരണ സാമ്പത്തികബന്ധങ്ങൾ, കുടുംബസങ്കൽപ്പം, ദായക്രമം, കല എന്നിവയ്ക്കപ്പുറമെ കേരളനിവാസികൾ ആർജിച്ച ലോകബോധമാണ് കേരളാധുനികതയുടെ അടിസ്ഥാനം.[2]

ആധുനികതയുമായുള്ള സംഘർഷങ്ങളിലൂടെയാണ് കേരളഭക്ഷണം ഇന്നത്തെ രൂപമാർജിച്ചിരിക്കുന്നത്. ഓരോ ഭക്ഷണത്തിനു പിന്നിലെ ആശയാവലിയും ഏതെങ്കിലും തരത്തിൽ ആധുനികതയുമായി കണ്ണിചേരുന്നതു കാണാം.

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളഭക്ഷണക്രമത്തിലെ ജാതിസാന്നിദ്ധ്യത്തെ പി ഭാസ്കരനുണ്ണി വിവരിച്ചിട്ടുണ്ട്. (പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം എന്ന പുസ്തകം) 'ഭക്ഷണവിഷയത്തിലുള്ള വിവേചനം കഴിഞ്ഞ നൂറ്റാണ്ടിന്റെ പ്രത്യേകതയായിരുന്നു. അതൊരു സവിശേഷതയായി അന്നുള്ളവർ വളർത്തിയെടുത്തിരുന്നു. കേരളീയരിൽ ഏറ്റവും സർവാദരണീയമായ സമുന്നത

ISSN: 2582 - 2594

പദവി അനുഭവിച്ചിരുന്നത് നമ്പൂതിരി സമുദായമായിരുന്നു. നമ്പൂതിരിമാരിലെ ആഢ്യവിഭാഗം തൊട്ടു താഴോട്ടുപോകുന്തോറും ജാതിമേന്മ പന്തിമേന്മയായും-ഭക്ഷണത്തിന് ഒരു വരിയിൽ നിരന്നിരിക്കൽ - ജാതിക്കിഴിവ് പന്തിക്കിഴിവായും വളർന്നു പന്തലിച്ച് കേരളീയമനുഷ്യസമുദായത്തെയാകെ പല തട്ടുകളായി വേർതിരിച്ചു നിർത്തിയിരിക്കുന്ന അത്ഭുതകരമായ കാഴ്ച കാണാം. നമ്പൂതിരിമാരിൽ ഏറ്റവും ആഢ്യത്വവും ആഭിജാത്യവുമുള്ളവർ തമ്പ്രാക്കൾ ആയിരുന്നു. കുറവ് എളയതിനും. അന്യോന്യം ഒരു പന്തിയിൽ ഇരിക്കാതിരിക്കുക, തൊട്ടുണ്ണാതിരിക്കുക- ഇത് ആഭിജാത്യത്തിന്റെ അധികമേന്മയായി സമുദായം കണ്ടു.'

ജാതിശ്രേണീകരണത്തിന്റെ മേലാളത്തകാഴ്ചയിൽ നിന്നുകൊണ്ടു തന്നെ അവർണരുടെ ഭക്ഷണസമ്പ്രദായങ്ങളെ വിലകുറച്ചു കാണുന്ന പ്രവണതയും ഉണ്ടായിരുന്നു. പുട്ട് എന്ന പലഹാരം ഈഴവന്റെതാണ് എന്ന് വച്ച് ഈഴവപ്പുട്ടിനെ നമ്പൂതിരി കണ്ടപ്പം, കുമ്പംളുറി എന്നാണ് വിളിച്ചത്.

കേരളത്തിന്റെ ജാതിവിവേചനത്തെ സങ്കീർണമാക്കുന്നത് ഉപജാതിവിഭജനമാണ്. ജാതികൾ തമ്മിലുള്ള ദൂരത്തോടൊപ്പം അകലവും വിവേചനവും ഉപജാതികൾ തമ്മിലും ഉണ്ടായിരുന്നു. നമ്പൂതിരി സമുദായത്തിലെ 'എളയതും' 'മൂത്തതും' ഒരു പന്തിയിലിരുന്ന് ഉണ്ണില്ല. കല്ലാറ്റുകുറുപ്പ്, മാരാർ, പൊതുവാൾ എന്നിവരോടൊത്ത് നമ്പൂതിരി ഇരിയ്ക്കുകയില്ല. നായന്മാരിൽ പാദമംഗലക്കാർ, തമിഴ്പാദക്കാർ, കിരിയത്തുനായർ, ഇടച്ചേതിനായർ, വിളക്കിത്തല നായർ തുടങ്ങി മുഖ്യമായുള്ള 18 ഉപജാതികൾ തമ്മിൽ ഭക്ഷണത്തിന് ഒരുമിച്ച് ഇരിയ്ക്കുകയില്ല. ഈഴവരിലെ ആയുണ്ടാളങ്ങൾ, ചാന്നാൻ, കാവുതിയർ, കുണ്ടൻ, വടക്കൻ എന്നിവർ തമ്മിലും ഭക്ഷണവിവേചനമുണ്ട്. കമ്മാളരിലെ ഉപവിഭാഗങ്ങളായ ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, ഈർച്ചക്കൊല്ലൻ, ഐങ്കമ്മാളർ, തോല്ക്കൊല്ലൻ, ചെമ്പുകെട്ടി, ഓടായിമാർ, കാച്ചിക്കൊല്ലൻ, കന്നാന്മാർ, കന്നാടികൾ തമ്മിലും ഇതാണ് സ്ഥിതി. ജാതിവിട്ടോ, ഉപജാതിവിട്ടോ ആരുടേയെങ്കിലും ഭക്ഷണം കഴിച്ചാൽ 'കരവിലക്ക്'' ഏർപ്പെടുത്തുന്നു. എല്ലാ സാമൂഹിക വ്യവഹാരങ്ങളിൽ നിന്നുമുള്ള സമ്പൂർണവിലക്കാണ് 'കരവിലക്ക്''.

ഉപജാതികൾ പലതും അവർ ചെയ്യുന്ന തൊഴിലിനെ അവലംബമാക്കിയാണ് നിർണയിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. ഈ ഉപജാതികളാണ് ജാതിവ്യവസ്ഥയെ അകക്കാമ്പായി നിലനിർത്തിയത്. ജാതിശ്രേണീകരണവും കരവിലക്കുപോലുള്ള അധികാരസ്ഥാനങ്ങളുടെ നിയന്ത്രണങ്ങളും വഴി സൃഷ്ടിക്കപ്പെട്ടതാണ് ഭക്ഷണശീലത്തിലെ ജാതി എന്നു വരുന്നു.

എന്നാൽ ഉപജാതികളിൽ പലതും കാലക്രമത്തിൽ മറ്റൊന്നിൽ ലയിച്ച് സ്വന്തം സ്വത്വം പുനർനിർണയിക്കുന്നവയാണ് 20-ാം നൂറ്റാണ്ടിന്റെ പ്രത്യേകത. 1901 ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ട് അനുസരിച്ച് നായന്മാരിലെ ഉപജാതികൾ 160-ൽ നിന്ന് 1931 -ൽ എത്തുമ്പോൾ വെറും രണ്ടായി കുറഞ്ഞത് ഉദാഹരണം. ഇതരജാതികളിലും ഇത് സംഭവിച്ചിട്ടുണ്ട്. ഉപജാതികളുടെ ലയനം സാമൂഹികാവസ്ഥകളെ അതിജീവിക്കാനുള്ള പ്രതിരോധപ്രവർത്തനമായിരുന്നു എന്നു തന്നെ കരുതണം. അപ്പോഴും ശക്തമായ സാന്നിദ്ധ്യമായി ജാതികൾ നിലനില്ക്കുകയായിരുന്നു. അഥവാ ഉപജാതികൾ ലയിക്കുമ്പോൾ ജാതിമേധാവിത്വം കൂടുതൽ ശക്തിയാർജിക്കുകയായിരുന്നു.

ഭക്ഷണത്തിലെ ജാതീയമായ വിവേചനം ഭക്ഷണത്തെ വിമോചനത്തിന്റെ രൂപമാക്കി മാറ്റുമെന്ന് 19 ആം നൂറ്റാണ്ട് വിശ്വസിച്ചിരുന്നില്ല. എന്നാൽ ഭക്ഷണത്തിലെ ജാതിയെ തുത്തെറിയാനുള്ള ശ്രമങ്ങൾ കേരളാധുനികതയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇന്ത്യയിലെ ദേശീയ പ്രസ്ഥാനങ്ങൾ ജാതിയെ എവ്വിധമാണോ ഉൾക്കൊണ്ടത് അതേ പ്രശ്നങ്ങൾ ജാതിഭക്ഷണത്തിലും ആവർത്തിക്കുകയായിരുന്നു. ദേശീയ പ്രസ്ഥാനങ്ങൾ ജാതിവ്യവസ്ഥയുടെ അടിസ്ഥാനപ്രശ്നം പഠിക്കാതെ പോയി. ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തം വിമർശനം നേരിടുന്ന സന്ദർഭമിതാണ്.

ഗാന്ധിജിയുടെ അംഹിസാക്രമം

ഗാന്ധിജിയുടെ ആരോഗ്യ ദർശനത്തിൽ മനസ്സിനാണ് പ്രാധാന്യം. സംശുദ്ധമായ മനസ്സില്ലെങ്കിൽ എത്ര ആരോഗ്യമുള്ള വ്യക്തിയായാലും ആരോഗ്യവാൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ പറ്റില്ല. ഇത് മനസ്സിനെയും ശരീരത്തെയും ആധുനിക അവബോധത്തിൽ മനസ്സിലാക്കിയെടുക്കലാണ്.

ആധുനിക ജീവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ശരീരത്തിലെ ഏറ്റവും പ്രധാന ഭാഗമാണ് ഉദരം എന്ന് ഗാന്ധിജി തിരിച്ചറിയുന്നു. പ്രാഥമികമായി ഭക്ഷണത്തെ ദഹിപ്പിക്കലും അതിലൂടെ ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പോഷകങ്ങൾ സൃഷ്ടിക്കലുമാണ് ഉദരത്തിന്റെ ധർമ്മം. ഉദരത്തെ ആധുനിക കണ്ടുപിടിത്തങ്ങളിൽ ശ്രദ്ധേയമായ -ഇന്ത്യൻ ആധുനികതയുടെ പ്രതീകം എന്ന് വിളിക്കാവുന്ന- തീവണ്ടി എൻജിനോടാണ് ഗാന്ധിജി ഉപമിക്കുന്നത്.

വേവിച്ച, രുചികരമായ ഭക്ഷണപാചകത്തെക്കുറിച്ച് ഗാന്ധിജിക്ക് വലിയ അഭിപ്രായമില്ല. പക്ഷികളെയും മൃഗങ്ങളെയും നോക്കൂ അവർ ഒന്നും രുചിക്കുവേണ്ടി ഭക്ഷിക്കുന്നില്ല. നമ്മളെപ്പോലെ വയറുനിറച്ച് കഴിക്കുക എന്ന ഒരു സ്വഭാവം അവയ്ക്ക് ഇല്ല. വിശപ്പടക്കാൻ ആവശ്യമായ ഭക്ഷണം മാത്രമാണ് അവ കഴിക്കുന്നത്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളെ അവ അതേപടി ഉപയോഗിക്കുകയാണ് ചെയ്യുക. അല്ലാതെ വേവിച്ച് കഴിക്കാറില്ല. ഇത് മനുഷ്യൻ അവന്റെ നാവിനെ തൃപ്തിപ്പെടുത്താനായിട്ട് മാത്രം കണ്ടെത്തിയ ഒരു വിധിയല്ലേ? അങ്ങനെയുള്ള തൃപ്തികൾക്ക് പിന്നാലെ പോയി രോഗികളായി മാറുന്ന അവസ്ഥാവിശേഷവും വിശേഷജീവിയായ മനുഷ്യന് മാത്രം അവകാശപ്പെട്ടതല്ലേ?

ഭക്ഷണരീതികളുടെ അടിസ്ഥാനത്തിൽ വെജിറ്റേറിയൻ, മിശ്രഭോജി, മാംസാഹാരികൾ എന്ന ഗാന്ധിജിയുടെ വിഭജനം എത്രമേൽ അപകടം പിടിച്ചതാണെന്ന് കാണുക.

'സാംസ്കാരികമായി വളരെ പിന്നാക്കം നിൽക്കുന്ന ഒരു ചെറിയ വിഭാഗം ജനത മാംസാഹാരം മാത്രം കഴിച്ചുപോരുന്നു. ഇവർ എണ്ണത്തിൽ വളരെ കുറച്ചു മാത്രമേ ഉള്ളൂ. അറിവില്ലായ്മയാണ് അവരെ ഇങ്ങനെ മാംസാഹാരിയായി നിലനിർത്തുന്നത്'

മാംസാഹാരം കഴിക്കുന്നവർ സാംസ്കാരികമായി പിന്നാക്കമാണെന്നും അറിവില്ലായ്മയാണ് മാംസാഹാരം കഴിക്കുന്നതിനു കാരണമെന്നും വിലയിരുത്തുന്ന അശാസ്ത്രീയതയും സാംസ്കാരിക നോട്ടത്തിലെ അബദ്ധവും കാണാതിരുന്നുകൂടാ. ഒപ്പം പാചകം എന്ന കലയെ അപ്പാടെ നിരാകരിക്കുന്നതും കാണാം. പാകം ചെയ്യാതെ ഭക്ഷിക്കാനാവുമെങ്കിൽ നാം എന്തിന് വെറുതെ

ISSN: 2582 - 2594

പണവും ഊർജ്ജവും സമയവും ഒക്കെ ഭക്ഷണം പാകം ചെയ്യുന്നതിനായി വ്യയം ചെയ്യണം? ഇത് ഒരുതരം ന്യായവാദമായെ നിലനില്ക്കൂ.

ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ

കൊളോണിയൽ കാലത്ത് കരവിലക്ക് ഉൾപ്പെടെ നിലനിന്ന വ്യവസ്ഥിതിയിൽ കീഴ്ജാതിക്കാർ അനുഭവിക്കേണ്ടിവന്ന ഭക്ഷണവിവേചനങ്ങളോട് അത്തരം വിഭാഗങ്ങളിൽ നിന്ന് കടുത്ത എതിർപ്പ് അകമേ ശക്തമായിരുന്നു. ഇത് നിലനിൽക്കവേയാണ് ദേശീയപ്രസ്ഥാനം ജാതിവിഭാഗങ്ങളിലെ കീഴ്ത്തട്ടുകാരെ അഭിസംബോധന ചെയ്യാൻ മെനക്കെടാതെ ദേശീയസമരവുമായി മുന്നോട്ടുപോകുന്നത്. കീഴ്ത്തട്ടുകാരേയും വനവാസികളേയും ഭാരതത്തിന്റെ പൈതൃകത്തിനു പുറത്താക്കുന്ന ഭക്ഷണത്തിലെ ശുദ്ധിവാദം ഇതിനോടൊപ്പം കടന്നുവരുന്നുണ്ട്. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മേലാളത്ത മനോഭാവം നിരവധി ജനജാതികളേയും വനവാസികളേയും അടിസ്ഥാന വർഗത്തിന്റേയും സാംസ്കാരികത്തനിമയെ ഉൾക്കൊള്ളാൻ കൂട്ടാക്കിയില്ല എന്ന് സനൽ മോഹനെപ്പോലുള്ള ദളിത്പണ്ഡിതർ വിലയിരുത്തുന്നു.

ഈ സമയത്താണ് പാശ്ചാത്യരായ ചില ഓറിയന്റലിസ്റ്റുകളുടെ പൗരസ്ത്യസംസ്കാരമൂല്യമായി അവർ പുകഴ്ത്തിയ സസ്യാഹാര ശീലത്തെ ഗാന്ധിജി ഇന്ത്യൻ വ്യവഹാരങ്ങളുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നത്. ഇന്ത്യനാധുനികതയുടെയും കേരളാധുനികതയുടേയും പൊതുസമ്മതിയായ, ബഹുഭൂരിപക്ഷത്തിന്റെ മിശ്രഭക്ഷണസംസ്കാരം അതോടെ പുറന്തള്ളപ്പെടാനാരംഭിച്ചു. ഗാന്ധിയുടെ അഹിംസാക്രമവും പ്രചരണവും ഈ പുറംതള്ളലിന്റെ വേഗത വർദ്ധിപ്പിച്ചു. ആധുനിക അവബോധത്തിൽ ഉച്ചനീചത്വത്തിന്റേതായി കരുതിയ ഭക്ഷണക്രമത്തെ, അതിന്റെ ധാർമിക അടിത്തറയെ ഗാന്ധി മറ്റൊരു ധാർമിക അടിത്തറ നിർമിച്ചുകൊണ്ടാണ് വ്യാഖ്യാനിച്ചത്. അദ്ദേഹം ഇന്ത്യൻ ഭക്ഷണക്രമത്തിന്റെ ഉന്നതമൂല്യമായി മേൽജാതിക്കാരുടെ സസ്യാഹാരരീതിയെ അവതരിപ്പിക്കുകയും ആ സസ്യാഹാരരീതിയെ അഹിംസാത്മക ജീവിതചര്യയായി വ്യാഖ്യാനിച്ചുകൊണ്ട് പുതിയൊരു ധാർമികാടിത്തറയിൽ അതിനെ ഉറപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ സസ്യാഹാരരീതിയെ അഹിംസയുടെ ഏകവചനമാക്കുകയാണ് അദ്ദേഹം ചെയ്തത്. (അരുൺ 2012) ഗാന്ധിയുടെ വ്യാഖ്യാനം ഭക്ഷണത്തിലെ ജാതിയെ ഇല്ലാതാക്കിയില്ല എന്നു മാത്രമല്ല ദൈനംദിന ജീവിതത്തിലെ നിത്യസാന്നിദ്ധ്യമായി ജാതിയെ പുനരുൽപ്പാദിപ്പിക്കുകയാണ് ചെയ്തത് എന്ന് കൂടി അരുൺ വിമർശിക്കുന്നു.[3] പശുവിനെ ഗോമാതാവായി കണ്ടുകൊണ്ട് പശുവധം തീവ്രഹിംസയായി കാണുന്ന ഗാന്ധിയുടെ വ്യാഖ്യാനം ഹിംസയുടെ ശ്രേണീഘടന ഉൽപ്പാദിപ്പിക്കുകയും പശുവിനെ കൊല്ലുന്നത് കൊടുംഹിംസയും ആടിനേയോ കോഴിയേയോ കൊല്ലുന്നത് കുറഞ്ഞഹിംസയായും മാറുന്ന കപടജനകീയ ഭക്ഷണബോധമാണ് സൃഷ്ടിച്ചത്. ഹിംസയുടെ ഈ ഘടനാക്രമത്തിൽ ദളിതുകൾ അപരവൽക്കരിക്കപ്പെടുകയും ദളിതഭക്ഷണങ്ങൾ വിലകുറഞ്ഞതാക്കുകയും ബ്രാഹ്മണിക്കൽ വെജിറ്റേറിയനിസത്തെ ഇന്ത്യൻ ഭക്ഷണബോധത്തിന്റെ അമരത്ത് കൊണ്ടുവരികയും ചെയ്തു.

നാരായണഗുരുവും കേരളഭക്ഷണത്തിന്റെ വാർപ്പും

കേരളാധുനികതയിൽ ഇതിന്റെ മറ്റൊരു വശമാണ് പ്രയോഗിക്കപ്പെട്ടത്. ഉപജാതികളുടെ ലയനവും കൊളോണിയൽ നാടുവാഴ്ചയും ബ്രാഹ്മണ സ്വഭാവമുള്ള പ്രഭുക്കളും നമ്പൂതിരിവാഴ്ചയും

എല്ലാം ചേർന്നപ്പോൾ കേരളഭക്ഷണവ്യവസ്ഥ മാറ്റത്തിനു വിധേയമാവാൻ തുടങ്ങി. ഈ ചരിത്രഘട്ടത്തിൽ വച്ചാണ് കേരളഭക്ഷണത്തിന്റെ പൊതുമാതൃക വാർക്കപ്പെട്ടത്.

മലയാളികളിൽ മഹാഭൂരിപക്ഷവും മത്സ്യമാംസഭുക്കുകളാണെന്ന് വില്യം ലോഗൻ ഇക്കാലത്തെക്കുറിച്ച് എഴുതുന്നുണ്ട്. സവിശേഷമായി കേരളത്തിൽ വലിയ തീരപ്രദേശം ഉണ്ടായിരുന്നതുകൊണ്ടും വിദേശികളുടെ സമ്പർക്കംകൊണ്ടും മത്സ്യ-മാംസ ഭക്ഷണത്തിന് മറ്റുള്ള ഇടങ്ങളിൽ ഉള്ളതിനേക്കാൾ സാമൂഹ്യപദവി ലഭിച്ചിരുന്നു. ബ്രാഹ്മണരും നമ്പൂതിരികളും ഒഴികെയുള്ള സമൂഹമത്രയും മിശ്രഭോജികളായിരുന്നിട്ടും ജാതിനിർമാർജനത്തിനായി സംഘടിപ്പിക്കപ്പെട്ട മിശ്രഭോജനത്തിന് സസ്യാഹാരം ഉപയോഗിക്കുന്നതു മുതൽ ആരംഭിക്കപ്പെടുന്ന ഭൂരിപക്ഷരുചി വിരുദ്ധത ഇന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. ദേശീയ സന്ദർഭത്തിൽ ഗാന്ധി വിമർശിക്കപ്പെട്ടതുപോലെ കേരളാധുനികതയുടെ നിർമിതിയിൽ ശ്രീനാരായണഗുരു വിമർശനവിധേയമാവുന്നു. 1888-നോടടുപ്പിച്ച് നാരായണഗുരു അരുവിപ്പുറത്ത് വാവൂട്ടുയോഗം നടത്തുന്നത് അതുവരെ ഈഴവർ ഉപയോഗിച്ചിരുന്ന മത്സ്യമാംസക്കറിക്കുപകരമായി പച്ചക്കറി ശീലിപ്പിക്കാനാണ് എന്നുവരികയും എസ്.എൻ.ഡി.പി യുടെ പരിഷ്കരണ പരിപാടിയിലൊന്നായി ഭക്ഷണനവീകരണം, സസ്യാഹാര പ്രോത്സാഹനം നടപ്പാക്കാൻ തീരുമാനിച്ചിരുന്നു എന്ന് മനസ്സിലാക്കുമ്പോൾ ബ്രാഹ്മണിക്കൽഭക്ഷണത്തിന്റെ വാർപ്പു മാതൃക എങ്ങനെ രൂപപ്പെട്ടുവെന്നതിനു സൂചന ലഭിക്കുന്നു.

ജനതയെ ഒരുമിപ്പിക്കുകയും ഒന്നിച്ചിരുത്തുകയും ചെയ്യേണ്ട ഭക്ഷണം ജാതിചിഹ്നങ്ങളുടേയും മതബോധത്തിന്റേയും മതിലുകളായി മാറുന്നതാണ് പിന്നീട് കാണുന്നത്. വിവേചനത്തിന്റെ അടയാളങ്ങളായി ഭക്ഷണം മാറിയതിനു പിന്നിൽ കേരളസമൂഹത്തിന്റെ അടിത്തട്ടിൽ പ്രവർത്തിച്ച കീഴാളപക്ഷത്തിന്റെ പ്രതിഷേധമൗനങ്ങളും ഭൂരിപക്ഷാഭിരുചിയുടെ അഭാവം ബലപ്പെടുത്തിയ ജനതത്വവുമാണുള്ളത്. കേരളഭക്ഷണമായി ഇന്ന് വ്യവഹരിയ്ക്കുന്ന സദ്യയോ നാനാതരം പലഹാരങ്ങളോ വലിയ അവർണ്ണപക്ഷത്തിനു മുകളിൽ അടിച്ചേല്പ്പിക്കപ്പെട്ടതാണ് എന്ന് കാണുവാൻ പ്രയാസമില്ല. വർത്തമാനകാലത്ത് വെജിറ്റേറിയൻ സദ്യ എന്നു കേൾക്കുമ്പോൾ ഹിന്ദുമതവും ബിരിയാണി എന്ന് കേൾക്കുമ്പോൾ ഇസ്ലാംമതവും അവലോസ്പൊടി, കുഴലപ്പം എന്ന് കേൾക്കുമ്പോൾ ക്രിസ്തുമതവും മനസ്സിൽ തെളിയുംവിധം ഭക്ഷണത്തിൽ കമ്പാർട്ടുമെന്റ് (അറകൾ) തെളിയുന്നുണ്ടെങ്കിൽ അത് കേരളാധുനികതയുടെ നിർമിതിപ്രശ്നങ്ങളിലേയ്ക്കാണ് വിരൽചൂണ്ടുന്നത്.

വ്യത്യസ്ത സംസ്കാരങ്ങളേയും അഭിരുചികളേയും സ്വാംശീകരിക്കാൻ സന്നദ്ധമായ സംസ്കാരമണ്ഡലമായി കേരളം എന്ന ഭൂപ്രദേശം അടയാളപ്പെട്ട് കിടന്നിരുന്നു. പാരമ്പര്യമാവട്ടെ ജാതിയുടേയും ഉപജാതിയുടേയും സങ്കരത്തിൽ അമർന്നതായിരുന്നു. തികച്ചും വ്യത്യസ്തവും പരസ്പരഭിന്നവുമായ കാഴ്ചാമൂല്യങ്ങൾ സാംസ്കാരികമായി വിളയിക്കപ്പെട്ട ജനഭൂപടമായിരുന്നു കേരളത്തിന്റേത്. ഇന്ത്യൻദേശീയതയോട് ഐക്യപ്പെട്ടുപോകുന്ന ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ സ്പേസിങ്ങിന്റെ അഭാവവും നിഴലിച്ചു. ഇങ്ങനെ എല്ലാ തരത്തിലും കേരളാധുനികത സന്ദേഹത്തിന്റെ സംഘർഷതലങ്ങളേയാണ് അഭിമുഖീകരിച്ചത്. ജാതിഭക്ഷണത്തിന്റെയും ഭക്ഷണവിലക്കുകളുടേയും ഭ്രഷ്ടുകളുടേയും കൊളോണിയൽ കാലത്ത് തന്നെയാണ് പൊതുഭക്ഷണ ഇടങ്ങൾ കേരളാധുനികതയിൽ ഇടം പിടിക്കുന്നത്. അന്നുവരെ ജാതിവ്യവസ്ഥയുടെ

 ISSN: 2582 - 2594

പേരിൽ ഒരുമിച്ചിരിക്കാത്തവർക്ക് പുതിയ ഭക്ഷണശീലം സ്വീകരിക്കാമെന്നായി. ജാതിവിരുദ്ധസമരങ്ങൾ നടന്നിരുന്നതിനാലും ഭക്ഷണം ജാതിസമരങ്ങളുടെ ആയുധമായി പ്രയോഗിക്കപ്പെട്ടുന്നുണ്ടായിരുന്നതിനാലും ആധുനികമലയാളിയെ സജ്ജമാക്കുന്ന ഒന്നായി പൊതുഭക്ഷണ ഇടങ്ങൾ മാറി. പരമ്പരാഗത ഭക്ഷണരീതികൾ ഉടച്ചുവാർക്കേണ്ടതാണെന്ന് ഇരുപതാം നൂറ്റാണ്ടിലെ ഭോജനശാലകളും ചായക്കടകളും പ്രഖ്യാപിച്ചു.

പൊതുമണ്ഡലരൂപീകരണത്തെ ഭയക്കുന്നവർ ഹോട്ടൽഭക്ഷണരുചി കൃത്രിമമാണെന്ന് വിധിക്കാൻ ശ്രമിക്കുന്നുണ്ട്. ഒടുവിൽ കുഞ്ഞികൃഷ്ണമേനോനെപ്പോലെയുള്ളവർ ഹോട്ടലുകളിൽ ചുണ്ണാമ്പുചോറും പുഴക്കുട്ടമാതിരിയുള്ള ഉപ്പിലിട്ടതും കയ്പ്പേറിയ ഉപ്പേരിയുമാണെന്ന് ശ്ലോകത്തിലൂടെ കളിയാക്കുന്നുണ്ട്. ഭക്ഷണം കഴിച്ചാലുടൻ ഛർദി വരുമെന്നാണ് പറയുന്നത്. കേരളഭക്ഷണത്തിന്റെ രുചിയധികാരം ഏറ്റെടുക്കുന്ന പാരമ്പര്യത്തിന്റെ ആധുനികതാവിരുദ്ധ ചിരിയാണത്. വർഷങ്ങൾ പിന്നിടുമ്പോൾ ഇതേ ഹോട്ടലുകൾ പാരമ്പര്യചിഹ്നങ്ങൾ അണിയാൻ ശ്രമിക്കുന്നതാണ് കേരളത്തിന്റെ ഭോജനശാലാചരിത്രത്തിന്റെ വൈരുദ്ധ്യം. ഭക്ഷണം കഴിയ്ക്കുന്ന മനുഷ്യൻ എന്ന പൊതുകർതൃത്വത്തിലേക്ക് ഉയരാനും ജാതിയുടേയോ മറ്റ് കീഴാളതയുടേയോ പ്രദേശത്തിന്റെയോ വ്യവഹാരചിഹ്നങ്ങൾ അപ്രസക്തമാവുന്ന ചരിത്രസന്ദർഭത്തിലേയ്ക്ക് എത്താനും ഹോട്ടലുകൾ മലയാളിയെ സഹായിച്ചു.

എന്നാൽ ജാതിഭക്ഷണത്തിന്റെ പരമ്പരാഗതശൈലികൾ നമ്മെ ഇടയ്ക്കിടെ പുറകോട്ട് വലിച്ചു. യൂറോപ്പുകാരുടെ പാനീയങ്ങളായ ചായയും കാപ്പിയും ചായക്കഷായവും കാപ്പിക്കഷായവുമായാണ് ആദ്യകാലത്ത് സ്വീകരിച്ചത്. ഭക്ഷണം എന്നത് ആരോഗ്യശാസ്ത്രയുക്തിയിലധിഷ്ഠിതമാവണമെന്ന് കേരളിയാധുനികത വിധിക്കുന്നു. അതിനാൽ പുതുതായി സ്വീകരിക്കുന്ന ഭക്ഷണത്തിന്റെ ശാസ്ത്രമൂല്യത്തിന്റെ കണക്ക് പരിശോധിക്കപ്പെടുന്നു. എന്നാൽ ആദ്യകാല ഹോട്ടലുകളിൽ ജാതിവിവേചനം ഒരു തരത്തിൽ നിലനിന്നിരുന്നുവെന്ന് പൊതുവെ പറയാം. പ്രത്യക്ഷജാതിവിഭവങ്ങളുള്ള ഹോട്ടലുകളിൽ ഇതര ജാതിക്കാർ കയറാതിരുന്ന പ്രവണത ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏതായാലും തൊട്ടുമുമ്പ് നിലനിന്ന ജാതി അസ്പൃശ്യതയെ അതിജീവിക്കാനുള്ള മാർഗം എന്ന നിലക്കാണ് ഇതര ജാതിക്കാർ ഹോട്ടലുകളെ കണ്ടതെന്നു വരുന്നു.

ആധുനികതയിൽ പാരമ്പര്യത്തെ കണ്ടെത്തുകയോ പാരമ്പര്യത്തിൽ ആധുനികത ആരോപിച്ച് സ്വീകരിക്കുകയോ ചെയ്യുന്ന പ്രവണതയാണ് ഹോട്ടലുകളുടെ വ്യാപനത്തോടെ കേരളത്തിൽ സംഭവിച്ചത്. എന്നാൽ ഈ സംക്രമണകാലത്ത് ബ്രാഹ്മണ നമ്പൂതിരി ആശയശാസ്ത്രങ്ങൾ സാംസ്കാരികമായ മേൽനിലയിലേക്ക് എളുപ്പത്തിൽ എത്തിച്ചേർന്നു. അബ്രാഹ്മണ സമൂഹത്തിലെ കീഴാള വർഗമൊഴികെയുള്ളവർ ബ്രാഹ്മണിക്കൽ മൂല്യങ്ങളെ തങ്ങളുടെ പാരമ്പര്യമായി പ്രതിഷ്ഠിക്കാൻ ശ്രമിച്ചു. അച്ചടി, മാധ്യമം, ദേശീയപ്രസ്ഥാനം, നവോത്ഥാനപ്രസ്ഥാനം, സാമൂഹികപരിഷ്കർത്താക്കൾ, പാഠപുസ്തകങ്ങൾ എല്ലാം സംസ്കൃതീകരണത്തിനു കീഴിൽ മാത്രം ആധുനികതാബോധത്തെ വളർത്തി. ഇതല്ല എന്നറിഞ്ഞുകൊണ്ടുതന്നെ മുഗ്ദ്ധവും സമ്പന്നവുമായ ഭൂതകാലാഭിരതിയിൽ സ്വന്തം പ്രതീകങ്ങൾ കൊത്തിവെക്കാൻ ശ്രമിച്ചു. ഈ ശ്രമത്തിനിടയിൽ കീഴാളവും വനവാസമാതൃകത്തിന്റേയും ധാരകളുടെ തിളക്കങ്ങൾ മങ്ങിയവശേഷിക്കും വിധമായി. കേരളാധുനികതയുടെ പ്രശ്നപരിസരം പോസ്റ്റ് കൊളോണിയൽ സന്ദർഭത്തിൽ സംവാദസ്ഥലിയായി പരിണമിക്കുന്നു. കേരളീയാധുനികത പാശ്ചാത്യവല്കരണത്തിനും സം

സ്വകാര്യവൽക്കരണത്തിനും ആഗോളീകരണത്തിനും വിധേയമായശേഷം സത്യാനന്തരയുക്തിയിലേക്ക് വികസിക്കുന്ന വർത്തമാനകാലത്ത് കേരളാധുനികതയുടെ എന്നത്തേയും പരിമിതി ഇനിയെങ്കിലും പഠിക്കേണ്ടതാണ്. കേരളാധുനികത മേലാളത്തപാരമ്പര്യത്തെ ഘടനാപരമായി പിളർക്കാതെ മുന്നോട്ടുപോയതിന്റേയും അഭിരുചിസംസ്കാരത്തിലെ അദൃശ്യ ഘടകങ്ങളുമായി കൈകോർക്കാത്തതിന്റേയും പാഠങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കേണ്ടതുണ്ട്.

അടിക്കുറിപ്പുകൾ

1 'അധുനാ' എന്ന സംസ്കൃതപദത്തിൽ നിന്നാണ് ആധുനികത എന്ന പദം മലയാളത്തിലേക്കു വരുന്നത്. പുതിയത്, സമകാലികമായത് എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. എങ്കിലും ആധുനികത എന്ന പദം മലയാളത്തിൽ ഒരു വിശദീകരണം ആവശ്യപ്പെടുന്നു. ഇംഗ്ലീഷിൽ 'മോഡേണിറ്റി' എന്ന സംജ്ഞയുടെ അർത്ഥത്തിലാണ് ഇവിടെ ആധുനികത എന്ന പദം ഉപയോഗിക്കുന്നത്. സാഹിത്യത്തിലെ 'ആധുനികതാ പ്രസ്ഥാന'ത്തെ മോഡേണിസം സൂചിപ്പിക്കുന്നു. ആധുനികത എന്ന വാക്കുകൊണ്ട് ഇവ രണ്ടിനേയും സൂചിപ്പിക്കുന്ന പണ്ഡിതരുണ്ട്. ഈ ലേഖനത്തിലെ 'ആധുനികത' എന്ന പ്രയോഗം ഇംഗ്ലീഷിൽ ഉപയോഗിച്ചു വരുന്ന മോഡേണിറ്റിയ്ക്ക് തത്തുല്യമാണ്. മോഡേണിറ്റിയ്ക്ക് 'ആധുനികത്വം' എന്ന പദവും മലയാളത്തിൽ ചിലർ ഉപയോഗിച്ചുവരുന്നു.

2 കേരളാധുനികതയെ മലയാളി ആധുനികത എന്ന് വിളിക്കാമെന്ന് ഡോ ജെ ദേവിക. മലയാളികൾ എന്ന ഭാഷാക്കൂട്ടായ്മയുടെ സ്വത്വനിർമിതി, അധിനിവേശാനന്തര ഫലമെന്നതിനാലാണ്, കേരളാധുനികതയെ മലയാളി ആധുനികതയെന്ന് ദേവിക, സി ഉദയകുമാർ തുടങ്ങിയവർ സംബോധന ചെയ്യുന്നത്.

3. അരുൺ എ എഡിറ്റ് ചെയ്ത 'ആഖ്യാനത്തിലെ അപരസ്ഥലികൾ' എന്ന പുസ്തകത്തിലെ രണ്ട് പ്രബന്ധങ്ങളും ഗവ ആർട്സ് ആൻറ് സയൻസ് കോളേജ് ഗവേഷണജേണലിലെ സജീവ് പി വി യുടെ പ്രബന്ധവും. ഹനുവിന്റേയും അരുണിന്റേയും പ്രബന്ധങ്ങൾ ഉത്തരകാലം വെബ്പോർട്ടലിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തെരഞ്ഞെടുത്ത ഗ്രന്ഥസൂചി

ഭാസ്കരനുണ്ണി, 2000, പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

അരുൺ എ., 2008, ആഖ്യാനത്തിലെ അപരസ്ഥലികൾ, സബ്ജക്റ്റ് അൻഡ് ലാംഗ്വേജ്

ഗണേഷ്.സി 2019 കേരളഭക്ഷണത്തിന്റെ സംസ്കാര ചരിത്രം, മലയാള സർവകലാശാല.

ലോഗൻ വില്യം 1987 മലബാർ മാന്വൽ, കോഴിക്കോട് മാതൃഭൂമി.

 ISSN: 2582 - 2594

കേരളീയ നവോത്ഥാനത്തിലെ വിസ്മരിക്കപ്പെട്ട മുസ്‌ലിംപത്രാധിപ: എം.ഹലീമാബീവിയുടെ ജീവചരിത്രത്തെ മുൻനിർത്തി ഒരുപഠനം.

സ്വാലിഹ പി. എ.
പഴങ്ങാട് ഹൌസ്,
അഴീക്കോട് പി.ഒ. കൊടുങ്ങല്ലൂർ
Email: swalihakareem22@gmail.com

സംഗ്രഹം

പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലുമായി കേരളത്തിൽ ഉണ്ടായ സാംസ്കാരികവും മതപരവുമായ പരിഷ്കരണ പ്രവർത്തനങ്ങളെ നവോത്ഥാനം എന്ന പേരിൽ പൊതുവായി വിവരിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ തുടങ്ങിയ അനാചാരങ്ങളെയും ചില വാർപ്പുമാതൃകകളെയും കാലാനുസൃതമായി പരിഷ്കരിക്കുക എന്ന ശ്രമമായിരുന്നു ഇതിനുപുറകിൽ ഉണ്ടായിരുന്നത്. പലവിധ മേഖലകളിലും വ്യത്യസ്തങ്ങളായ മത-സമുദായങ്ങളിലും എല്ലാം ഇതിന്റെ അലയൊലികൾ ഉണ്ടായിരുന്നു. ശ്രീ നാരായണഗുരു, ചട്ടമ്പിസ്വാമികൾ, വക്കംമൗലവി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങി ധാരാളം വ്യക്തികളെ ഇതിന്റെ വക്താക്കളായി നമ്മുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രപ്രവേശനം, സ്ത്രീവിദ്യാഭ്യാസം, സാർവത്രിക വിദ്യാഭ്യാസം തുടങ്ങിയ മാറ്റങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായെങ്കിലും, നമ്മുടെ പൊതുചരിത്രത്തിൽ എവിടെയും ഇതിന്റെ ഭാഗമായി നിന്ന സ്ത്രീകളുടെ പേരുകൾ പരാമർശിക്കപ്പെട്ടു കാണാറില്ല എന്നതാണ് വാസ്തവം. മതം - ലിംഗം - പ്രദേശം തുടങ്ങി ഒട്ടേറെ ഘടകങ്ങൾ നമ്മുടെ ചരിത്രരചനയെ, പൊതുബോധത്തെയൊക്കെ സ്വാധീനിക്കാറുണ്ട്. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് കേരളത്തിലെ തന്നെ ആദ്യത്തെ മുസ്ലിംപത്രാധിപയും രാഷ്ട്രീയ സാമൂഹിക വിദ്യാഭ്യാസ പ്രവർത്തകയുമായിരുന്ന എം.ഹലീമാബീവിയുടെ ചരിത്രം നമ്മുടെ പൊതുചരിത്രത്തിൽ നിന്ന് മറയ്ക്കപ്പെട്ടത്. കേരളത്തിലെ മൂന്ന് വനിതാആനുകാലികങ്ങളുടെയും ഒരു പൊതുമാസികയുടെയും ഉടമസ്ഥയായിരുന്ന, ഭാരതചന്ദ്രിക എന്ന ദിനപത്രം നടത്തിയിരുന്ന ഹലീമാബീവിയുടെ പേര് പോലും കേരളത്തിലെ മാധ്യമചരിത്രത്തിലോ നവോത്ഥാനചരിത്രത്തിലോ നമുക്ക് കാണാൻ കഴിയില്ല. മുസ്ലിംസ്ത്രീകളുടെ വിമോചനത്തിനായി നിരന്തരം പൊരുതിയ, ഭരണാധികാരികളുടെ അന്യായങ്ങളോട് കലഹിച്ച ഹലീമാബീവി

അത്ഭുതകരമാംവിധം ആർജവവും നിലപാടും ധിഷണയും നേതൃഗുണവും പ്രകടിപ്പിച്ച വനിതയാണ്. നവോത്ഥാനവും സ്ത്രീവിമോചനവും സജീവമായ വർത്തമാനകാലത്ത് ഈ രണ്ടു കാര്യത്തിലും മുമ്പേ സഞ്ചരിച്ച ഹലീമാബീവിയെ ഓർത്തെടുക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. ഹലീമാബീവിയുടെ ജീവചരിത്രത്തെ മുൻനിർത്തി അവരുടെ സാമൂഹിക സാംസ്കാരിക ജീവിതവും സംഭാവനകളും കേരളചരിത്രത്തിൽ അവർക്ക് നൽകിയ സ്ഥാനവും കണ്ടെത്താനുള്ള ശ്രമമാണീ പ്രബന്ധം.

താക്കോൽവാക്കുകൾ: കേരളീയനവോത്ഥാനം, സാംസ്കാരികചരിത്രം, മുസ്ലീംസ്ത്രീ ധൈഷണികത.

ആമുഖം

മതവും ലിംഗവും പ്രദേശവുമെല്ലാം ചരിത്രരചനയിൽ വലിയ സ്വാധീനം ചെലുത്താറുണ്ട്. ആ സ്വാധീനത്തിന്റെ ഫലമായി ചരിത്രം ആധികാരികമായി രേഖപ്പെടുത്താതെ, പല വസ്തുതകളെയും മനഃപൂർവമോ അല്ലാതെയോ ഒഴിവാക്കുന്ന പ്രവണതയും കുറവല്ല. കേരളത്തിന്റെ നവോത്ഥാന ചരിത്രം പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും. സ്വതന്ത്ര്യസമരപോരാട്ടങ്ങളിലും സാമൂഹിക പരിഷ്കരണ സമരങ്ങളിലുമെല്ലാമായി രേഖപ്പെടുത്തിവെച്ചിട്ടുള്ളത് പുരുഷന്മാരുടെ ചരിത്രമാണ്. ആ പോരാട്ടങ്ങളുടെയെല്ലാം അരങ്ങിലും അണിയറയിലുമായി പ്രവർത്തിച്ച പല സ്ത്രീകളുടെയും പേരുപോലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്നത് വസ്തുതയാണ്. അത്തരത്തിൽ തമസ്കരിക്കപ്പെട്ടു പോയ ചരിത്രസത്യങ്ങളെ വീണ്ടെടുക്കാനെന്നോണം ഒരുപാട് അന്വേഷണങ്ങളും പഠനങ്ങളും സമകാലികമായി നടക്കുന്നുണ്ട്. ആ പഠനങ്ങളിൽ നിന്നും തെളിച്ചെടുത്തതാണ് കേരളത്തിലെ ആദ്യത്തെ പത്രാധിപയും മുസ്ലിംസമുദായ നവോത്ഥാന നായികയും രാഷ്ട്രീയപ്രവർത്തകയുമായ ഹലീമാബീവിയുടെ ചരിത്രവും.

കേരളീയനവോത്ഥാനം

പത്തൊമ്പതാം നൂറ്റാണ്ടിൽ മിഷണറിമാരുടെ പ്രവർത്തനത്തോടു കൂടിയാണ് കേരളത്തിലെ നവോത്ഥാനപ്രവർത്തനങ്ങൾക്കു തുടക്കമാകുന്നത്. ബഹുമുഖ മേഖലകളെ അഭിസംബോധന ചെയ്യുന്നതായിരുന്നു കേരളനവോത്ഥാനം. സാമൂഹികവും സാംസ്കാരികവും സാമുദായികവുമായ നിരവധി ഘടകങ്ങളുമായി അവ ബന്ധപ്പെട്ടു കിടക്കുന്നു. അന്നത്തെ കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്ക് ഇത് തുടക്കമിട്ടു. ആചാരപരിഷ്കരണം, അയിത്തോച്ചാടനം, സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, ക്ഷേത്രപ്രവേശനം, ജാതി മത വ്യത്യാസമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക തുടങ്ങി നിരവധി ഘടകങ്ങൾ ഈ നവോത്ഥാന പ്രക്രിയയുടെ ഭാഗമായിരുന്നു. ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം അബ്ദുൽ ഖാദർമൗലവി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങിയ ഒരുപാട് പേരെ നവോത്ഥാന നായകരായും സാമൂഹികപരിഷ്കർത്താക്കളായും ചരിത്രം അടയാളപ്പെടുത്തുന്നു. കലയിലും സാഹിത്യത്തിലും ഇതിന്റെ അലയൊലികൾ ഉണ്ടായിരുന്നു. നിലനിൽക്കുന്ന ഭരണകൂടത്തിന്റെ ആധിപത്യ പ്രവണതകൾക്കെതിരെയുള്ള പോരാട്ടവും ഇതിന്റെ ഭാഗമായിരുന്നു.

നവോത്ഥാനവും സ്ത്രീകളും

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നവോത്ഥാനപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് പുറപ്പെട്ട ജനകീയകലാപങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്ന ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാനുള്ള അവകാശത്തിന് വേണ്ടി നടത്തിയ സമരം. കേരളത്തിൽ മതപ്രചരണത്തിനായി എത്തിയ ക്രിസ്ത്യൻമിഷണറിമാരുടെ പ്രവർത്തനങ്ങളാണ് അതിന് പശ്ചാത്തലമൊരുക്കിയത് എങ്കിലും കേരളനവോത്ഥാനപോരാട്ടങ്ങളിലും പ്രക്രിയകളിലും സ്ത്രീകൾക്കുണ്ടായിരുന്ന പങ്കാളിത്തത്തെയും പ്രാധാന്യത്തെയും ഇത് അടയാളപ്പെടുത്തുന്നുണ്ട്. 'നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ' എന്ന പേരിൽ കേരള സംസ്ഥാന സാക്ഷരതമിഷൻ പുറത്തിറക്കിയ പുസ്തകത്തിൽ മുഖ്യധാരാ ചരിത്രം രേഖപ്പെടുത്താതെ വിട്ടുകളഞ്ഞ നവോത്ഥാനകാലത്തെ സ്ത്രീകളുടെ പോരാട്ടങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. അവർണർക്ക് സ്കൂൾവിദ്യാഭ്യാസം അനുവദിക്കുക, കർഷകത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമസമയം നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് അയ്യൻകാളിയുടെ ആഹ്വാനപ്രകാരം 1913-ൽ കർഷകത്തൊഴിലാളി സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തിയ ആദ്യത്തെ പണിമുടക്ക്സമരം, ജാതിയിൽ താഴ്ന്നവരെന്നറിയപ്പെടുന്ന അവർണ്ണരും ആദിവാസികളും പരമ്പരാഗതമായി അടിമകളായി വിൽക്കപ്പെട്ടിരുന്നതും രക്ഷകർത്താക്കളും ബന്ധുക്കളും കുട്ടികളെ വിൽക്കാനായി ചന്തയിൽ കൊണ്ടുവന്നിരുന്നതുമായ ദുഷിച്ച കാലത്തെക്കുറിച്ചും അതിനെതിരെ സ്ത്രീകൾ നടത്തിയ ശക്തമായ മനുഷ്യാവകാശ പോരാട്ടങ്ങളെ തുടർന്ന് 1855 ൽ അടിമവ്യാപാരം നിരോധിച്ചതും, തിരണ്ടുകുളി, കെട്ടുകല്യാണം, പുളികുടി തുടങ്ങി സ്ത്രീകൾക്കെതിരെ നിലനിന്നിരുന്ന, മതത്തിലെ അനാചാരങ്ങൾക്കെതിരെ, സ്ത്രീകൾതന്നെ നടത്തിയ ചെറുത്തുനിൽപ്പുകളെ തുടർന്ന് പിൽക്കാലത്ത് അവ നിർത്തലാക്കപ്പെട്ടതും തുടങ്ങി സാമൂഹികവും സാമുദായികവുമായി സ്ത്രീകൾ നടത്തിയ മുന്നേറ്റങ്ങളെ രേഖപ്പെടുത്തുന്നു. ചാന്നാർലഹള, ഘോഷമറക്കുട ബഹിഷ്കരണം, കായൽസമ്മേളനം, കല്ലുമാല ബഹിഷ്കരണം, വൈക്കം സത്യാഗ്രഹം, പാലിയം സത്യാഗ്രഹം, യാചന യാത്രകൾ തുടങ്ങിയ ബഹുജന പങ്കാളിത്തസമരങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്നു എങ്കിലും സ്വന്തം പേരുകൾ ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെട്ട വനിതാ നവോത്ഥാനനായികമാർ കുറവാണ്. ജാതി ലിംഗ വിവേചനത്തിനെതിരെ പോരാടി ശ്രദ്ധേയയായ, ഡോക്ടർ അംബേദ്കർ നയിച്ച ഭരണഘടനാ നിർമ്മാണസമിതിയിലെ ഏക ദളിത്പ്രതിനിധി കൂടി ആയിരുന്ന ദാക്ഷായണിവേലായുധൻ, സ്വാതന്ത്ര്യസമരപോരാളിയും തിരുവിതാംകൂറിന്റെ ഝാൻസിറാണി എന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്ന, 1951ൽ ലോക്സഭയിലെത്തിയ കേരള എംപിമാരിലെ ഏകവനിതയുമായ ആനിമസ്ക്രീൻ, സാമൂഹ്യപ്രവർത്തക വനിതാ വിദ്യാഭ്യാസപ്രവർത്തക സാമുദായിക പരിഷ്കരണത്തിനായി പ്രവർത്തിച്ചവനിത എന്നീ നിലകളിൽ പ്രശസ്തയായതും അഗതിമാതാ എന്ന പേരിൽ അറിയപ്പെടുന്നതുമായ കെ. ചിന്നമ്മ, 1915ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടത്തിയ കല്ലുമാല വിപ്ലവത്തിന് അരങ്ങായി മാറിയ സർക്കസ് കൂടാരത്തിന്റെ ഉടമസ്ഥയായ രത്നാഭായി, സുഗുണ വർദ്ധിനി പ്രസ്ഥാനത്തിന്റെ അമരക്കാരിയായ ഡോക്ടർ ജാനകി അമ്മാൾ, കുമാരഗുരുദേവൻ സ്ഥാപിച്ച പ്രത്യക്ഷ രക്ഷാ ദൈവസഭ എന്ന ആത്മീയ സംഘടനയുടെ നേതൃത്വം 46 വർഷക്കാലത്തോളം ഏറ്റെടുത്തു നടത്തിയ ജാനമ്മ അമ്മച്ചി, കേരളത്തിലെ വിദ്യാഭ്യാസവിപ്ലവത്തിന് തുടക്കംകുറിച്ച അയ്യങ്കാളിയുടെ പഞ്ചമി, 1930കളിൽ

യോഗക്ഷേമസഭയുടെ പിന്തുണയിൽ ഘോഷ ഉപേക്ഷിച്ചും മറക്കുട വലിച്ചെറിഞ്ഞു നവോത്ഥാനത്തിന്റെ ഭാഗമായ നമ്പൂതിരിസ്ത്രീകൾ, ദേവകിനരിക്കാട്ടിരി, ലളിതാംബികഅന്തർജനം, പാർവതിനെന്മിനിമംഗലം, പാർവതി നിലയങ്ങോട് തുടങ്ങി നമ്പൂതിരിസമുദായത്തിൽ നിന്നും സാമൂഹ്യ പ്രവർത്തനരംഗത്തേക്ക് വന്ന നമ്പൂതിരിസ്ത്രീകൾ ഇവയെല്ലാം കേരളത്തിലെ നവോത്ഥാനനായികമാരുടെ കൂട്ടത്തിൽ രേഖപ്പെടുത്തപ്പെട്ട ചുരുക്കം ചില പേരുകളാണ്.

മുസ്‌ലിംസമുദായവും കേരളനവോത്ഥാനവും

നവോത്ഥാനം എന്നുള്ളത് സാമുദായികപരിഷ്കരണവുമായി കൂടി ബന്ധപ്പെട്ട് കിടക്കുന്നതാണ്. ആ അർത്ഥത്തിൽ മുസ്ലിംസമുദായത്തിന്റെ പരിഷ്കരണവും ആധുനികീകരണവും കേരളനവോത്ഥാനത്തിന്റെ ഒരു ഭാഗം തന്നെയാണ്. കേരളത്തിലെ മുസ്ലീങ്ങളുടെ ആധുനികീകരണം ആരംഭിക്കുന്നത് ഐക്യസംഘത്തോടുകൂടിയാണ്. സയ്യിദ്സനാഉള്ളാ മക്തി തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, ഷെയ്ഖ് ഹമദാനി, വക്കം മുഹമ്മദ് അബ്ദുൽഖാദർ മൗലവി തുടങ്ങിയവരുടെ പ്രബന്ധങ്ങളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് മണപ്പാട് കുഞ്ഞുമുഹമ്മദ് ഹാജി, കെഎം മൗലവി, ഇ കെ മൗലവി, എം സി സി അബ്ദുറഹിമാൻ മൗലവി, കോട്ടപ്പുറത്ത് സീതിമുഹമ്മദ്, കെ എം സീതിസാഹിബ് മുതലായവരുടെ നേതൃത്വത്തിൽ 1922-ൽ കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയാണ് ഇത് ആരംഭിക്കുന്നത്. സമുദായത്തിനുള്ളിൽ കടന്നുകൂടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തുടച്ചുനീക്കി യഥാർത്ഥ ഇസ്ലാമിന്റെ ആദർശം മുസ്ലീങ്ങൾക്കും ഇതര സമുദായക്കാർക്കും മനസ്സിലാക്കി കൊടുക്കാനുള്ള ദൗത്യമായിരുന്നു ഇതിലൂടെ നവോത്ഥാനനായകർ ലക്ഷ്യംവെച്ചത്. മുസ്ലിം സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുക വഴി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക മത പഠനത്തിനൊപ്പം ഇംഗ്ലീഷ് ഉൾപ്പെടുന്ന ആധുനികവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, ബഹുഭാര്യാത്വം ഉൾപ്പെടെ മതത്തിനകത്ത് നിലനിൽക്കുന്ന അനാചാരങ്ങളെ ഇല്ലാതാക്കുക തുടങ്ങി നിരവധിയായ ലക്ഷ്യങ്ങൾ ഇതിന്റെ ഭാഗമായിരുന്നു.

മുസ്ലിംസ്ത്രീകളും നവോത്ഥാനവും

വീടിനകങ്ങളിലായി മാത്രം ജീവിതം മുന്നോട്ടു കൊണ്ടുപോയിരുന്ന അടുക്കളയിൽ മാത്രമായി ജീവിതം തളയ്ക്കപ്പെട്ടിരുന്നവരായിരുന്നു 19-ാംനൂറ്റാണ്ടിലെ കേരളത്തിലെ മുസ്ലിം സ്ത്രീകൾ. പള്ളിക്കൂടത്തിൽ പോകാനോ എഴുത്തു പഠിക്കാനോ സ്വന്തം ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമോ അവർക്ക് ഉണ്ടായിരുന്നില്ല. മതവിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ടിരുന്ന അവർക്ക് ശൈശവവിവാഹവും തുടർച്ചയായുള്ള വിവാഹമോചനങ്ങളും സ്ത്രീകളുടെ അവസ്ഥ കൂടുതൽ ദയനീയമാക്കിയിരുന്നു. കേരളമുസ്ലിങ്ങൾക്കിടയിൽ മക്തിതങ്ങളിലൂടെയും വക്കംമൗലവിയിലൂടെയും നവോത്ഥാനത്തിന്റെ കാറ്റ് വീശിത്തുടങ്ങിയപ്പോൾ അതിന്റെ അലയൊലികൾ മുസ്ലിംസ്ത്രീകളുടെ ജീവിതത്തെയും പ്രതീക്ഷയുള്ളതാക്കി മാറ്റി. മുസ്ലിം സമൂഹത്തിന്റെ വിശ്വാസ ആചാര അനുഷ്ഠാനങ്ങളിൽ എല്ലാം കടന്നുകൂടിയ ജീർണ്ണതയെ പരിഹരിക്കുന്നതിനൊപ്പം തന്നെ പ്രാധാന്യം സ്ത്രീ സമുദ്ധാരണത്തിനും അവർ നൽകിയിരുന്നു. ഇസ്ലാം സ്ത്രീകൾക്ക് അനുവദിച്ച സ്വാതന്ത്ര്യവും വകവെച്ചുകൊടുത്ത അവകാശങ്ങളും സ്ത്രീകൾക്ക് ലഭ്യമാക്കണം എന്ന് വക്കം മൗലവി, മക്തിതങ്ങൾ തുടങ്ങിയവർ പ്രഭാഷണങ്ങളിലൂടെയും

 ISSN: 2582 - 2594

ലേഖനങ്ങളിലൂടെയും നിരന്തരം സമൂഹത്തെ ബോധവൽക്കരിക്കാൻ ശ്രമിച്ചു. സ്ത്രീകൾക്ക് മത -ഭൗതിക വിദ്യാഭ്യാസം നൽകൽ നിർബന്ധമാണെന്ന് അവർ സമൂഹത്തെ ബോധ്യപ്പെടുത്തി. വക്കം മൗലവി തന്റെ അൽ ഇസ്ലാം മാസികയിൽ (1918) സ്ത്രീശാക്തീകരണത്തിന് വേണ്ടി നിരന്തരം ലേഖനങ്ങൾ എഴുതി. ഇതിന്റെ പ്രതിഫലനമെന്നോണം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ ആൺ-പെൺ ഭേദമില്ലാതെ മുസ്ലിം സമുദായം വിദ്യാഭ്യാസം നേടാൻ താല്പര്യം പ്രകടിപ്പിച്ചു തുടങ്ങി. മദ്രസകളിലും പൊതുവിദ്യാലയങ്ങളിലും മുസ്ലിംപെൺകുട്ടികൾ പോകുവാൻ തുടങ്ങി. സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥയെ മെച്ചപ്പെട്ട രീതിയിലേക്ക് മാറ്റിയെടുക്കാൻ ഇതിലൂടെ സാധിച്ചു.

എം. ഹലീമാബീവി

വളരെ സാവധാനത്തിൽ മാത്രം നവോത്ഥാനത്തിന്റെ അലകൾ വീശിക്കൊണ്ടിരുന്ന മുസ്ലിംസമുദായത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങിവരികയും സമുദായത്തിന്റെ ആകമാനവും വിശേഷിച്ചും സ്ത്രീകളുടെയും കേരളസമൂഹത്തിൽ മൊത്തമായും നവോത്ഥാനത്തിന്റെ ഭാഗമായ വനിതയാണ് എം. ഹലീമാബീവി. 1918ൽ പത്തനംതിട്ടയിലെ അടൂരിൽ ജനനം. വളരെ ചെറുപ്പത്തിലെ പിതാവ് നഷ്ടപ്പെട്ട ഹലീമാ ബീവി മാതാവ് മൈതീൻ ബീവിയുടെ തണലിൽ സഹോദരങ്ങൾക്ക് ഒപ്പം വളർന്നു. പെൺകുട്ടികൾ പ്രത്യേകിച്ച് മുസ്ലിംപെൺകുട്ടികൾ വിദ്യാഭ്യാസം നേടാത്ത ആ കാലത്ത്, ഭൗതിക വിദ്യാഭ്യാസം നേടുന്നത് നിഷിദ്ധമാണെന്ന് പ്രചരിപ്പിക്കാൻ പൗരോഹിത്യം മത്സരിച്ചിരുന്ന ആ കാലത്ത് എല്ലാ പ്രതിഷേധങ്ങളെയും അവഗണിച്ചുകൊണ്ട് മൈതീൻ ബീവി തന്റെ പെൺകുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുകയും അവർക്ക് അറിവ് നേടാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു. ഉമ്മ നൽകിയ ധൈര്യം കൈമുതലാക്കി ചുറ്റിലും നിരന്തരമായി ഉണ്ടായിരുന്ന പ്രതിഷേധത്തെ അവഗണിച്ചുകൊണ്ട് അവർ ഏഴാംതരം വരെ പഠിച്ചു. അക്കാലത്തെ രീതിയനുസരിച്ച് സ്കൂളുകളിൽ ഭൂരിപക്ഷവും നായർകുട്ടികൾ ആയിരുന്നതുകൊണ്ടുതന്നെ സ്കൂളിനെ ചുറ്റിപ്പറ്റി എൻഎസ്എസിന്റെ ശക്തമായ പ്രവർത്തനം ഉണ്ടായിരുന്നു. എൻഎസ്എസ് പെൺകുട്ടികളുടെ പ്രത്യേക യോഗങ്ങൾ വിളിക്കുകയും കൂട്ടായ്മകൾ രൂപീകരിക്കുകയും ചെയ്യുന്നത് കണ്ട ഹലീമാബീവിയിൽ മുസ്ലിം സ്ത്രീകളുടെ ഉന്നമനത്തിന് ഇത്തരം കൂട്ടായ്മകൾ ആവശ്യമാണെന്ന ചിന്ത അന്നുമുതലേ ഉരുത്തിരിഞ്ഞു. അവരുടെ യോഗനടപടികൾ കണ്ടു മനസ്സിലാക്കാനും ഭാവിയിലേക്ക് അത് കരുതിവെക്കാനും അവർ ശ്രദ്ധിച്ചു. വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ഹലീമാബീവി നല്ല വായനക്കാരിയും സാഹിത്യതൽപരയുമായിരുന്നു. 'അൽമനാർ' വിശേഷാൽപ്രതിയിൽ എഴുതിയ 'അനുഭവങ്ങളിലേക്ക് ഒരു എത്തിനോട്ടം' എന്ന ലേഖനത്തിൽ തിരുരങ്ങാടിയിലെ 'കെ എം മൗലവിയുടെ' പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'അൽ മുർശിദ്'' വായിക്കാൻ തനിക്ക് ഭാഗ്യം ഉണ്ടായതായി അവർ പറയുന്നുണ്ട്. ഏതാണ്ട് ഒരു വർഷം നീണ്ടുനിന്ന അൽ മുർശിദിന്റെ വായനയും മനനവും തങ്ങളുടെ കുടുംബങ്ങളിൽ നിലനിന്നിരുന്ന മതാചാരങ്ങൾ നിരർത്ഥകമാണെന്ന ബോധ്യം ഉള്ളിലുറക്കാൻ സഹായിച്ചതായി അവർ പറയുന്നു. വായിക്കുകയും ജ്ഞാനസമ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്യുന്ന ഹലീമാബീവി കൗമാരകാലഘട്ടത്തിൽ തന്നെ ഉയിരെടുക്കുന്നുണ്ട് എന്നതാണ് ഇതിൽനിന്നും നമുക്ക് മനസ്സിലാകുന്നത്. ശൈശവവിവാഹം

വ്യാപകമായിരുന്ന ആ കാലത്ത് പതിനേഴാം വയസ്സുവരെ തന്റെ മകളെ അതിൽ നിന്ന് സംരക്ഷിച്ചുനിർത്താൻ മൈതീൻ ബീവിക്ക് സാധിച്ചു. 1935ൽ പതിനേഴാം വയസ്സിൽ കെഎം മുഹമ്മദ് എന്ന പണ്ഡിതൻ അവരെ വിവാഹം കഴിച്ചു. വക്കം മൗലവിയുടെ ശിഷ്യനായിരുന്ന മുഹമ്മദ് മൗലവി എന്നതുകൊണ്ട് തന്നെ നവോത്ഥാനാശയങ്ങൾ ആഴത്തിൽ വേരൂന്നിയിരുന്ന വ്യക്തിത്വം കൂടിയായിരുന്നു അദ്ദേഹം. അറബിപണ്ഡിതൻ, മത സാമൂഹ്യരംഗത്ത് പ്രശസ്തമായിരുന്ന അൻസാരി മാസ്കിയുടെ പത്രാധിപർ, ഖുർആനിന്റെ പരിഭാഷയും വിശദീകരണവും അടങ്ങുന്ന ബൃഹത്ഗ്രന്ഥത്തിന്റെ രചയിതാവ് തുടങ്ങി വ്യത്യസ്തങ്ങളായ പദവികൾ അദ്ദേഹം അലങ്കരിച്ചിരുന്നു. തിരുവല്ല സ്കൂളിൽ അറബി അധ്യാപകനായി ജോലിയിലിരിക്കെ ഹലീമ ബീവിയുടെ സഹോദരനുമായി അദ്ദേഹത്തിനുണ്ടായിരുന്ന സൗഹൃദമാണ് ഈ വിവാഹത്തിലേക്ക് നയിച്ചത്. ഉമ്മയിൽ നിന്നും ലഭിച്ച ചിന്താശേഷിയും സാമാന്യ വിദ്യാഭ്യാസവും വളരെ ഉറച്ച ഒരു വ്യക്തിത്വമാക്കി ഹലീമ ബീവിയെ മാറ്റിയിരുന്നു. വിവാഹാനന്തരം ഹലീമാബീവിക്ക് ഭർത്താവിൽ നിന്ന് പകർന്നു കിട്ടിയ നവോത്ഥാന ആശയങ്ങൾ പിന്നീടുള്ള അവരുടെ ജീവിതത്തെ വലിയരീതിയിൽ സ്വാധീനിച്ചു. കേരളത്തിലെ ആദ്യത്തെ മുസ്ലിംവനിതാപത്രാധിപ, പ്രസാധക, രാഷ്ട്രീയപ്രവർത്തക, കേരളത്തിലെ ആദ്യത്തെ മുൻസിപ്പൽ കൗൺസിലർ തുടങ്ങി അനവധി മേഖലകളിൽ തന്റെ കയ്യൊപ്പ് പതിപ്പിക്കാൻ ഹലീമാ ബീവിക്ക് കഴിഞ്ഞു. അക്കാലത്തെ മുസ്ലിംസ്ത്രീക്ക് നിഷിദ്ധമായി കൽപ്പിക്കപ്പെട്ടിരുന്ന മേഖലകളിലാണ് ഹലീമാബീവി തന്റേതായ അടയാളപ്പെടുത്തലുകൾ നടത്തിയത്.

മുസ്ലിംസ്ത്രീയുടെ ഉന്നമനത്തിനായുള്ള അടങ്ങാത്ത അഭിവാഞ്ച സാമ്പത്തികസ്ഥിരത ഇല്ലായ്മയും അലച്ചിലുകളുമാണ് അവർക്ക് സമ്മാനിച്ചത്. 2000 ജനുവരി 14 ന് സമാനതകളില്ലാത്ത ആ ജീവിതം അവസാനിക്കുമ്പോൾ കേരളത്തിലെ, മുസ്ലിംസമുദായത്തിലെ വിപ്ലവകരമായ ഒരു ഏട്ടു കൂടിയാണ് അവസാനിച്ചത്.

പത്ര-മാസികകൾ

ഏറെ പ്രതികൂലമായ രാഷ്ട്രീയസാഹചര്യത്തിൽ ആണ് പത്രപ്രവർത്തനത്തിലൂടെ എം. ഹലീമാബീവി പൊതുരംഗത്തേക്കെത്തുന്നത്. ഇന്നത്തെ കാലത്തുപോലും സ്ത്രീകൾക്ക് ഏറെ വെല്ലുവിളി നിറഞ്ഞ ഒരു മേഖലയായ മാധ്യമപ്രവർത്തനരംഗത്ത്, മതത്തിനുള്ളിൽ നിന്നും സമൂഹത്തിനുള്ളിൽ നിന്നും നേരിട്ട എതിർപ്പുകളെ അവഗണിച്ചു കൊണ്ടാണ് മുസ്ലിം വനിത, ഭാരത ചന്ദ്രിക, ആധുനിക വനിത എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകയായും പത്രാധിപയായും അവർ നിറഞ്ഞു പ്രവർത്തിച്ചത്. ഖസാക്കിന്റെ ഇതിഹാസം ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെ നിരൂപണങ്ങൾ, ബഷീറിന്റെ ബാല്യകാലസഖി മുതലായ രചനകളെല്ലാം ഹലീമാബീവിയുടെ പ്രസിദ്ധീകരണങ്ങളിലൂടെയാണ് പുറംലോകത്തേക്ക് എത്തുന്നത്. എന്നിട്ടും പിൽക്കാലത്തെ പത്രപ്രവർത്തനചരിത്രങ്ങളിൽ കേവലം ഒരു പേര് എന്നുള്ള രീതിയിലേക്ക് മാത്രമായി ഹലീമാബീവി ഒതുക്കപ്പെട്ടു. അവരുടെ പ്രസിദ്ധീകരണങ്ങളുടെയോ അവയുടെ ഉള്ളടക്കത്തിന്റെയോ ഒന്നും തന്നെ കൃത്യമായ വിവരങ്ങളോ രേഖപ്പെടുത്തലുകളോ നമുക്ക് കാണാൻ സാധ്യമല്ല. 1938 ൽ തന്റെ ഇരുപതാമത്തെ വയസ്സിലാണ് ഹലീമാബീവി മുസ്ലിം വനിത എന്ന മാസികയിലൂടെ പ്രസാധന രംഗത്തേക്കും പത്രപ്രവർത്തന രംഗത്തേക്കും കടക്കുന്നത്. ഏറെ അപകടകരമായ

ISSN: 2582 - 2594

ഈ വഴിയിൽ തന്റെ നിശ്ചയദാർഢ്യം മാത്രം കൈമുതലാക്കിക്കൊണ്ടാണ് മുസ്ലിം വനിത, വനിത, ഭാരതചന്ദ്രിക, ആധുനിക വനിത എന്നീ പ്രസിദ്ധീകരണങ്ങൾ വായനാലോകത്തിനു സമ്മാനിച്ചത്. ഒരേസമയം മതവും രാഷ്ട്രീയവും സിനിമയും ദൈനംദിനജീവിതവും കലകളും എല്ലാം അവരുടെ പ്രസിദ്ധീകരണങ്ങളിൽ ചർച്ചചെയ്യപ്പെട്ടു.

1938 ൽ പുറത്തിറങ്ങിയ ആദ്യ മാസികയായ മുസ്ലിംവനിതക്കു പിന്നിൽ ജീവിതപങ്കാളിയായ മുഹമ്മദ് മൗലവിയുടെ സ്വാധീനവും പിന്തുണയും ഉണ്ടായിരുന്നു. മുസ്‌ലിംവനിതയുടെ മാനേജിങ് എഡിറ്റർ സ്ഥാനത്തായിരുന്നു ഹലീമാ ബീവി. മുസ്ലിംസ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വെച്ചുള്ള പ്രസിദ്ധീകരണങ്ങൾ അക്കാലത്തുണ്ടായിരുന്നില്ല. മുസ്ലിംവനിത പ്രധാനമായും മുസ്ലിം സ്ത്രീയുടെ അക്കാലത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും അവരുടെ മത സാമൂഹിക പുരോഗതിയുടെ ആവശ്യകതയെക്കുറിച്ചു നിരന്തരം സംസാരിക്കുകയും വാദിക്കുകയും ചെയ്തു എന്ന് ഹലീമാബീവിയുടെ ജീവചരിത്രത്തിൽ പറയുന്നുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക പ്രയാസത്തെ തുടർന്ന് മാസികയുടെ പ്രസിദ്ധീകരണം നിർത്തിവെക്കാൻ അവർ നിർബന്ധിതരായി.

1944 ൽ ഭാരതചന്ദ്രിക എന്ന മാസികയിലൂടെ വീണ്ടും ഹലീമാബീവി പ്രസാധന രംഗത്തേക്ക് കടന്നുവന്നു. സാഹിത്യത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ ആഴ്ച്ചപ്പതിപ്പിന്റെ പത്രാധിപ സമിതിയിൽ വൈക്കം മുഹമ്മദ്ബഷീറും വക്കം അബ്ദുൾഖാദർ മൗലവിയും വെട്ടൂർ രാമൻനായരും സബ് എഡിറ്റർമാരായി പ്രവർത്തിച്ചു. തകഴി, ജി ശങ്കരക്കുറുപ്പ്, എം പി അപ്പൻ, പി കേശവദേവ്, പി കുഞ്ഞിരാമൻ നായർ, പുളിമാന, ഒ എൻ വി കുറുപ്പ്, ഉറൂബ് നായർ, ബാലാമണിയമ്മ തുടങ്ങി നിരവധി പ്രമുഖർ ഭാരതചന്ദ്രികയിൽ സ്ഥിരമായി എഴുതിയിരുന്നു. ഭാരതചന്ദ്രികയും കടുത്ത സാമ്പത്തികപ്രതിസന്ധി നേരിട്ടപ്പോൾ, മൂന്നു വയസ്സായ മകളെയും എടുത്ത് ഉമ്മയായ മൈതീൻബീവിയുടെ കൂടെ സാമ്പത്തിക സഹായത്തിനായി ദീർഘദൂരം നടന്ന് സംഭാവന പിരിച്ച ഓർമകൾ മകളായ അൻസാർ ബീഗം പങ്കുവെക്കുന്നത് ജീവചരിത്രത്തിൽ നമുക്ക് കാണാം. 1948 ൽ വാരിക ദിനപത്രമാക്കി. തിരുവിതാംകൂറിൽ ദിവാൻ സർ സി പിയുടെ കിരാതഭരണം നടന്നുകൊണ്ടിരുന്ന ഈ സമയത്തു രൂക്ഷമായ ഭാഷയിൽ തന്നെ സർക്കാരിനെ വിമർശിക്കാൻ ഹലീമാബീവി തന്റെ പത്രത്തെ ഉപയോഗിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്നും ഭീഷണികളും പ്രലോഭനങ്ങളുമുണ്ടായി. തനിക്കനുകൂലമായ ലേഖനങ്ങൾ എഴുതിയാൽ ജപ്പാനിൽ നിന്ന് ആധുനിക പ്രിന്റിങ് മെഷീനുകൾ എത്തിച്ചുകൊടുക്കാമെന്ന് സർ സി പി വാഗ്ദാനം ചെയ്തു. എന്നാൽ ബീവി അത് നിരസിച്ചു. തുടർന്ന് സ്വന്തമായി ഒരു പ്രസ്സ് വാങ്ങാനുള്ള ശ്രമങ്ങൾ നടത്തുകയും വാങ്ങുകയും ചെയ്തു. മലയാള മനോരമ കണ്ടുകെട്ടിയപ്പോൾ കെ സി മാമൻ മാപ്പിളക്കു വേണ്ടി ലഘുലേഖകൾ അടിച്ചുകൊടുത്തത് ഈ പ്രസ്സിൽ നിന്നായിരുന്നു. 1949 ൽ ഭാരതചന്ദ്രിക പ്രസ്സ് കമ്പനിയാക്കി പ്രവർത്തനം തുടരാനുള്ള ശ്രമമുണ്ടായി. എന്നാൽ അതുകൊണ്ടും ഭാരതചന്ദ്രികയെ രക്ഷിക്കാനായില്ല. 1952ൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പത്രം അടച്ചുപൂട്ടി.

ഭാരതചന്ദ്രികക്ക് സമാന്തരമായി പ്രസിദ്ധീകരിച്ചുവന്നിരുന്ന മാസികയാണ് വനിത. മുസ്ലിം വനിതയുടെ തുടർച്ചയെന്നോണമായിരുന്നു ഇതെങ്കിലും ഉള്ളടക്കത്തിന്റെ കാര്യത്തിൽ വലിയ വ്യത്യാസം ഇവതമ്മിൽ ഉണ്ടായിരുന്നു. വനിതയിൽ സാഹിത്യം, സ്ത്രീജീവിതം, കുടുംബം,

ലോകവിശേഷങ്ങൾ, കഥകൾ തുടങ്ങി വൈവിധ്യമാർന്ന ഉള്ളടക്കങ്ങളുണ്ടായിരുന്നു. ചെറുകഥകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിരുന്ന മാസികയിൽ എസ് കെ പൊറ്റക്കാട്, കെ സരസ്വതിയമ്മ, തങ്കമ്മ വർഗീസ്, ജി ബാലകൃഷ്ണപിള്ള തുടങ്ങിയ ധാരാളം എഴുത്തുകാർ എഴുതിയിരുന്നു.

1970 ൽ തന്റെ അൻപത്തിരണ്ടാമത്തെ വയസ്സിൽ ആണ് ആധുനിക വനിത എന്ന നാലാമത്തെ മാസിക അവർ പ്രസിദ്ധീകരിക്കുന്നത്. മാനേജിങ് എഡിറ്റർ ആയ ഹലീമാബീവിക്കു പുറമെ ഫിലോമിന കുര്യൻ, ബേബി വർഗീസ്, ബി സുധ, കെ കെ കമലാക്ഷി, എം റഹ്മാബീഗം, സാറാമ്മ കുര്യൻ, ബി സ് ശാന്തകുമാരി എന്നീ ഉന്നതവിദ്യാഭ്യാസം നേടിയ സ്ത്രീകൾ കൂടി പത്രാധിപസമിതിയിൽ ഉണ്ടായിരുന്നു. കേരളത്തിലെ സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനാണ് ആധുനിക വനിത ശ്രമിച്ചിരുന്നത്. ലേഖനങ്ങൾ, കവിതകൾ, കഥകൾ, സിനിമാ ആസ്വാദനം എന്നിവക്കുപുറമെ ഖസാക്കിന്റെ ഇതിഹാസം ഉൾപ്പെടെയുള്ള പുസ്തകങ്ങളുടെ നിരൂപണങ്ങളും മിക്ക ലക്കങ്ങളിലും ഉൾപ്പെടുത്തിയിരുന്നു. മുൻപത്തെ മാസികകളെ പോലെ തന്നെ കടുത്ത സാമ്പത്തികപ്രതിസന്ധിയെ തുടർന്ന് ഇതും അവസാനിപ്പിക്കേണ്ടി വന്നു.

സാമ്പത്തികമായി ഏറെ പ്രതിരോധത്തിൽ ആയിരുന്നിട്ട് കൂടി തന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ വീടുവീടാന്തരം കയറിയിറങ്ങി ധനസമാഹരണം നടത്തിയതിലൂടെ നമുക്ക് വ്യക്തമാകുന്നത് ജോലിയോടുള്ള അവരുടെ ആത്മാർത്ഥതയും സമൂഹത്തിന്റെ ഗുണപരമായ മാറ്റത്തിനായുള്ള അടങ്ങാത്ത ആഗ്രഹവുമാണ്.

പത്രമാസികകൾ കൂടാതെ ഭാരതചന്ദ്രിക എന്ന പേരിൽ ഒരു ബുക്ക്സ്റ്റാളും 1963 ൽ ആസാദ് മെമ്മോറിയൽ എന്ന പേരിൽ ഒരു പ്രസ്സും അവർ നടത്തിയിരുന്നു.

പത്രപ്രവർത്തനത്തിനും പ്രസാധനത്തിനും പുറമേ വനിതാസമ്മേളനങ്ങൾ, പ്രഭാഷണങ്ങൾ, രാഷ്ട്രീയപ്രവർത്തനങ്ങൾ, ഫീൽഡ്‌വർക്കുകൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടിരുന്നു എന്ന് ജീവചരിത്രം എഴുതിയ നൂറ നൂർജഹാൻ എന്നിവർ രേഖപ്പെടുത്തുന്നുണ്ട്.

ഭർത്താവ് മുഹമ്മദ് മൗലവിയും അദ്ദേഹത്തിന്റെ ഗുരുവായ വക്കം മൗലവിയുമാണ് ഹലീമാബീവിയുടെ യൗവനത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വ്യക്തിത്വങ്ങൾ. അക്കാലത്ത് നിലനിന്നിരുന്ന മത സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിൽ തികച്ചും സ്ത്രീപക്ഷമായ ആശയപരിസരം സ്ത്രീ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ഉണ്ടാക്കിയെടുത്തു വക്കം മൗലവി. ഇത് തന്റെ പ്രവർത്തനങ്ങളെ ഏറെ സ്വാധീനിച്ചതായി ഹലീമാബീവി രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലിംനവോത്ഥാനം അഥവാ മുസ്ലിം സ്ത്രീകളുടെ മത ഭൗതിക സാമൂഹിക ഉന്നമനം ആയിരുന്നു അവരുടെ എഴുത്തുകളുടെ പ്രതിപാദ്യ വിഷയങ്ങളിൽ മുഖ്യമായിട്ടുണ്ടായിരുന്നത്. കേരളത്തിൽ ആദ്യമായി ഒരു മുസ്ലിം വനിതാ സമ്മേളനം നടക്കുന്നത് 1938ൽ ഹലീമാബീവിയുടെ നേതൃത്വത്തിലാണ്. ആദ്യത്തെ വനിതാപ്രസാധക എന്നപോലെ തിരുവിതാംകൂറിലെ ആദ്യത്തെ വനിതാമുനിസിപ്പൽകൗൺസിലർ കൂടിയാണ് അവർ. തിരുവിതാംകൂറിലെ ഉത്തരവാദ പ്രക്ഷോഭത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുന്ന ആദ്യ

മുസ്ലിംവനിതയും അവരായിരുന്നു. രാഷ്ട്രീയമായി കോൺഗ്രസുകാരിയായിരുന്ന അവർ കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ വിമോചന സമരത്തിൽ സജീവമായി പങ്കെടുത്തിരുന്നു.

വളരെ സജീവമായ ഒരു രാഷ്ട്രീയജീവിതം കൂടിയായിരുന്നിട്ട് കൂടി കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ എവിടെയും ഹലീമാബീവിയുടെ പേരോ പ്രവർത്തനമോ പരാമർശിച്ച് കാണുന്നില്ല.

ഹലീമാബീവിയെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ

കേരളത്തിലെ മുഖ്യധാരാ ചരിത്രങ്ങളിലോ കൃതികളിലോ ഹലീമാബീവിയുടെയോ അവരുടെ ജീവിതത്തിന്റെ രേഖപ്പെടുത്തലുകൾ കാണാൻ നമുക്ക് സാധ്യമല്ല. കേരളപത്രപ്രവർത്തന ചരിത്രത്തിലും മാധ്യമചരിത്രത്തിലും കേവലം ഒരു പേരിനപ്പുറത്തേക്ക് യാതൊരു വിധത്തിലുള്ള വിവരങ്ങളോ രേഖപ്പെടുത്തലുകളോ ഹലീമാ ബീവിയെ സംബന്ധിച്ച് കാണാൻ നമുക്ക് സാധ്യമല്ല. എന്നാൽ സമകാലികമായി നമ്മുടെ ചരിത്രരചനയിലും സാമൂഹികബോധത്തിലും വന്നിട്ടുള്ള ചില പുതിയ പ്രവണതകൾ ആണ് ഹലീമാ ബീവി ഉൾപ്പെടെ തമസ്കരിക്കപ്പെട്ടു പോയിട്ടുള്ള ചരിത്രത്തിന്റെ ഏടുകളെ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് തുടക്കംകുറിക്കുന്നത്. ചരിത്രത്തിൽ തന്നെ പുനർവായനകളും കീഴാള സ്ത്രീപക്ഷ ചരിത്രവായനകളും സജീവമായി ഉണർന്നു വരികയുണ്ടായ ഈ കാലത്ത് മുസ്ലിംസ്ത്രീയുടെ ചരിത്രവും ഇടപെടലുകളും അർഹമായ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്ന ചരിത്രവായനകളും പുനരാഖ്യാനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട് എന്നുള്ളിടത്താണ് ഹലീമ ബീവിയുടെ ജീവചരിത്രം പ്രസക്തമാകുന്നത്. മലപ്പുറം ജില്ലയിലെ ഇരിങ്ങല്ലൂർ സ്വദേശി നൂറ, മലപ്പുറം ജില്ലയിലെ തന്നെ അരീക്കോട് സ്വദേശി നൂർജഹാൻ എന്നീ സ്ത്രീകൾ നടത്തിയ ദൈർഘ്യം നിറഞ്ഞ നിരന്തരമായ യാത്രകളാണ് ഹലീമാ ബീവി എന്ന പേര് കേരളചരിത്രത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതും അത് ചർച്ച ആക്കിയതും. എം ഹലീമാബീവിയുടെ ജീവിതം പത്രാധിപ എന്ന പേരിൽ അവർ ജീവചരിത്രമാക്കി. ഹലീമാബീവിയുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വൈയക്തിക ജീവിതത്തെ കുറിച്ചുള്ള കൃത്യമായ വിവരണം വ്യക്തവും സുതാര്യവുമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന കൃതിയാണ് പത്രാധിപ. അന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലും അവർ നേരിട്ട അതിശയകരമായ വെല്ലുവിളികളെ കുറിച്ച് പുസ്തകത്തിന്റെ ആദ്യത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇതിൽനിന്ന് തന്നെ എത്രത്തോളം ശ്രമകരമായിരുന്നു ആ യാത്ര എന്ന് നമുക്ക് മനസ്സിലാക്കാം. നവമാധ്യമങ്ങൾ സജീവമായ ഈ കാലത്ത് ചില ഓൺലൈൻ എഴുത്തുകളിൽ ആണ് പിന്നീട് കൂടുതലായി ഹലീമാബീവിയെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ കാണുന്നത്. എം ഹലീമ ബീവി മുമ്പേ നടന്ന പോരാളി എന്ന പേരിൽ 2019 ൽ മാധ്യമത്തിലും, തിരുക്കൊച്ചിയിലെ മുസ്ലിം മഹതികൾ/എം ഹലീമാ ബീവി/അക്ഷരങ്ങളിൽ അഗ്നി കൊളുത്തിയ സാമൂഹിക പ്രവർത്തക എന്ന തലക്കെട്ടിൽ പ്രബോധനം വാരികയിൽ സദറുദീൻ വാഴക്കാട് എഴുതിയ ഫീച്ചറിലും, കേരളവുമൺ എന്ന ഓൺലൈൻ പോർട്ടലിൽ ഹലീമാബീവി മുൻപേ നടന്ന പോരാളിയായ വനിത എന്ന പേരിലും, woke മലയാളം ജേർണലിൽ ഹലീമാബീവി : സർ സിപിയെ വിമർശിച്ച മുസ്ലിംവനിത എന്ന പേരിലും ഹലീമാ ബീവിയെ കുറിച്ചുള്ള ലേഖനങ്ങൾ നമുക്ക് കാണാൻ കഴിയും. ഇതെല്ലാം തന്നെ സമകാലികമായ ചരിത്രത്തിന്റെ വീണ്ടെടുപ്പുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്.

നിഗമനങ്ങൾ

ഒരേസമയം മുസ്ലിംസമുദായത്തിന്റെയും, സ്ത്രീകളുടെയും കേരളത്തിന്റെ പൊതുസമൂഹത്തിന്റെയും പുരോഗതി ലക്ഷ്യമാക്കിയായിരുന്ന ഹലീമാബീവിയുടെ പ്രവർത്തനങ്ങൾ. ഏറ്റവും സാധാരണക്കാരന്റെ ഭാഷയിൽ എഴുതുകയും സംവദിക്കുകയും ചെയ്യുന്ന ലേഖനങ്ങൾ ആണ് ഹലീമാബീവിയുടെ എഴുത്ത് ജീവിതത്തിന്റെ പ്രത്യേകത. സവർണ്ണ മലയാളത്തിന്റെ സംഗീതങ്ങളും ചേരുവകളും ഹലീമാബീവിയുടെ എഴുത്തുകളിൽ വിരളമായിരുന്നു. മതപഠനങ്ങളും മതപാഠശാലകളും മലയാളത്തിലായിക്കൂടാ എന്ന് ശഠിച്ചിരുന്ന മുസ്ലിംപണ്ഡിതരും അവരുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തിയ ഭൂരിപക്ഷ മുസ്ലിം സമൂഹത്തെയുമാണ് അവർ എഴുത്തിലൂടെ ലക്ഷ്യംവെച്ചത്. അതുകൊണ്ടാണ് ഏറ്റവും സാധാരണക്കാരന്റെ ഭാഷ എഴുത്തിനായി അവർ സ്വീകരിച്ചത്. എന്നാൽ ക്ലാസിക്കൽ ഗദ്യസാഹിത്യത്തിന്റെ നടപ്പുശീലങ്ങളിൽ നിന്ന് മാറി സഞ്ചരിച്ചതിനാൽ മുഖ്യധാരാസാഹിത്യ മാധ്യമപ്രവർത്തനചരിത്രത്തിൽ ഹലീമാബീവി വേണ്ടത്ര പരിഗണിക്കപ്പെട്ടില്ല.

ബഹുസ്വരമായിരുന്ന അവരുടെ പ്രസിദ്ധീകരണങ്ങളുടെ സ്വഭാവം എന്നിരിക്കെ മുസ്ലിം പുരോഗതിയും പ്രധാന ലക്ഷ്യമായി പരിഗണിച്ചിരുന്നു. പ്രസിദ്ധീകരണങ്ങളിൽ ഒരേസമയം മതവും ശാസ്ത്രവും രാഷ്ട്രീയവും ലളിതകലകളും നിത്യജീവിതവും സിനിമയും എല്ലാം ചർച്ച ചെയ്യപ്പെട്ടത് ഇതിന്റെ തെളിവാണ്. സ്ത്രീമുന്നേറ്റ പ്രസ്ഥാനങ്ങൾക്ക് കേരളസമൂഹത്തിൽ വേരോട്ടം ലഭിക്കുന്നതിന് മുൻപ് തന്നെ സാമൂഹികമണ്ഡലത്തിൽ കർമ്മനിരതയായി നിറഞ്ഞുനിന്ന ഒരു സ്ത്രീയുടെ സാന്നിധ്യം ചരിത്രരചയിതാക്കളുടെ ശ്രദ്ധയിൽ പെടാതെ പോയത് മുസ്ലിം സ്ത്രീ എന്ന ഇരട്ടപ്രാന്തവൽക്കരണത്തിന് ഹലീമാബീവി വിധേയയായതുകൊണ്ടാണ്. മലയാളസാഹിത്യലോകത്തെ അതികായന്മാർ എല്ലാവരും സ്ഥിരമായി എഴുതിയിരുന്ന പ്രസിദ്ധീകരണങ്ങൾ ആയിരുന്നിട്ട് കൂടി പിൽക്കാലചരിത്രം ഹലീമാബീവിയെയും അവരുടെ പ്രസിദ്ധീകരണങ്ങളെയും വിസ്മൃതിയിലേക്ക് തള്ളുന്നതാണ് നാം കാണുന്നത്. ഹലീമാബീവി ചരിത്രത്തിൽ വിസ്മരിക്കപ്പെടുമ്പോൾ അതിന് രണ്ട് പ്രധാന കാരണങ്ങളാണ് നമുക്ക് കണ്ടെത്താനാവുന്നത്. ഒന്ന് അവരുടെ മതവും മറ്റൊന്ന് അവരുടെ ലിംഗവും. ഒരു മുസ്ലിം ആയതിനാൽ ഉണ്ടായ തമസ്കരണവും സ്ത്രീ ആണെന്നതിലൂടെ നേരിടേണ്ടി വന്ന പ്രാന്തവത്കരണവും ആണ് ഹലീമാ ബീവിയെ ചരിത്രത്തിൽ നിന്നും മറച്ചുപിടിക്കാൻ കാരണമായത്. എഴുത്തും വായനയും വരേണ്യമായിരുന്ന ഒരു കാലഘട്ടത്തിൽ തീർത്തും വിപ്ലവകരമായി അതിനെ സാമാന്യവൽക്കരിക്കാൻ മുന്നോട്ട് ഇറങ്ങിയ ഒരു സ്ത്രീയെ അടയാളപ്പെടുത്താതെ പോവുക എന്നത് അതിശയകരമായ ഒന്നല്ല. നമ്മുടെ ചരിത്രം എപ്പോഴും നിഷ്പക്ഷമല്ലെന്നും അതിൽ ഭീകരമാംവിധം തിരുത്തലുകളും വർഗ്ഗധ്രുവീകരണവും എല്ലാം സംഭവിക്കുന്നുണ്ട് എന്നും ഉള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇത്. മുൻപ് സൂചിപ്പിച്ച നവോത്ഥാന നായികമാരുടെ ചുരുക്കം വരുന്ന പേരുകളിൽ ഒന്നായി പോലും ഹലീമാബീവിയുടെയോ മറ്റു മുസ്ലിം സ്ത്രീകളുടെയോ പേരുകൾ ഇല്ലാതെയായത് ഇതിന്റെ കൃത്യമായ ഉദാഹരണമാണ്. മുസ്ലിംസ്ത്രീയുടെ ചരിത്രം എഴുതുന്നതിൽ കേരളചരിത്രഗവേഷകർ പ്രക്രിയാപരമായി തന്നെ വീഴ്ചകൾ വരുത്തിയിട്ടുണ്ട് എന്ന് ഡോക്ടർ കെ ടി ഷംഷാദ് ഹുസൈൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

 ISSN: 2582 - 2594

ചരിത്രരേഖകൾ പുരുഷവീക്ഷണങ്ങളുടെ മാത്രം ആലേഖനങ്ങൾ ആയി പരിമിതപ്പെടുകയും സ്ത്രീജീവിതങ്ങളുടെ ഇടപെടലുകളുടെയും മൂല്യം തുലോം തുച്ഛവുമായി രേഖപ്പെടുത്തേണ്ടതില്ലാത്ത വിധം അപ്രസക്തവുമായിട്ടാണ് നമ്മളുടെ ചരിത്രം പരിഗണിച്ചിരുന്നത് എന്നും ഇത് വ്യക്തമാക്കുന്നുണ്ട്. അങ്ങനെയാണ് സമൂഹത്തിൽ ചരിത്രമില്ലാത്തവരായി സ്ത്രീകൾ മാറുന്നതും അതിന്റെ പ്രതിനിധിയെന്നോണം ഹലീമാബീവി മാറ്റപ്പെടുന്നതും.

ഗ്രന്ഥസൂചി

1. അൽത്താഫ്.കെ.എം, 2015 ഏപ്രിൽ, നവോത്ഥാന സംസ്കൃതിയുടെ 'സ്പീക്കർ' സീതിസാഹിബ്, ഒലിവ് പബ്ലിക്കേഷൻസ്.
2. കാരശ്ശേരി എം.എൻ, 2010, ഇസ്ലാമികരാഷ്ട്രീയം വിമർശിക്കപ്പെടുന്നു, മാതൃഭൂമി ബുക്സ്.
3. ഗോപാലകൃഷ്ണൻ പി.കെ, 2019,ഡിസംബർ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
4. നൂറ, നൂർ ജഹാൻ, 2020, എം. ഹലീമാബീവിയുടെ ജീവിതം പത്രാധിപ, ബുക്ക് കഫേ.
5. രാഘവൻപുതുപ്പള്ളി, 1985, കേരള പത്രപ്രവർത്തനചരിത്രം, കേരളസാഹിത്യ അക്കാദമി
6. നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ, സാക്ഷരതാമിഷൻ, കേരള സർക്കാർ.

ലേഖനങ്ങൾ

1. എം ഹലീമ ബീവി മുൻപേ നടന്ന പോരാളി, 2019, മാധ്യമം
2. സദറുദ്ദീൻവാഴക്കാട്, തിരുകൊച്ചിയിലെ മുസ്ലിം മഹതികൾ / എം. ഹലീമാബീവി /അക്ഷരങ്ങളിൽ അഗ്നി കൊളുത്തിയ സാമൂഹിക പ്രവർത്തക, പ്രബോധനം വാരിക.

ഓൺലൈൻ പോർട്ടലുകൾ

കേരള വിമൺ

woke മലയാളം ജേർണൽ

ആത്മഹത്യയുടെ മനഃശാസ്ത്രം രാജലക്ഷ്മിയുടെ കഥകളിൽ

ഡോ. അമ്പിളി എം.വി.
അധ്യാപിക,
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
Email: ambilyvijayan7@gmail.com

സംഗ്രഹം

ആധുനികമനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നാണ് മാനസിക സമ്മർദ്ദം. ഇതിനെത്തുടർന്നുണ്ടാകുന്ന അമിത ഉത്കണ്ഠ, ഭീതി എന്നിവ വിഷാദരോഗത്തിലേക്ക് നയിക്കുകയും ഇതിന്റെ മൂർദ്ധന്യാവസ്ഥയിൽ ആത്മഹത്യയിലൂടെ ഒരു ശാശ്വതപരിഹാരം തേടുകയും ചെയ്യുന്നു. അതായത് ബോധപൂർവ്വമായ ഒരു സ്വയംനശീകരണ ചിന്തയുടെ പൂർത്തീകരണമാണ് ആത്മഹത്യ. അതുകൊണ്ടുതന്നെ ആത്മഹത്യ മാനസികാവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ജീവിത പ്രശ്നങ്ങളുടെ പരിഹാരം എന്നനിലയിൽ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നവരാണ് അധികവും. ജീവിതത്തിന്റെ ഉപരിതലകാഴ്ചകളിൽനിന്നും ഉൾവലിയുന്നവർ മനസ്സിന്റെ ആന്തരികതയുടെ ആഴങ്ങളിലെ ഏകാന്തതയിലും ഒറ്റപ്പെടലുകളിലും അഭിരമിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറുന്നതോടെ രൂപപ്പെടുന്ന ഏകാന്തതയും അല ച്ചിലിനുമൊടുവിൽ ആത്മനാശത്തിനുള്ള പ്രവണത രൂപപ്പെട്ടുവരുന്നു. അനിയന്ത്രിതമായ ചിന്തയുടെ മാസ്മരികതയിൽ ഈ ലോകത്തിനപ്പുറത്തെ സുന്ദരമായ വിചാരലോകങ്ങ ളിലൂടെ മനസ്സ് സഞ്ചരിക്കുന്നു. ചിലത് കുറിച്ചുവെക്കുന്നു ചിലത് ചിന്തകളായിതന്നെ ശൂന്യതയിൽ വിലയംപ്രാപിക്കുന്നു. ഇത്തരത്തിൽ ചിന്തകളുടെ ശക്തമായ പ്രവാഹമായ സാഹിത്യരചന ഒരു സർഗാത്മകവൃത്തി എന്നതിലുപരി ജീവിതത്തിന്റെ പകർത്തി എഴുത്തുകളാകുമ്പോൾ കൃതിയിൽ കർത്താവിന്റെ ആത്മവും ഇഴചേർന്നുനിൽക്കും. ഈ ലോകത്തിനപ്പുറത്തെ സുന്ദരമായ ഒരു ലോകത്തെ അന്വേഷിക്കാൻ വെമ്പുന്ന ഈ ചി ന്തകൾ തന്നെയാണ് ഈ ലോകം തനിക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന ബോധ്യത്തെ ഉണർത്തുന്നതും മറ്റൊരു ലോകാന്വേഷണത്തിലേക്ക് വഴിതിരിച്ചുവിടുന്നതും. ഇത്തരം മാനസികാവസ്ഥകളിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളെ രാജലക്ഷ്മിയുടെ കഥാ പ്രപഞ്ചത്തിൽ കാണാൻകഴിയും. ആത്മഹത്യ, മാപ്പ് എന്നീ കഥകളെ മുൻനിർത്തി ആത്മഹത്യയുടെ മനഃശാസ്ത്രത്തെക്കുറിച്ച് അന്വേഷിക്കുകയാണ് ഈ പഠനം

താക്കോൽ വാക്കുകൾ: ആത്മഹത്യ, വിഷാദം, മനസ്സ്, കുടുംബം, സമൂഹം

 ISSN: 2582 - 2594

ആത്മഹത്യ- ഒരു പ്രതിരോധതലം

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്റെ സർഗ്ഗാത്മകതയെ സാഹിത്യത്തിൽ അടയാളപ്പെടുത്തിയ എഴുത്തുകാരിയാണ് രാജലക്ഷ്മി. മലയാളസാഹിത്യത്തിലെ ഒരു പരിവർത്തനഘട്ടത്തെയാണ് അവർ പ്രതിനിധാനം ചെയ്യുന്നത്. ജീവിതയാഥാർത്ഥ്യങ്ങളോട് സമരസപ്പെടാൻ വിമുഖതകാണിച്ച രാജലക്ഷ്മി ഒരു രക്ഷാമാർഗ്ഗം എന്നനിലയിലാണ് ആത്മഹത്യയെ കണ്ടത്. മധ്യവർഗ്ഗത്തോടും അത് പുലർത്തിപ്പോരുന്ന നീതിശാസ്ത്രത്തോടുമുള്ള നിരന്തര കലഹത്തിനൊടുവിലാണ് രാജലക്ഷ്മി ആത്മഹത്യചെയ്യുന്നത്. "മൃത്യോ, അങ്ങയിൽ ഞാൻ ജീവിക്കാൻ തുടങ്ങിയിരുന്നുവെങ്കിൽ" - 'കുമിള' എന്ന കവിതയിലെ ഈ വരികളിൽ രാജലക്ഷ്മിയുടെ മരണാഭിമുഖ്യം വ്യക്തമാണ്. ജീവിതത്തിന്റെ അന്യവൽക്കരണങ്ങളിൽനിന്നുമുള്ള മോചനമായിരുന്നു അവർക്ക് ആത്മഹത്യ..

നിഷേധങ്ങൾ, അത് സാമൂഹികമോ കുടുംബപരമോ ഏതുവിധത്തിലുള്ളതായാലും ഒരു വ്യക്തിയുടെ ജീവിതാവസ്ഥയെ സങ്കീർണ്ണമാക്കുമ്പോൾ ജീവിതത്തിന്റെ മുന്നോട്ടുള്ള സഞ്ചാരം ഒരു സ്വയംപീഡയുടെതാകുന്നു. ആൾക്കൂട്ടത്തിലും ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയുണ്ടാകുന്നു. ഈ ലോകം തനിക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന തിരിച്ചറിവിൽനിന്നുള്ള ഒരു രക്ഷപ്പെടലെന്ന ചിന്ത മനസ്സിൽ ഉണരാൻ തുടങ്ങും. അത് മൃത്യുബോധമായി പരിണമിക്കുന്നു. മൂല്യമില്ലാത്ത ലോകത്ത് ഒരു ബാധ്യതയായിത്തീരുന്നു എന്ന ദാർശനികബോധം മനസ്സിനെ കീഴ്പ്പെടുത്തുന്നതോടെയാണ് ഒരു വ്യക്തി ആത്മഹത്യയിൽ അഭയംപ്രാപിക്കുന്നത്. മരണം ഒരു സൗന്ദര്യതലത്തെ ഉള്ളിലുണർത്താൻ തുടങ്ങുമ്പോൾ അതൊരു പരിഹാരം എന്നനിലയിൽ വിലയിരുത്തുന്ന മാനസികാവസ്ഥ സംജാതമാകുന്നു. ആഴമേറിയ വിഷാദാത്മകത, സ്വയംനിന്ദ എന്നിവ വ്യക്തിയെ മാനസികമായി തകർത്തെറിയുന്ന ജീവിതാവസ്ഥയാണ്. ഉൾവലിയലിന്റെ അവസാനത്തിൽ ആത്മഹത്യയിൽ ജീവിതത്തിന്റെ പരിപൂർണ്ണത കണ്ടെത്തുന്നു. ജീവിതം ജീവിച്ചുതീർക്കാൻ പ്രതിബന്ധങ്ങൾ ഏറെ തരണംചെയ്യേണ്ടിവരുന്നുണ്ട്. ജീവിതപരിസരങ്ങളോടുള്ള വിമുഖത ജീവിതത്തോടുള്ള വിമുഖതയിലേക്ക് പരിവർത്തനം ചെയ്യുന്നതോടെ ഈ ലോകത്തുനിന്നു തന്നെ നിഷ്ക്രമിക്കുന്നതിലേക്ക് നയിക്കുന്നു. തിരിച്ചറിവുകളാണ് മനുഷ്യനെ ആത്യന്തികമായി നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുന്നത്.

ആത്മഹത്യ

"ആത്മഹത്യ ഭീരുത്വത്തിന്റെ ലക്ഷണമാണ്" എന്ന് തുടങ്ങുന്ന കഥയിൽ "ഓടുന്ന തീവണ്ടിയുടെ മുമ്പിൽ തലവയ്ക്കുന്നത് ഭീരുത്വമാണത്രെ, ഭീരുത്വം" (രാജലക്ഷ്മി: 1998:19). ആത്മഹത്യ നിസ്സാരമാണെന്ന സാമൂഹിക കാഴ്ചപ്പാടിനെയാണ് കഥ ചോദ്യംചെയ്യുന്നത്. ജീവിക്കുന്നതിനേക്കാൾ ഇരട്ടിയോ അതിൽകൂടുതലോ ധൈര്യം ആത്മഹത്യ ചെയ്യുന്നവനുണ്ടാകണം. ആത്മഹത്യ ഭീരുവിന് പറഞ്ഞിട്ടുള്ളതല്ല, അത് ധീരത്വമാണ് എന്ന് കഥ പറയാതെ പറയുന്നുണ്ട്. മരണചോദനയെക്കുറിച്ചും ജീവചോദനയെക്കുറിച്ചുമുള്ള ഫ്രോയ്ഡിന്റെ നിരീക്ഷണമനുസരിച്ച് ഇത് 'സൈക്കോസിസ്' എന്ന മനോരോഗമാണ്. ഈ അവസ്ഥയിൽ അഹം എന്ന വ്യക്തിമനോഭാവവും ബാഹ്യലോകവും തമ്മിൽ നിരന്തര സംഘർഷത്തിൽ ഏർപ്പെടുന്നതായി ഫ്രോയിഡ് നിരീക്ഷിക്കുന്നുണ്ട്. ഇതിന്റെ മൂർദ്ധന്യാവസ്ഥ ഒരു മരണചോദനയിലേക്ക് നയിക്കുന്നു. "നാം

ചിന്തിക്കുന്നതും ജീവിക്കുന്നതും ഒരുപോലെയല്ല. മിക്കപ്പോഴും ഒരു മനുഷ്യൻ തന്നെപ്പറ്റി എന്തു വിചാരിക്കുന്നു അതിൽനിന്നും വളരെ വ്യത്യസ്തവും ചിലപ്പോൾ തികച്ചും വിരുദ്ധവുമായ ഒരു അവസ്ഥയിൽ ആയിരിക്കും അയാളുടെ ജീവിതം. മനുഷ്യരുടെ ഭൂരിഭാഗവും ഒരുതരം ആത്മ വഞ്ചനയിലാണ് ജീവിക്കുന്നത്" (എറിക്ഫ്രോം:2018:29). ആത്മഹത്യചെയ്യുന്നത് ഭീരുത്വം കൊണ്ടല്ല, ആ അവസ്ഥയിലേക്ക് ഒരു വ്യക്തി എത്തിച്ചേരുന്നതിൽ സമൂഹത്തിനും ഒട്ടും ചെറുതല്ലാത്ത പങ്കുണ്ട്. സമൂഹനിർണയങ്ങളെ അതേപടി അംഗീകരിക്കുന്നവർ പരമ്പരാഗതമായ എല്ലാറ്റിനെയും മുറുകെപ്പിടിച്ച് ഏതോ പുരാതനകാലത്തിൽ ജീവിച്ചുമരിക്കുന്നു. ഇതല്ലാതെ ചിലർ ഒഴുക്കിനെതിരെ നീന്തുന്നുണ്ട്, മറ്റുചിലർ കരപറ്റുന്നുണ്ട്, ചിലർ തളർന്നുതീരുന്നുണ്ട്. ഇനിയും ചിലർ അവസരത്തിനൊത്ത് നിലനിൽപ്പിനെ മുൻനിർത്തി മാറ്റങ്ങളെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നു. നേവി ഉദ്യോഗസ്ഥരായ ചക്രവർത്തിയിൽനിന്നും ഒരു ഭാര്യ എന്നനിലയിലുള്ള യാതൊരു പരിഗണനയും ലഭിക്കാത്ത, തീർത്തും അവഗണിക്കപ്പെട്ട സ്ത്രീയാണ് നീരജ. ടാഗോറിന്റെ 'മാലഞ്ചോ' വിലെ ഭാഗ്യംകെട്ട നായികയുടെ പേരുമാത്രമല്ല അതേ ഭാഗ്യദോഷവും അവളെ പിന്തുടരുന്നുണ്ട്. മധ്യവയസ്സായ ഭർത്താവ് തികഞ്ഞ ഒരു മധ്യപാനിയുമാണ്. മോഹങ്ങളും സ്വപ്നങ്ങളും നിറഞ്ഞ നീരജയുടെ മനസ്സ് കാണാൻ പക്ഷേ അവളുടെ ഭർത്താവിന് സാധിക്കുന്നില്ല. എന്നിട്ടും അവൾ അമ്മയാകുന്നുണ്ട് എന്നത് ഒരുതരം ജീവിതയാന്ത്രികതയുടെ പ്രതിഫലനമായി മാത്രമേ വിലയിരുത്താൻ കഴിയൂ. "ജീവിക്കാനുള്ള പണമുണ്ടാക്കാൻവേണ്ടി പണിയെടുക്കുന്ന ബദ്ധപ്പാട് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത അവൾക്ക് എന്റെ ജോലിത്തിരക്കും സമയമില്ലായ്മയും എല്ലാം പുതുമയായിരുന്നു" (രാജലക്ഷ്മി:1998:21) എന്ന നിരീക്ഷണത്തിൽ ജീവിതത്തിന്റെ രണ്ടറ്റത്ത് സ്ഥിതിചെയ്യുകയും രണ്ടുതരം ലോകവീക്ഷണങ്ങളെ ഉള്ളിൽകരുതുകയും ചെയ്യുന്ന സ്ത്രീകളെയാണ് കഥ പ്രതീകവൽക്കരിക്കുന്നത്. വീട്ടുജോലികളിൽ സന്തോഷംകണ്ടെത്തുന്നവളാണ് വീട്ടമ്മ എന്ന ബോധ്യം പുരുഷനിർമ്മിതമാണ്. സ്വന്തം വ്യക്തിത്വത്തെ അടയാളപ്പെടുത്താൻ കഴിയാതെപോകുന്നവർ വീട്ടുജോലികളിൽ ആശ്വാസം കണ്ടെത്തുകയും അതിനെ മഹത്വവൽക്കരിക്കുകയും ചെയ്യുന്നു. പക്ഷേ, സ്വന്തം അധ്വാനം വഴി നിലനിൽപ്പിനെ സാധൂകരിക്കുന്നവരെ സംബന്ധിച്ച് പുറത്തെ വിശാലലോകം ആശ്വാസത്തോടൊപ്പം ആസ്വാദനവും അവർക്ക് പകരുന്നുണ്ട്. നീരജാചക്രവർത്തി വിരസമായ തന്റെ പകലുകളെ ജീവസ്സുറ്റതാക്കാൻ നീരജയുടെ വസ്തുങ്ങൾ തേച്ചുമടക്കുന്നുണ്ട്. ധനികനും പ്രതാപിയും മധ്യവയസ്കനുമായ ഭർത്താവിനോടൊത്തുള്ള ജീവിതം നീരജയ്ക്ക് സന്തോഷം പകരുന്നതായിരുന്നില്ലെന്ന് വ്യക്തം. എങ്കിലും, മനസ്സ് തുറക്കാൻ അവൾ തയ്യാറാകുന്നില്ല. പക്ഷേ, അവളുടെ പ്രകൃതത്തിൽനിന്നും അവളുടെ വിഷാദാത്മകത്തെ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ജന്മവാസനകൾക്കനുസരിച്ച് ജീവിക്കുമ്പോൾ സമൂഹവുമായി നിരന്തരം സംഘർഷത്തിലേർപ്പെടേണ്ടിവരുന്നു. ഈ സംഘർഷം സമ്മർദ്ദത്തിലേയ്ക്കുനയിക്കുന്നു. കാമനകളുടെ അടിച്ചമർത്തലുകൾ വിഷാദരോഗത്തിലേക്ക് നയിക്കുകയും ഒടുവിൽ ഒരു ആത്മനാശത്തിലേക്ക് എത്തിക്കുകയുംചെയ്യുന്നു. ജീവിതത്തെ മുന്നോട്ടുനയിക്കുന്ന പ്രതീക്ഷകൾക്ക് മങ്ങലേൽക്കുമ്പോൾ, പൂർത്തീകരിക്കപ്പെടാതെപോകുന്ന പ്രണയം, കാമനകൾ എന്നിവ തുടർജീവിതത്തിലുണ്ടാക്കുന്ന ഒറ്റപ്പെടലുകളും ചേർന്ന് ആത്മഹത്യയിലേക്ക് നയിക്കാറുണ്ട്. ഒരു വ്യക്തി സ്വന്തം മനോനിലകളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്നിടത്ത് മൃത്യുബോധം ഉണർന്ന് പ്രവർത്തിക്കാൻ തുടങ്ങും. അത്തരത്തിൽ ഒരു വ്യക്തിയായിരുന്നു ചങ്ങമ്പുഴ.

പക്ഷേ, നീരജ പ്രത്യക്ഷത്തിൽ ആത്മഹത്യചെയ്യുകയല്ല. തന്റെ ദേഹരക്ഷയും ആരോഗ്യ രക്ഷയുമുള്ള ഔഷധങ്ങളെ തിരസ്കരിച്ചുകൊണ്ട് മരണത്തെപ്രാപിക്കാൻ ഒരുങ്ങുകയായിരുന്നു. പക്ഷേ, അതുണ്ടാക്കിയത് മറ്റൊരു ദുരന്തമായിരുന്നു. പരോക്ഷമായി ഒരു കൊലപാതകം ചെയ്യു മട്ടിലേക്ക് ഇത് കാര്യങ്ങളെ കൊണ്ടെത്തിക്കുന്നുണ്ട്. നീരജയ്ക്ക് തന്റെ കുഞ്ഞിനെ നഷ്ടപ്പെടുന്നു. ഒടുവിൽ ഭർത്താവിനൊപ്പം യാത്രപറഞ്ഞിറങ്ങുമ്പോൾ ഇനിയൊരു കൂടിക്കാഴ്ചയുടെ സാധ്യ തയെ അത് മുന്നോട്ടുവയ്ക്കുന്നില്ല എന്നു വ്യക്തം. എന്നേക്കുമായുള്ള ഒരു വിടവാങ്ങലാണിത്. പൂർത്തീകരിക്കപ്പെടാത്ത മോഹങ്ങളെയും സ്വപ്നങ്ങളെയും ഉപേക്ഷിക്കുകയോ മറക്കാൻശ്ര മിക്കുകയോ ചെയ്ത് കഥാകാരിയുടെ അടുത്തുനിന്നും അവൾ യാത്രയാവുകയാണ്. “അവൾ കരയുന്നുണ്ടായിരുന്നില്ല. വല്ലാത്ത ഒരു വിളർച്ച മാത്രമായിരുന്നു മുഖത്ത്.” “ചേച്ചീ, good -bye” എന്റെ മുഖത്തുനോക്കാതെ അവൾ പറഞ്ഞു. “You mean Au Revoir ”. ഞാൻ പറഞ്ഞു. “അല്ല Good bye തന്നെയാണ് ” (രാജലക്ഷ്മി:1998:23). നീരജയ്ക്ക് സ്നേഹിക്കാൻ അറിയാം. പക്ഷേ, ആ സ്നേഹത്തെ തിരിച്ചറിയാതെ പോകുന്ന അവസ്ഥയിൽ ജീവിതം ഒരു യാന്ത്രികതയിലേക്ക് ചേർത്തുകെട്ടുകയാണ് നീരജ. ജീവിതം ജീവിച്ചുതീർക്കേണ്ടതാണെങ്കിലും ജീവിക്കാൻ കൊ ള്ളാവുന്നതാണോ എന്ന തത്വചിന്തയെ കൂടി രാജലക്ഷ്മി തന്റെ കഥയിലൂടെ ഉന്നയിക്കുന്നുണ്ട്. മരണത്തിന്റെ പങ്ക് മരണം വഹിക്കട്ടെ എന്ന നിലപാടിൽ മരുന്നുകളെ ഉപേക്ഷിക്കുന്നതിലൂടെ ഒരുതരം ആത്മപീഡയ്ക്കാണ് അവർ സ്വയം വിധേയയാകുന്നത്. അതിന് ആത്മരതി എന്ന് ഫ്രോയിഡിന്റെ ഭാഷയിൽ പറയാൻകഴിയും. വേദനയെ ആസ്വാദ്യമാക്കുന്ന മാനസികാവസ്ഥ കളെ പ്രാപിക്കുന്ന വ്യക്തികളെ സംബന്ധിച്ച് ആത്മഹത്യയെക്കാൾ ആത്മപീഡയെ അവർ ആസ്വദിക്കുകയാണ്. നീരജ ഒറ്റയടിക്കുള്ള മരണത്തിനെയല്ല, പകരം ജീവിതത്തെ മെല്ലെ മെല്ലെ മുങ്ങിപ്പോകുന്ന ഒരു കപ്പലിനെയെന്നോണം കാണുകയാണ്. അതിൽ ഒരാസ്വാദന തലത്തെയും കണ്ടെത്താൻ കഴിയും. പ്രകടിപ്പിക്കാൻ കഴിയാതെപോകുന്ന ചില വൈകാരി കതകളെ പ്രകടിപ്പിക്കുന്നത് സ്വയം വേദനിപ്പിച്ചുകൊണ്ടോ സ്വയം ഇല്ലായ്മ ചെയ്തുകൊണ്ടോ ആയിരിക്കും, അത്തരത്തിലുള്ള ഒരു കഥാപാത്രമാണ് നീരജ. മാത്രമല്ല, തന്റെ ജീവിതത്തെ വിരസമാക്കിത്തീർത്ത ലോകത്തേക്ക് ഇനി തന്റെ കുഞ്ഞിനെയും വരുത്തേണ്ടതില്ല എന്നുകൂടി അവൾ ചിന്തിക്കുന്നുണ്ട്. അതുകൊണ്ടാണ് “ഒരാളായിട്ട് പോകുമെന്ന് ഞാൻ കരുതിയില്ല ചേച്ചി. രണ്ടുപേർക്കുംകൂടി ഒന്നിച്ചുപോകാമെന്ന് ഞാൻ വിചാരിച്ചതാണ്” (രാജലക്ഷ്മി:1998:22) എന്ന് നീരജപറയുന്നത്. പക്ഷേ, അവൾ മരിച്ചില്ല. അതിന്റെ നിരാശയും കുഞ്ഞിന്റെ നഷ്ടം എന്ന തീരാസങ്കടവും പേറി അവൾ മരണതുല്യം പിന്നെയും ജീവിക്കേണ്ടിവരുന്നു. അതും ഒരുതരത്തിൽ മരണം തന്നെയാണ്. മരവിച്ച മനസ്സോടെ യാത്രപറഞ്ഞിറങ്ങുമ്പോൾ അവളുടെ കണ്ണുകളിൽ നിഴലിച്ചതത്രയും ശൂന്യത മാത്രമായിരുന്നു. ആ ശൂന്യത മരണത്തെ ആശ്ലേഷി ക്കാനുള്ള ഒരു ത്വരയായി നാളെ മാറിയേക്കാം. നാളെ ഒരിക്കൽ മരണത്തിലൂടെ അതിനൊരു പര്യവസാനം കണ്ടെത്തുവാനുള്ള സാധ്യതയെയും നീരജയുടെ ജീവിതം മുന്നോട്ടുവയ്ക്കുന്നുണ്ട്.

‘മാപ്പ്’ എന്ന കഥയിലെ അധ്യാപികയായ രമയും ജീവിതസംഘർഷങ്ങളുടെ നൂൽപ്പാല മേറി സഞ്ചരിക്കുകയാണ്. ക്ലാസ്സിൽ ഏറ്റവും വെറുക്കപ്പെട്ട സർവ്വനാമ ശബ്ദം ഏതെന്ന ചോ ദ്യത്തിന് ‘അവൾ’ എന്ന് പറഞ്ഞ പോൾവർഗീസ് എന്ന മിടുക്കനായ വിദ്യാർത്ഥി നേതാവി ന്റെ ജീവിതം മാറിമറിയുന്നതിന് താൻ കാരണക്കാരിയായി എന്ന കുറ്റബോധം രമടീച്ചറെ

ഗ്രസിക്കുന്നുണ്ട്. ഈ കഥയും രാജലക്ഷ്മി തന്റെ ജീവിതാനുഭവത്തിൽനിന്നും പകർത്തിയതാണെന്നുവേണം കരുതാൻ. 'അവൾ' എന്നത് അത്രമേൽ വെറുക്കപ്പെട്ട സർവ്വനാമമാണെന്ന് പോൾവർഗീസിന്റെ കാഴ്ചപ്പാട് അവന്റെ ജീവിതാനുഭവങ്ങളിൽനിന്ന് രൂപപ്പെട്ടുവന്നിട്ടുള്ളതാണ്. അതിനെ അംഗീകരിക്കാനുള്ള വിശാലമനസ്സിലേക്ക് രമ എന്ന അധ്യാപിക എത്തിച്ചേർന്നിട്ടില്ല. ഒരു വിദ്യാർത്ഥി തന്റെ അഭിപ്രായം തുറന്നുപറയുമ്പോൾ തകർന്നുപോകുന്നവരല്ല യഥാർത്ഥ അധ്യാപകർ. പക്ഷേ ഇവിടെ 'ഞാൻ' എന്ന പദത്തിനോടുള്ള സ്നേഹം (രാജലക്ഷ്മി:1998:27), അതാണ് രമടീച്ചറുടെ ചിന്തകളെ വഴിതിരിച്ചുവിട്ടതും അത്രമേൽ തീവ്രവൈകാരികതയോടെ പ്രതികരിച്ചതും. "ആത്മരതിക്ക് വിധേയനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം പരിഗണനാർഹമായ ഒരു യാഥാർത്ഥ്യമേ നിലനിൽക്കുന്നുള്ളൂ താൻമാത്രം. തന്റെ വികാരങ്ങൾ, ചിന്തകൾ, ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ, ശരീരം, കുടുംബം, അങ്ങനെ തന്നെ സംബന്ധിച്ചവമാത്രം ഒരു ആത്മരതികാരനെ അവൻ ചിന്തിക്കുന്നത് മാത്രമാണ് ശരി" (എറിക് ഫ്രോം: 2018:48). ഒരു വലിയ "ഞാൻ" മുമ്പിൽ ഉണ്ടായതാണ് തന്റെ കുഴപ്പമെന്ന രമടീച്ചറുടെ ചിന്തയെ രാജലക്ഷ്മിയുടെ ചിന്തകളിലേക്ക് ചേർത്തുകെട്ടുമ്പോൾ ഏറെ അർത്ഥവത്താണെന്ന് കാണാം. രാജലക്ഷ്മിയുടെ വ്യക്തിത്വവും രമടീച്ചറുടെ വ്യക്തിത്വവും ജീവിതവീക്ഷണത്തിന്റെ ഒരു നിശ്ചിതപരിധിയിൽ വച്ച് സമരസപ്പെടുന്നത് കാണാം. "താൻ ജീവിതം എന്ന് വിളിക്കുന്ന ഇതിന്റെ പൊള്ളത്തരം ഒരു നിർദ്ദയമായ വെളിച്ചത്തിന്റെ പ്രഭയിൽ ആവരണമൊക്കെ നീങ്ങി ആ ഒരു നിമിഷത്തിൽ വ്യക്തമായി കണ്ടു എന്നോ?" (രാജലക്ഷ്മി: 1998:26). ഉള്ളിലുറങ്ങുന്ന ആത്മനിന്ദ മറനീക്കി പുറത്തുവരികയും അതിലൂടെ രൂപപ്പെട്ടുവരുന്ന നിരാശാബോധവുമാണ് പോൾവർഗീസ് എന്ന വിദ്യാർത്ഥിക്ക് വിനയായത്. 'അവൾ' എന്നത് അത്രമാത്രം വെറുക്കപ്പെട്ട ഒന്നാണെന്ന ബോധ്യത്തെയും വഹിച്ച് ഈ ലോകം അവൾക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന കാഴ്ചപ്പാടിൽ ജീവിക്കുന്ന രമടീച്ചറുടെ മനസ്സിൽ പോൾ എന്ന വിദ്യാർത്ഥിയുടെ മറുപടി ഉണ്ടാക്കിയ മുറിവിന്റെ ആഴം ഒറ്റനോട്ടത്തിൽ അറിയാൻ കഴിയില്ല. ജീവിതാനുഭവങ്ങളുടെ വ്യത്യസ്തങ്ങളായ അവസ്ഥാന്തരങ്ങൾ നൽകുന്ന വേദനയുടെയും ഒറ്റപ്പെടലിന്റെയും അർത്ഥരാഹിത്യത്തിന്റെയും നേർചിത്രങ്ങൾ മനസ്സിൽ പേറുന്നതുകൊണ്ടാണ് "ഇന്നലെകളുടെ വേദന ഇന്നിന്റെ വ്യർത്ഥത നാളെകളുടെ അർത്ഥശൂന്യത" (രാജലക്ഷ്മി:1998:26) എന്നിങ്ങനെയെല്ലാം ചിന്തിക്കാൻ കഴിയുന്നത്. പഠിക്കാൻ മിടുക്കനായ വിദ്യാർഥി തന്റെ 'ഞാനെന്ന ഭാവത്തിന്' ഇരയാക്കപ്പെട്ടതിന്റെ സങ്കടംപേറിയാണ് ഒടുവിൽ രമടീച്ചർ അവന്റെ കുടുംബപശ്ചാത്തലത്തെക്കുറിച്ച് അറിയുന്നത്. കുടുംബം, മാതാപിതാക്കൾ, ബന്ധങ്ങൾ, സമൂഹം ഇതെല്ലാം ഒരു വ്യക്തിയെ നിർമ്മിക്കുന്നതിൽ അടിസ്ഥാന പങ്കുവഹിക്കുന്ന ഘടകങ്ങളാണ്. കഥയിൽ പോൾവർഗീസിന്റെ മാതാപിതാക്കൾ പിരിഞ്ഞുതാമസിക്കുന്നവരാണ്. എന്നോ അകന്നുപോയ അമ്മയോടുള്ള സ്നേഹം പിന്നീട് വെറുപ്പായി രൂപാന്തരം പ്രാപിച്ചതിന്റെ ഫലമായിട്ടാവണം ഏറ്റവും വെറുക്കപ്പെട്ട സർവ്വനാമം 'she' ആണെന്നു പറഞ്ഞത്. അമ്മയെന്ന ബിംബം അവനിൽ ഉണ്ടാക്കിയ ആഘാതത്തിന്റെ ബാക്കിപത്രമാണ് അവന്റെ നിരീക്ഷണം. അവനെ സംബന്ധിച്ച് അമ്മ സ്വന്തം ജീവിതത്തെ തേടിപ്പോയ ഒരുവളാണ്. തന്റെ മകനെ വേണ്ടവിധം പരിഗണിക്കാത്തവളാണ്. ആ അനുഭവപരിസരത്തിൽ നിന്നുകൊണ്ടാണ് പോൾ 'she'യെ വിലയിരുത്തുന്നത്. ഒടുവിൽ പോൾ നൽകിയ 'പുഷ്കിന്റെ' കവിതാസമാഹാരത്തിൽ "ഞാൻ മുട്ടുകുത്താൻ വന്നപ്പോൾ അങ്ങ് വാതിലടച്ചുകളഞ്ഞു" എന്ന വാചകം വായിക്കുമ്പോൾ രമടീച്ചറുടെ ജീവിതത്തിൽ മറക്കാനാവാത്ത

ഒരു സംഭവമെന്നനിലയിലല്ല പോൾ എന്ന വിദ്യാർത്ഥി നിലനിൽക്കുക, മറിച്ച് നിരന്തരം വേദനിപ്പിക്കുന്ന ഒരു മനോദുഃഖം എന്നനിലയിൽ നിരന്തരം അലട്ടുന്ന ഒന്നായി ആ വിദ്യാർത്ഥി മാറുന്നു. ഒരുതരത്തിലുള്ള ആത്മപീഡയുടെ സാധ്യതകളെ കഥ മുന്നോട്ടുവെക്കുന്നുണ്ട്. ജീവിതം ജീവിച്ചുതീർക്കാനുള്ളതാണെങ്കിൽ ഇത്തരത്തിലുള്ള വേദനകളെയും അകമ്പടിയായി കൊണ്ടുപോകേണ്ടിവരുന്നു എന്ന ബോധ്യം ജീവിതത്തെ ദുരിതപൂർണമാക്കുന്നു. ഇത് ഈ ലോകത്തുനിന്നുതന്നെ പിരിഞ്ഞുപോകേണ്ട അവസ്ഥാവിശേഷത്തിലേക്ക് മനസ്സിനെ നയിക്കുന്നു. നിരന്തര ഹൃദയസംവാദങ്ങൾക്കൊടുവിൽ പരോക്ഷമായ ഒരു ആത്മഹത്യയെ കഥ ഉൾവഹിക്കുന്നുണ്ട്.

ഉപസംഹാരം

കാലഘട്ടത്തെ മറികടക്കുന്ന ആശയങ്ങൾകൊണ്ടും ജീവിതതത്വങ്ങൾകൊണ്ടും സ്വതന്ത്രമായ കാഴ്ചപ്പാടുകൾകൊണ്ടും സാഹിത്യത്തിൽ വ്യത്യസ്തമായ ദർശനങ്ങളെ മുന്നോട്ടുവെച്ച എഴുത്തുകാരിയാണ് രാജലക്ഷ്മി. ജീവിതവഴികളിൽ ഒറ്റപ്പെട്ടുപോകുന്ന കഥാപാത്രങ്ങളുടെ വിഷാദാത്മകതയും രാജലക്ഷ്മി തന്റെ കഥകളിൽ വിഷയവത്കരിച്ചിരിക്കുന്നു. 'ആത്മഹത്യ' എന്ന കഥയിലെ നീരജ തന്റെ ജീവരക്ഷയ്ക്കും ദേഹരക്ഷയ്ക്കുമുള്ള ഔഷധങ്ങളെ തിരസ്കരിച്ചുകൊണ്ടാണ് ആത്മഹത്യയിലേക്കുള്ള വഴിതേടുന്നത്. ഭർത്താവിനാൽ അവഗണിക്കപ്പെട്ട സ്ത്രീയുടെ നിസ്സഹായാവസ്ഥയുടെ പ്രതിഫലനമാണ് നീരജയുടെ ആത്മഹത്യാചിന്ത. "മാപ്പ്" എന്ന കഥയിലെ രമടീച്ചർ ജീവിതസംഘർഷങ്ങളുടെ നൂൽപ്പാലമേറി സഞ്ചരിക്കുന്ന സ്ത്രീയാണ്. ഒരുതരത്തിലുള്ള ആത്മപീഡയാണ് ഈ കഥയിലൂടെ മുന്നോട്ടുവയ്ക്കുന്നത് ജീവിതം ജീവിച്ചുതീർക്കുന്നതിന് വേദനകളെയും അകമ്പടിയായി കൊണ്ടുപോകേണ്ടിവരുന്നു എന്ന അവസ്ഥ ഈ ലോകത്തുതന്നെ പോകേണ്ട അവസ്ഥാവിശേഷത്തിലേക്ക് മനസ്സിനെ നയിക്കുകയും നിരന്തര ഹൃദയസംവാദങ്ങൾക്കൊടുവിൽ പരോക്ഷമായ ഒരു ആത്മഹത്യയെയാണ് ഈ കഥയും ഉൾവഹിക്കുന്നത്.

ഗ്രന്ഥസൂചി

എറിക്ക് ഫ്രോം, 2018, ഫ്രോയ്ഡിയൻചിന്ത സാധ്യതയും പരിമിതിയും, വിവ. പ്രൊഫ. പി. വിജയൻ പ്രോഗ്രസ് ബുക്സ്, കോഴിക്കോട്

ശബരി കെ. അയ്യപ്പൻ, 2013, കുമാരനാശാൻ രാജലക്ഷ്മി ഒരു പുനർവായന, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്

സിഗ്മണ്ട് ഫ്രോയിഡ്, 2014, മാനസികാപഗ്രഥനത്തിന് ഒരു മുഖവുര, പരി. ഡോ. എ രാജഗോപാൽ കമ്മത്ത്, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്

സെബാസ്റ്റ്യൻ വട്ടമറ്റം, 2015 സിഗ്മണ്ട് ഫ്രോയിഡ് (പഠനം), സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം

രാജലക്ഷ്മി, 1998, രാജലക്ഷ്മിയുടെ കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.

ബഷീറാനന്തര മലയാളകഥയിലെ ബഷീർ

അനന്തു കെ.
എം.എ. മലയാളം
മദ്രാസ് സർവകലാശാല
മറീന ക്യാമ്പസ്, ചെന്നൈ
Email: ananduklm123@gmail.com

സംഗ്രഹം

ഒരു സാഹിത്യകൃതി രൂപപ്പെടുന്നതിന് അനവധിയായ കാരണങ്ങളുണ്ട്. അതിന് ചരിത്രപരമോ പ്രത്യയശാസ്ത്രപരമോ വ്യക്തിപരമോആയ കാരണങ്ങളുണ്ടാകാം. പലതരം സ്വാധീനതകളും സാഹിത്യത്തിന്റെ പിറവിയെയും ഉള്ളടക്കത്തെയും നിയന്ത്രിക്കാറുണ്ട്. മലയാളസാഹിത്യത്തിലെ അത്യപൂർവമായ പ്രതിഭയുള്ള എഴുത്തുകാരിൽ ഒരാളാണ് വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹം സൃഷ്ടിച്ച രചനാലോകം വളരെ വ്യത്യസ്തവും വ്യാപ്തിയേറിയതുമാണ്. അനനുകരണീയമായ അദ്ദേഹത്തിന്റെ രചനാരീതിമറ്റുള്ളവരിൽനിന്നും ബഷീറിനെ വേറിട്ടുനിർത്തി. വായനക്കാരുടെ ചിന്തയിലും ഭാവനയിലും വലിയ സ്വാധീനങ്ങൾ അദ്ദേഹം ചെലുത്തി. എന്നാൽ അതിനപ്പുറത്തേക്ക് മലയാള ചെറുകഥകളിൽ ബഷീർ ഒരു ഭാവുകത്വഘടകമായിത്തീർന്നിട്ടുണ്ടോ എന്ന് തിരഞ്ഞെടുത്ത കഥകളുടെ അടിസ്ഥാനത്തിൽ അഖ്യനശാസ്ത്ര പരികല്പനകളുടെ കൂടി അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

താക്കോൽവാക്കുകൾ: ചെറുകഥ, ഭാവുകത്വം, ആഖ്യാനശാസ്ത്രം

ആമുഖം

ഒരു സാമൂഹ്യനിർമ്മിതി എന്നതിനപ്പുറത്തേക്ക് ഭാവുകത്വനിർമ്മിതി കൂടിയാണ് സാഹിത്യം. സമൂഹത്തിൽ നിലനിൽക്കുന്ന അധികാരബന്ധത്തോടും അതിൽ അന്തർലീനമായിരിക്കുന്ന പ്രത്യയശാസ്ത്ര നിർമ്മിതികളോടും ചേർന്നുനിന്നും ചിലപ്പോൾ വിപരീതദിശയിൽ സഞ്ചരിച്ചുമാണ് സാഹിത്യം മുന്നോട്ടുപോകുന്നത്. മതം, പ്രകൃതി, ദർശനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം വിവിധ കാലഘട്ടങ്ങളിൽ സാഹിത്യഭാവനയെ നിർണയിച്ചു. ഇവയുടെ നിയന്ത്രണങ്ങളും സ്വാധീനവും സാഹിത്യത്തിലുണ്ടെന്ന് ചരിത്രപരമായ വിശകലന രീതിയിലൂടെ മനസ്സിലാകും.

 ISSN: 2582 - 2594

മലയാളസാഹിത്യത്തിലെ ആധുനികതയുടെ വക്താക്കളിൽ പ്രധാനിയായിരുന്ന വൈക്കം മുഹമ്മദ് ബഷീർ. അനനുകരണീയമായ അദ്ദേഹത്തിന്റെ രചനാരീതി വായനക്കാരുടെ പ്രിയപ്പെട്ട എഴുത്തുകാരനായി അദ്ദേഹത്തെ മാറ്റി. തന്റേതുമാത്രമായ ഭാഷാശൈലിയും സമൂഹത്തിന്റെ അടിത്തട്ടിനെ സ്പർശിച്ചുകൊണ്ടുള്ള സാഹിത്യവീക്ഷണവും ബഷീറിനെ മറ്റ് സാഹിത്യകാരിൽനിന്ന് വ്യത്യസ്തനാക്കി. എവിടെയും താങ്ങി നിൽക്കാതെയും പിടിച്ചുനിൽക്കാതെയും സ്വന്തമായി രൂപപ്പെടുത്തിയതായിരുന്നു ബഷീർ തന്റെ സാഹിത്യസഞ്ചാരം. റിയലിസത്തെയും സോഷ്യലിസ്റ്റ് റിയലിസത്തെയും മലയാളസാഹിത്യം പ്രാധാന്യത്തോടെ അവതരിപ്പിച്ചുവരുന്ന കാലത്തായിരുന്നു വൈക്കം മുഹമ്മദ് ബഷീറിന്റെ സാഹിത്യപ്രവേശം. എന്നാൽ പുരോഗമന പ്രസ്ഥാനം അവതരിപ്പിച്ച യഥാർത്ഥ്യവാദത്തിന് അപ്പുറത്തേക്ക് സാമൂഹികസ്വത്വങ്ങളുടെ പ്രശ്നങ്ങൾകൂടി അദ്ദേഹം തന്റെ കൃതികളിൽ അവതരിപ്പിച്ചു. പുരോഗമനപ്രസ്ഥാനത്തിന് കീഴാള സ്വത്വങ്ങളെ അവതരിപ്പിക്കുന്നതിൽ ചില പരിമിതികൾ ഉണ്ട് എന്ന തിരിച്ചറിവ് യാതൊരു ആശയത്തോടും ചേർന്ന് നിൽക്കാതെയുള്ള രചനാരീതിയിലേക്ക് ബഷീറിനെ നയിച്ചു. ഓരോ കാലത്ത് വായിക്കപ്പെടുമ്പോഴും പുതുതായി തോന്നുന്ന എന്നത് ബഷീറിന്റെ രചനാരീതിയുടെ പ്രധാന പ്രത്യേകതയാണ്. മലയാളസാഹിത്യത്തിൽ കാലങ്ങൾക്ക് മുമ്പേ സഞ്ചരിക്കാനും കലാതിവർത്തിയായി നിലകൊള്ളാനും ബഷീർ കൃതികൾക്ക് സാധിച്ചിട്ടുണ്ട്.

ബഷീർ : ഭാവുകത്വത്തിലെ ആഖ്യാനഭേദങ്ങൾ

സാഹിത്യം എക്കാലത്തും അതിന്റെ ആന്തരികവും ബാഹ്യവുമായ രൂപങ്ങളെ പരിവർത്തനത്തിനു വിധേയമാക്കിയും പ്രയോഗസാധ്യതകളെ വിപുലീകരിച്ചുകൊണ്ടുമാണ് കടന്നുപോകുന്നത്. ഇത്തരം മാറ്റങ്ങൾ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നല്ല. സാമൂഹികാന്തരീക്ഷങ്ങളുടെ പരിസരസ്വാധീനം സാഹിത്യത്തിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രതിഫലിക്കാറുണ്ട്. സാഹിത്യരചന വളരെ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണെന്ന് പറയുമ്പോഴും അതിലേക്ക് ആഖ്യാതാക്കളെ നയിക്കുന്നതിൽ വിവിധഘടകങ്ങൾ കാരണമാകുന്നുണ്ട്. പ്രാചീനകാല രചനകളിൽ ദൈവികമായ വിശ്വാസവും മതവുമെല്ലാം സാഹിത്യരചനയെ സ്വാധീനിച്ചിരിക്കുന്നതായി കാണാം. അന്നത്തെ സാമൂഹ്യസാഹചര്യത്തിൽ അത് സ്വാഭാവികമായി സാഹിത്യ പ്രമേയത്തെയും രൂപത്തെയും രൂപപ്പെടുത്തിയതാകണമെന്നില്ല. സമൂഹത്തിന്റെ നേരിട്ടുള്ള നിയന്ത്രണം ഈ രചനകളിൽ ഉണ്ടായിരിക്കണം. പ്രകൃതി അക്കാലത്ത് സാഹിത്യത്തിൽ പ്രത്യക്ഷമായ ഒരു ഘടകമായിരുന്നെങ്കിലും പ്രമേയത്തിന്റെ ലക്ഷ്യം പ്രകൃതിയെ പ്രധാനഘടകമായി വിലയിരുത്തുന്നതിൽനിന്നും പിറകോട്ടടിപ്പിച്ചു. സമൂഹത്തിൽ നിലനിന്നിരുന്ന വരേണ്യ അധികാരത്തെ ചോദ്യം ചെയ്യാനാരംഭിച്ചതോടെ അതിന്റെ പ്രതിഫലനങ്ങൾ സാഹിത്യത്തിൽ ഉണ്ടാകുകയും മനുഷ്യകേന്ദ്രിതവും സമൂഹകേന്ദ്രിതവുമായ പ്രമേയങ്ങൾ സാഹിത്യത്തിൽ കടന്നുവരുന്നതിന് കാരണമാകുകയും ചെയ്തു. സാഹിത്യത്തിന്റെ സഞ്ചാരത്തിൽ ദർശനങ്ങളും സിദ്ധാന്തങ്ങളും അതിനെ സ്വാധീനിച്ചു. മലയാളസാഹിത്യത്തിൽ ലോകത്തുണ്ടായ വിവിധ സാഹിത്യസമീക്ഷകൾ ഏറിയും കുറഞ്ഞുമെല്ലാം പ്രതിഫലിച്ചിട്ടുണ്ട്. ദർശനങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അപ്പുറത്തേക്ക് ചില എഴുത്തുകാരുടെ രചനാരീതിക്ക് സാമ്യത തോന്നിക്കുന്നതരത്തിലുള്ള പ്രകടനങ്ങൾ മലയാളരചനകളിൽ ഉണ്ടായിട്ടുണ്ട്. സി വി രാമൻപിള്ളയുടെ രചനകളിൽ അമേരിക്കൻ നോവലിസ്റ്റായ സ്കോട്ട് ഫിറ്റ്സ് ജെറാൾഡിന്റെ സ്വാധീനവും കാ

ന്ദരിന്റെ രചനകളിൽ റഷ്യൻ നാടകകൃത്തും ചെറുകഥാകൃത്തുമായ ആന്റൺ ചെക്കോവിന്റെ രചനാരീതിയുടെ സ്വാധീനവും തകഴിയുടെ രചനകളിൽ ഫ്രഞ്ച് സാഹിത്യകാരനായ മോപ്പസാങിന്റെ രചനാരീതിയുടെ സ്വാധീനവും ഉണ്ടെന്ന് നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത്തരം സ്വാധീനങ്ങൾ എടുത്തുപറയാൻ പ്രധാനകാരണം രചനകളുടെ പ്രമേയത്തിലും രൂപത്തിലും കഥാപാത്രസൃഷ്ടിയിലുമെല്ലാമുള്ള സ്വാധീനതകളാണ് ഇവഎന്നതാണ്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായ രീതിയിൽ മലയാളത്തിലെ സാഹിത്യരചനകളിൽ വൈക്കം മുഹമ്മദ് ബഷീർ ഒരു നിർണായക ഭാവുകത്വഘടകമായി മാറിയിട്ടുണ്ട്.

മലയാളത്തിലെ പ്രധാന സാഹിത്യവിഭാഗങ്ങളിൽ ഒന്നാണ് ചെറുകഥ "ജീവിതത്തിലെ ഒരു സംഭവത്തിന്റെയോ, രംഗത്തിന്റെയോ, ഭാവത്തിന്റെയോ ഗദ്യത്തിലുള്ള ഒരു ചിത്രമാണ് ചെറുകഥ" എന്നാണ് കേസരി ബാലകൃഷ്ണപിള്ള ചെറുകഥയെ നിർവചിച്ചിരിക്കുന്നത്. മലയാള ചെറുകഥകളിൽ സ്വാധീനത എന്നതിന് അപ്പുറത്തേക്ക് സാഹിത്യത്തെ നിർണയിക്കുന്ന ഒരു ഘടകമായി വൈക്കം മുഹമ്മദ് ബഷീർ എന്ന എഴുത്തുകാരൻ മാറുന്നതായി ഏതാനും കഥകളെ വിശകലനം ചെയ്യുന്നതിലൂടെ മനസ്സിലാക്കാം. സക്കറിയയുടെ 'തേൻ' , ടി ശ്രീവത്സന്റെ 'ബഷീറെഴുത്ത് തെളിച്ചവും ലാളിത്യവുമുള്ള മലയാള രചനയ്ക്ക്'' , പി എസ് റഫീഖിന്റെ 'അടയാളം' എന്നീ കഥകളിൽ നേരിട്ടും അല്ലാതെയും ബഷീർ കടന്നുവരുന്നതായി കാണാം.

തേനിലെ ബഷീർ

ഉത്തരാധുനികതക്ക് മുമ്പ് മലയാളത്തിൽ സാഹിത്യരചന ആരംഭിച്ച എഴുത്തുകാരനാണ് സക്കറിയ. മാജിക്കൽ റിയലിസത്തിന്റെ ആഖ്യാനരീതിയിൽ അദ്ദേഹം രചിച്ച ചെറുകഥയാണ് 'തേൻ' എന്ന കഥ. മനുഷ്യസ്ത്രീയെ പ്രണയിക്കണമെന്നും വിവാഹം കഴിക്കണമെന്നും ആഗ്രഹിക്കുന്ന കരടിയെ കേന്ദ്രകഥാപാത്രമായി സക്കറിയ ഈ കഥയിൽ അവതരിപ്പിക്കുന്നു. മനുഷ്യന്റെ സമൂഹത്തിലുള്ള പല ചെയ്തികളെയും ആശങ്കാവഹമായി നോക്കിക്കാണുകയും വ്യത്യസ്ത രീതിയിൽ സാമൂഹികവിമർശനം നടത്തുകയും ചെയ്യുന്നുണ്ട് തേനിലൂടെ സക്കറിയ. ഈ കഥയെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ ബഷീർ എന്ന സങ്കേതം പലയിടങ്ങളിലായി കഥയിൽ കടന്നുവരുന്നതായി കാണാം.

'സ്ഥലത്തെ പ്രധാനദിവ്യൻ' എന്ന ബഷീറിന്റെ നോവലിന് സമാനമായ കഥാസന്ദർഭവും പ്രയോഗങ്ങളുമാണ് സക്കറിയ തന്റെ ചെറുകഥയായ 'തേനി'ൽ ആഖ്യാനം ചെയ്തിരിക്കുന്നത്. 'സ്ഥലത്തെ പ്രധാനദിവ്യനി'ൽ ബഷീർ അവതരിപ്പിച്ച കണ്ടമ്പറയൻ എന്ന കഥാപാത്രത്തിന് സമാനമായരീതിയിലാണ് സക്കറിയ ദൈവത്തെ കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യസാധ്യത്തിന് അപ്പുറത്തുള്ള കാര്യങ്ങൾക്ക് പരിഹാരം കാണാനും പ്രവചനങ്ങൾ നടത്താനും കഴിയുന്ന കഥാപാത്രമാണ് കണ്ടമ്പറയൻ. ദേശവാസികൾ അസാധാരണ സാഹചര്യങ്ങളിലെല്ലാം അദ്ദേഹത്തെയാണ് സമീപിക്കുന്നത്. നാട്ടിലെ പ്രധാനികളായ 'ഡ്രൈവറെ'യും 'തൊരപ്പനെ'യും കാണാതെ പോകുന്ന സന്ദർഭത്തിലും, ആഞ്ഞിലിത്തടി കാണാതെ പോയപ്പോഴും നാട്ടിലെ ധീരനായ രക്തസാക്ഷിയായിരുന്ന കുറുമ്പൻചേനന്റെ വീരകഠാര കാണാതെ പോയപ്പോഴുമെല്ലാം നാട്ടുകാർ സമീപിക്കുന്നത് കണ്ടമ്പറയനെയാണ്. "ഹലി ഹലിയോ ഹലി ഹുലാലോ" എന്ന മന്ത്രത്തോടെ നാട്ടുകാരെ സ്വീകരിക്കുന്ന കണ്ടമ്പറയൻ

 ISSN: 2582 - 2594

തന്നോടുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരമായി "ഹന്തൊന്ത്'" എന്നാണ് മറുപടി പറയുന്നത്. മറുപടിക്കുശേഷം അദ്ദേഹത്തെ കാണാൻപോയ ആർക്കെങ്കിലും വെളിപാട് ഉണ്ടാകുകയും പ്രശ്നപരിഹാരം സംഭവിക്കുകയും ചെയ്യുന്ന തരത്തിലാണ് സ്ഥലത്തെ പ്രധാനദിവ്യനിലെ കഥാഭാഗത്തെ ബഷീർ അവതരിപ്പിച്ചിരിക്കുന്നത്. ബഷീറിന്റെ ആൾദൈവം സക്കറിയയുടെ 'തേനി'ലേക്ക് വരുമ്പോൾ ദൈവമായി മാറുന്നു എന്ന് മാത്രം "ഹലി ഹലിയോ ഹലി ഹുലാലോ" എന്ന പ്രയോഗവും "ഹന്തൊന്ത്" എന്ന പ്രയോഗവും സമാനരീതിയിൽ സക്കറിയ അവതരിപ്പിച്ചിരിക്കുന്നു. പ്രശ്നപരിഹാരത്തിനോ സഹായത്തിനോ ആൾദൈവത്തെ സമീപിച്ചതിനുശേഷമുള്ള അതേതരത്തിൽ ബഷീർ നോവലിന് സമാനമായി തേനിലും അരുളപ്പാട് ഉണ്ടാകുന്നു. "ഹന്തൊന്ത്" എന്ന് 'തേനി'ൽ കരടി യുവതിയോട് പറയുമ്പോൾ "നീ ബഷീറിനെ വായിച്ചിട്ടുണ്ടോ" എന്ന് കരടിയോട് ചോദിക്കുന്നുണ്ട്. ഇതോടെ കഥയിൽ നേരിട്ട് തന്നെ ബഷീർ പ്രത്യക്ഷപ്പെടുന്നു. "ബഷീറിനെ അറിയില്ല"എന്നാണ് കരടി മറുപടി പറയുന്നതെങ്കിലും ബഷീർ തന്റെ പല ആഖ്യാനങ്ങളിലും നായിക സംബോധനയായി ഉപയോഗിച്ചിരിക്കുന്ന "തങ്കമേ" "ഭവതീ" എന്നീ പദങ്ങളാണ് കരടിയുടെ യുവതിയോടുള്ള സ്നേഹപ്രകടനത്തിനായി ആഖ്യാതാവ് ഉപയോഗിച്ചിരിക്കുന്നത്. രണ്ടു കഥാസന്ദർഭങ്ങളിലും ദൈവവും ആൾദൈവമായ കണ്ടമ്പറയനും ഒരേ രീതിയിലാണ് കഥാഗതിയിൽ ഇടപെടുന്നതും അതിനെ മാറ്റിത്തീർക്കുന്നതും. 'തേനി'ലെ ദൈവത്തെ വ്യത്യസ്തമായി സക്കറിയക്ക് ചിത്രീകരിക്കാമായിരുന്നു. എന്നാൽ അദ്ദേഹം ബഷീറിന് സമാനമായ രീതിയിൽ സന്ദർഭത്തെയും പ്രയോഗത്തെയും അതേപടി അവതരിപ്പിച്ചുകൊണ്ടാണ് കഥാഭാഗത്തെ വിപുലപ്പെടുത്തുന്നത്. ഭാഷ എന്ന അമൂർത്തമായ സങ്കേതത്തെ മൂർത്തവൽക്കരിക്കുകയാണ് ഇവിടെ സക്കറിയ ബഷീറിയൻ പ്രയോഗത്തിലൂടെ. കഥയിൽ ബഷീർ എന്ന സാഹിത്യകാരൻ തന്നെ നേരിട്ട് കടന്നുവരുന്നു. കൂടാതെ ബഷീറിയൻ പ്രയോഗങ്ങളും സംബോധനങ്ങളും സമാനമായ കഥാപാത്രസൃഷ്ടിയും കഥാസൃഷ്ടിയും ആഖ്യാനത്തെ വിപുലമാക്കാനായി ആഖ്യാതാവ് ഉപയോഗിച്ചിരിക്കുന്നതായി കാണാം. സക്കറിയയുടെ പ്രതീകാത്മകമായ കഥാഖ്യാനത്തെ തീവ്രമാക്കുന്നത് ബഷീറിന്റെ പ്രയോഗങ്ങളുടെ അവതരണമാണ്. ഒരു ഫാന്റസിയെ യാഥാർത്ഥ്യത്തോടുകൂടി അവതരിപ്പിക്കുന്നതിനുള്ള തന്ത്രമായി ബഷീർ ഇവിടെ മാറുന്നു.

ബഷീറെഴുത്തിലെ ബഷീർ

ടി ശ്രീവത്സന്റെ 'ബഷീറെഴുത്ത് തെളിച്ചവും ലാളിത്യവുമുള്ള മലയാള രചനയ്ക്ക്' എന്ന കഥയിലേക്ക് വരുമ്പോൾ ബഷീറിനെ സംബന്ധിക്കുന്ന ഒരു നിരൂപണലേഖനത്തിന്റെ സ്വഭാവം ഈ കഥയുടെ ആന്തരികഘടനയ്ക്ക് ഉണ്ട്. ലോക്ക്ഡൗൺകാലജീവിതത്തെ ലിവിങ് ടുഗതർ കപ്പിളിന്റെ ജീവിതത്തോട് ചേർത്തുനിർത്തിയാണ് കഥയുടെ ആവിഷ്കാരം അദ്ദേഹം നടത്തിയിരിക്കുന്നത്. ബി ടെക് അവസാനവർഷ വിദ്യാർഥികളായ റുബീന, സൈജു എന്നിവരാണ് കഥയിലെ കേന്ദ്രകഥാപാത്രങ്ങൾ. ഒരു സാഹിത്യകാരൻ എന്ന നിലയിൽ തന്നെ ബഷീർ കഥയുടെ കേന്ദ്രാശയത്തെ സ്വാധീനിക്കുന്നു എന്നത് കഥയ്ക്ക് വലിയ മാനങ്ങളാണ് സൃഷ്ടിക്കുന്നത്. ലോക്ക്ഡൗൺ കാലവായനകൾക്കായി സൈജു തെരഞ്ഞെടുക്കുന്നത് ബഷീറിന്റെ രചനകളാണ്. ഈ സന്ദർഭത്തോടെയാണ് ബഷീർ കഥയിലേക്ക് പ്രവേശിക്കുന്നത്. ബഷീർ മലയാളത്തിലെ മറ്റ് സാഹിത്യകാരിൽനിന്നും എത്രമാത്രം വേറിട്ട് നിൽക്കുന്നെന്നും ബഷീ

റെഴുത്തിന്റെ പ്രത്യേകതകളെക്കുറിച്ചും കഥാഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നതായി കാണാം. എപ്പോൾ എത്രനേരം വേണമെങ്കിലും വായിക്കാൻ കഴിയുന്ന എല്ലാ പ്രായക്കാരെയും എൻഗേജ് ചെയ്യുന്ന അസാമാന്യ മാന്ത്രികനാണ് ബഷീറെന്നും മലയാളത്തിലെ ഒരേയൊരു നിത്യഹരിത എഴുത്തുകാരനാണ് അദ്ദേഹമെന്നും ഈ ഭാഗത്ത് പറയുന്നുണ്ട്. ബഷീറിനെ സംബന്ധിക്കുന്ന സമഗ്രമായ വിശകലനത്തിലേക്കും ചർച്ചയിലേക്കുമാണ് പിന്നീട് കഥ കടക്കുന്നത്. ആണിനെയും പെണ്ണിനെയും ബഷീർ ഒരുപോലെയാണോ അഡ്രസ്സ് ചെയ്യുന്നത്? മുസ്ലിം പശ്ചാത്തലത്തിൽ വളർന്ന റുബീനയ്ക്ക് ബഷീർ എങ്ങനെയായിരിക്കും? തന്റെ വിശ്വാസങ്ങളും ധാരകളും യാതൊരു സങ്കോചവുമില്ലാതെ തുറന്നാവിഷ്കരിക്കാറുള്ള ബഷീറിനെ റുബീന എങ്ങനെ കാണുന്നു? തുടങ്ങി നിരവധി ചോദ്യങ്ങൾ സൈജുവിൽ ഉണ്ടാകുന്നു. ബഷീറിന്റെ 'പ്രേമലേഖനം' എന്ന നോവലിൽ അദ്ദേഹം നടത്തിയ "കാഠിന്യത്തിന്റെ പര്യായമാകുന്ന സ്ത്രീ. തനി ഡുക്കഡു ഡുക്കഡു ആകുന്ന സ്ത്രീ" "സ്ത്രീകളുടെ തലയ്ക്കുള്ളിൽ നിലാവെളിച്ചമാണ്'" "പെണ്ണിന്റെ ഡബിൾ ഡബിൾ ഡബിൾ ക്രൂരഹൃദയം" എന്നീ പ്രയോഗങ്ങളെ എങ്ങനെയായിരിക്കും സ്ത്രീസമൂഹം പരിഗണിച്ചിട്ടുണ്ടാവുക എന്ന ചോദ്യവും സൈജുവിൽ ഉണ്ടാകുന്നുണ്ട്. ഇതൊക്കെ ആസ്വദിക്കുന്ന സ്ത്രീകൾ ഉണ്ടാകുമോയെന്നും ഇങ്ങനെ കളിയാക്കപ്പെടാനും അവഹേളിക്കപ്പെടാനും സ്ത്രീകൾക്ക് ഇഷ്ടമായിരിക്കുമോ എന്നെല്ലാമറിയാൻ സൈജു റുബീനയോട് സംസാരിക്കാൻ തീരുമാനിക്കുന്നു. റുബീനയുടെ ഉത്തരം "തന്റെ ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരനാണ് ബഷീർ" എന്നതായിരുന്നു. പക്ഷേ അവളുടെ സ്വത്വത്തെ "ബഷീർ പലപ്പോഴും പ്രോവോക്ക് ചെയ്യുന്നതായി തോന്നിയിട്ടുണ്ട്'" എന്നും അവൾ പറയുന്നുണ്ട്. ഈ സന്ദർഭത്തിൽ ബഷീറിന്റെ 'ഒരു ഭഗവദ്ഗീതയും കുറേമുലകളും' എന്ന കഥയിലെ പ്രയോഗങ്ങൾ കഥാഭാഗത്ത് ആഖ്യാതാവ് അവതരിപ്പിക്കുന്നുണ്ട്. "മുലകളുടെ ഘോഷയാത്ര! പേട്ടുമുല, നെല്ലിക്കാമുല, സൂചിമുല, അടയ്ക്കാമുല, മരോട്ടിയ്ക്കാമുല, വഴുതനങ്ങാമുല, പമ്പരമുല, പപ്പായമുല, ചക്കമുല" , "നമ്പൂതിരിയും ദേവനും രാജാക്കന്മാരും ഭരിച്ചിരുന്ന പഴയ ആ നല്ല കാലത്തിന്റെ മധുരമായ ഓർമ്മകളാകുന്ന ഈ സുന്ദരമുലകൾ", "ബ്ലും എന്ന് നിൽക്കുന്ന മുലകൾ" ഈ പ്രയോഗങ്ങൾ സ്ത്രീയായ റുബീനയെ കഥാഭാഗത്ത് ചില വിഷമതകൾ സൃഷ്ടിക്കുന്നതിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ ഈയൊരു നിശ്ചലാവസ്ഥ പരിഹരിക്കുന്നതും "ആകാശമാകുന്ന നെഞ്ചിലെ രണ്ട് അത്ഭുത പൂനിലാവുകൾ" എന്ന ബഷീറിന്റെ പ്രയോഗത്തെ അവതരിപ്പിച്ചുകൊണ്ട് ബഷീറിന്റെ നോവലായ 'അനുരാഗത്തിന്റെ ദിനങ്ങളി'ലൂടെ കടന്നുപോയിക്കൊണ്ടാണ്. ഒരു കോപ്പി എഡിറ്റിങ് സോഫ്റ്റ്വെയർ എന്ന ആശയത്തിലേക്ക് സൈജു കഥാഭാഗത്ത് പിന്നീട് കടക്കുമ്പോൾ 'നല്ല മലയാളത്തിന് ബഷീർ ആപ്പ്' എന്ന ആശയത്തിലേക്കാണ് എത്തിച്ചേരുന്നത്. ബഷീറിനെത്തന്നെ അതിന് തെരഞ്ഞെടുക്കാനുണ്ടായ കാരണങ്ങൾ സൈജു പറയുന്നുണ്ട്. "ഭാഷയുടെ മേലുള്ള റാഡിക്കൽ സമീപനം, വ്യാകരണം വേണ്ടാത്ത രചനാരീതി, ശുദ്ധ മലയാളം വേണ്ട, ഇംഗ്ലീഷും സംസ്കൃതവുമൊക്കെ യഥേഷ്ടം ഉപയോഗിക്കുന്ന രീതി, ലോകത്തെവിടെയുമില്ലാത്ത ബഷീറിന്റേത് മാത്രമായ വാക്കുകൾ (ഹിത്തിന ലുട്ടാപ്പി, ബഡുക്കൂസ്, ഡുക്കഡുഞ്ചത്തി, ഡങ്കഡിങ്കാഹോ) എന്നിവയാണവയെപ്പറ്റിയും കഥഭാഗത്ത് പറയുന്നതായി കാണാം. ബഷീറിന്റെ 'സ്ത്രീ' എന്ന നോവലിനെക്കുറിച്ച് എം പി പോൾ പറഞ്ഞ "സഭ്യതയുടെയും വികാരത്തിന്റെയും അതിരുകടന്നുപോയിരിക്കുന്നു", എൻ എസ് മാധവന്റെ 'ബഷീർ സാഹിത്യത്തിലെ കറുത്ത ഗർത്തങ്ങൾ' എന്നിവയെ സംബന്ധിച്ചും കഥയിൽ പരാമർശിക്കുന്നുണ്ട്.

ISSN: 2582 - 2594

ബഷീറിനെയും ബഷീർ കൃതികളെയും വിമർശനങ്ങളെയും സംബന്ധിച്ചുള്ള ശ്രദ്ധേയമായ നിരീക്ഷണങ്ങൾ അടങ്ങിയിരിക്കുന്ന കഥയാണിത്. കഥയുടെ പേരിലൂടെത്തന്നെ ബഷീറാണ് കഥയുടെ കേന്ദ്രം എന്ന് മനസിലാക്കാൻ കഴിയും. പ്രേമലേഖനം, സ്ത്രീ, അനുരാഗത്തിന്റെ ദിനങ്ങൾ, ബാല്യകാല സഖി, ഒരു ഭഗവത്ഗീതയും കുറേ മുലകളും എന്നീ ബഷീർകൃതികൾ കഥയുടെ പല ഭാഗങ്ങളിലായി പരാമർശിക്കപ്പെടുന്നതായി കാണാം. പ്രേമലേഖനത്തിലെയും അനുരാഗത്തിന്റെ ദിനങ്ങളിലെയും ഒരുഭഗവത്ഗീതയും കുറേമുലകളും എന്ന കഥയിലേയും സം ഭാഷണങ്ങൾതന്നെ കഥയിൽ നേരിട്ട് ഉപയോഗിച്ചിരിക്കുന്നതായി കാണാം. സാറാമ്മയെയും കേശവൻ നായരെയും ഒന്നിപ്പിച്ച് വിപ്ലവം സൃഷ്ടിച്ച സാഹിത്യകാരനാണ് ബഷീർ. വ്യത്യസ്ത മതവിഭാഗക്കാരെ അദ്ദേഹം സ്നേഹത്തിലൂടെ ഒന്നിപ്പിച്ചപ്പോൾ അത് മാനവികതയുടെ വലിയ സന്ദേശമാണ് സമൂഹത്തിന് നൽകിയത്. ശ്രീവത്സന്റെ കഥയിൽ റുബീന, സൈജു എന്നീ വ്യത്യസ്തമതവിഭാഗക്കാരെയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. സാഹിത്യരചന ഇത്തരം പ്രമേയങ്ങളിൽനിന്നും അവതരണങ്ങളിൽനിന്നും മുന്നോട്ട് പോയപ്പോഴും പ്രേമലേഖനത്തി ലേതിനു സമാനമായ സ്വത്വമുള്ള കഥാപാത്രങ്ങളുടെ സൃഷ്ടിയിലേക്ക് അദ്ദേഹത്തെ നയിച്ചത് ബഷീർ ഒരു ഭാവുകത്വമായി സാഹിത്യത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ്. “രണ്ട് ചായ” എന്നതിൽ നിന്നും “ഒരു ചായ ഒരു കാപ്പി” എന്നതിലേക്ക് മാറുന്ന സാറാമ്മയെയും കേശവൻ നായരേയും പ്രേമലേഖനത്തിന്റെ അവസാനഭാഗത്ത് കാണാം, ശ്രീവത്സന്റെ കഥയിലെത്തു മ്പോൾ കാലാനുക്രമമായ വികാസം സൈജുവും റുബീനയും ലിവിങ് ടുഗതെറിൽ ആണെങ്കിലും രണ്ട് മുറികളുള്ള വീട്ടിൽ അവരുടേതായ പേഴ്സണൽ സ്പേസിന് ഇടം നൽകിക്കൊണ്ടുള്ള ചിത്രീകരണത്തിലൂടെ കാണാം. കഥയിൽ ഒരു സാഹിത്യകാരൻ എന്ന നിലയിൽത്തന്നെ ബഷീർ കഥാഗതിയിൽ സ്വാധീനം ചെലുത്തുന്നതുകൂടാതെ അദ്ദേഹത്തിന്റെ കൃതികൾ, പ്ര യോഗങ്ങൾ, സമാനമായ കഥാപാത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ പലഭാഗങ്ങളിലായി കടന്നുവരുകയും ചെയ്യുന്നുണ്ട്.

ബഷീറടയാളം അടയാളത്തിൽ

സക്കറിയയുടെ ചെറുകഥയിലും ടി ശ്രീവത്സന്റെ കഥയിലും ഒരു സാഹിത്യകാരൻ എന്ന നിലയിൽത്തന്നെ ബഷീറിനെ ആഖ്യാതാക്കൾ അവതരിപ്പിച്ചിട്ടുണ്ട്. പി എസ് റഫീഖിന്റെ ‘അടയാളം’ എന്ന കഥയെ വിലയിരുത്തുമ്പോൾ ബഷീർ എന്ന പേര് ആഖ്യാനത്തിൽ ഉപ യോഗിക്കാതെതന്നെ കഥയുടെ ഭാവുകത്വത്തെ സ്വാധീനിക്കുന്ന ഒന്നായി ബഷീർ മാറുന്നു.

കഥയിലെ കേന്ദ്രകഥാപാത്രമായ യുവാവ് ക്ഷയരോഗബാധിതയായ തന്റെ അമ്മയ്ക്ക് ഗുളിക വാങ്ങാനായി പോകുന്ന സമയത്ത് കുട്ടി മാപ്പിളയുടെ ചായക്കടയിൽ ചില ചെറിയ ജോലികൾക്കായി നിൽക്കാൻ തുടങ്ങുന്നു. ഈ സമയത്താണ് ചായക്കടയുടെ അടുത്തുള്ള പു സ്തകക്കടക്കാരനുമായി സംഭാഷണങ്ങളിൽ ഏർപ്പെടാൻ യുവാവ് ആരംഭിക്കുന്നത്. കഷണ്ടി കയറിയ തലയും കണ്ണടയും വെള്ളമുണ്ടുമുടുത്ത അദ്ദേഹം ആദ്യമൊന്നും വലുതായി യുവാവിനോട് സംസാരിക്കുന്നില്ല. വിരിഞ്ഞ കൈപ്പത്തിയും തോളിലെ മുഴപ്പും എടുത്തുപിടിച്ച നടത്തവും കൊണ്ട് നാട്ടുകാർ അയാളെ ഫയൽവാൻ എന്നാണ് വിളിച്ചിരുന്നത്. ഒരു ദിവസം അയാൾ ക്കുള്ള ചായയുമായി ചെന്നപ്പോഴാണ് യുവാവിനോട് പുസ്തകക്കടക്കാരൻ സംസാരിക്കുന്നത്. കുട്ടിമാപ്ലയുടെ കടയിൽ യുവാവ് കയറി മോഷ്ടിച്ചത് പിടിച്ച അയാൾ യുവാവിനെ മർദ്ദിക്കുകയും

കളിയാക്കുകയും ചെയ്യുന്നുണ്ട്. അതിന് പ്രതികാരം ചെയ്യാനായി അയാൾ കടയ്ക്കടുത്തുള്ള ഒരു ചുമരിൽ കുട്ടിമാപ്ലയെപ്പറ്റി അപവാദങ്ങൾ എഴുതിവച്ചു. എന്നാൽ അതും കുട്ടിമാപ്പിള മനസ്സിലാക്കുകയും വീണ്ടും യുവാവിനെ കളിയാക്കുകയും അയാളെക്കൊണ്ട് തന്നെ അത് മായ്പ്പിക്കുകയും ചെയ്യുന്നു. നിറയെ അക്ഷരപ്പിശകുണ്ടായിരുന്നു യുവാവിന്റെ ചുവരെഴുത്തിൽ. ഒരു ദിവസം ചായയുമായി പുസ്തകക്കടക്കാരന്റെ അടുത്ത് ചെല്ലുന്ന യുവാവിനുനേരെ ചുമരിൽ എഴുതിയത് ശരിയാക്കി എഴുതിയ കടലാസ് അയാൾ നൽകുന്നുണ്ട്. എന്നാൽ അത് തുറന്നുപോലും നോക്കാതെ യുവാവ് ആ എഴുത്ത് ചുരുട്ടി കടയുടെ ഒരു മൂലയിലേക്ക് എറിയുന്നു. ചില കളവ് സ്വഭാവങ്ങളുള്ള യുവാവ് പുസ്തകക്കാരന്റെ കടയിൽ നിന്നും എന്തെങ്കിലും മോഷ്ടിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അയാൾക്ക് അതിന് കഴിയുന്നില്ല. കളവിനിടയിൽ നടന്ന ചില സംഭവങ്ങൾക്കുശേഷം നാടുവിട്ട യുവാവ് കാലങ്ങൾക്ക് ശേഷമാണ് നാട്ടിലേക്ക് തിരിച്ചുവരുന്നത്. പുസ്തകക്കടക്കാരൻ അപ്പോഴേക്കും നാടുവിട്ടുപോയിരുന്നു. കുട്ടിമാപ്ലയുടെ കടയിൽ അദ്ദേഹം ഉപേക്ഷിച്ചുപോയ പുസ്തകങ്ങൾക്കിടയിൽനിന്നും താൻ പണ്ട് മോഷ്ടിക്കാൻ ഉദ്ദേശിച്ച പുസ്തകം കാണുകയും അതിൽ തനിക്ക് പണ്ട് അദ്ദേഹം നൽകിയ കടലാസ് കഷ്ണം നിവർത്തിവെച്ചതായി കാണുകയും ചെയ്യുന്നു. അതിൽ "നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് ഒടുവിൽ നീ മാത്രമായി അവശേഷിക്കാൻ പോകുന്നു" എന്ന് ആരംഭിക്കുന്ന ഒരു എഴുത്താണ് അയാൾക്ക് ലഭിക്കുന്നത്. ബഷീർ തന്റെ 'അനർഘനിമിഷം' എന്ന ചെറു കഥയുടെ ആദ്യഭാഗമാണ് യുവാവിന് നൽകിയ കടലാസ് കഷ്ണത്തിൽ പുസ്തകക്കടക്കാരൻ എഴുതിയിരിക്കുന്നത്. കഥയിലെ പുസ്തകക്കടക്കാരനെ നിരീക്ഷിക്കുമ്പോൾ ബഷീറിലേക്ക് തന്നെയാണ് എത്തിച്ചേരുക. അദ്ദേഹത്തിന്റെ ശരീരപ്രകൃതവും പാട്ട് പെട്ടിയും കോളാമ്പിയും സോജാ രാജകുമാരി എന്ന പാട്ടും സൈക്കിളുമെല്ലാം അവസാനം കൊണ്ടെത്തിക്കുന്നത് ബഷീറിലാണ്. ആഖ്യാതാവ് ഇവിടെ ബഷീർ എന്ന പേര് കഥയിൽ ഉപയോഗിച്ചിട്ടില്ലെങ്കിലും അദ്ദേഹമാണ് എന്നതരത്തിൽ പല സൂചനകളും കഥാഭാഗത്ത് നൽകുന്നുണ്ട്. ബഷീറിന്റെ പ്രയോഗങ്ങളെയും അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കൾ എന്നിവ കഥയിൽ കടന്നുവരുകയും ബഷീറെന്ന സാഹിത്യകാരനെ കഥയിൽ സൃഷ്ടിക്കാൻ ആഖ്യാതാവ് ശ്രമിക്കുന്നതായും കഥയിൽ കാണാം.

ഭാവുകത്വത്തിലെ ആഖ്യാനഭേദങ്ങൾ

ആഖ്യാനശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ ചെറുകഥകൾ വിലയിരുത്തുമ്പോൾ ഒരു ഭാവുകത്വഘടകമായി രചനകളിൽ എങ്ങനെയാണ് ബഷീർ കടന്നുവരുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഘടനാവാദത്തോട് ചേർന്നുവന്ന സാഹിത്യനിരൂപണരീതിയാണ് ആഖ്യാനശാസ്ത്രം. കഥാത്മകരചനകളിലാണ് ഘടനാവാദം കൂടുതൽ താല്പര്യം കാണിച്ചത്. എങ്ങനെയാണ് ഒരു കഥ ആഖ്യാനം ചെയ്യപ്പെടുന്നതെന്നും അതിന്റെ സാങ്കേതികമായ അംശങ്ങൾ എന്തൊക്കെയായിരുന്നു എന്നതായിരുന്നു ഘടനാവാദത്തിന്റെ ഊന്നൽ. ഇത് പിന്തുടരുന്ന രീതിയാണ് ആഖ്യാനശാസ്ത്രത്തിന്റേതും. വിവിധതരം രചനാരൂപങ്ങൾ പ്രാചീനകാലങ്ങളിൽത്തന്നെ ഉണ്ടായിട്ടുണ്ട്. അവയെല്ലാം തന്നെ കഥ പറച്ചിലാണ് നടത്തിയതെങ്കിലും ഘടനകൾ വ്യത്യാസപ്പെട്ടു (ഭാരതീയ കാവ്യചരിത്രത്തിൽ ഇതിഹാസം, ഖണ്ഡകാവ്യം, നാടകം, ചമ്പു തുടങ്ങിയവ). രചനയുടെ ഭാവുകത്വത്തെ നിർണയിക്കുന്നതിൽ ഘടനയ്ക്കും പ്രമേയത്തിനും അപ്പുറത്ത് ചിലതുണ്ട് എന്നാണ് ആഖ്യാനശാസ്ത്രം ചൂണ്ടിക്കാട്ടിയത്.

ISSN: 2582 - 2594

സക്കറിയയുടെ 'തേൻ' , ടി ശ്രീവത്സന്റെ 'ബഷീറെഴുത്ത് തെളിച്ചവും ലാളിത്യവുമുള്ള മലയാള രചനയ്ക്ക്'', പി എസ് റഫീഖിന്റെ 'അടയാളം' എന്നീ കഥകളിൽ എന്തുകൊണ്ടാണ് ബഷീർ ഒരു ഭാവുകത്വത്തെ നിർണയിക്കുന്ന ഘടകമായി മാറുന്നത് എന്നത് പ്രധാനപ്പെട്ട ചോദ്യംതന്നെയാണ്. ആധുനികരചനാരീതിയിൽ മലയാളസാഹിത്യത്തിൽ രചനകൾ ആരംഭിച്ച സക്കറിയയുടെയും, ഉത്തരാധുനികതയ്ക്കുശേഷം സാഹിത്യരചനയിലേക്ക് കടന്നുവന്ന ടി ശ്രീവത്സന്റെയും പി എസ് റഫീക്കിന്റെയും രചനകളിൽ ബഷീർ എന്ന സാഹിത്യകാരൻ രചനകളുടെ ഭാവുകത്വഘടകമായി മാറുന്നു. സക്കറിയയുടെ കഥയിൽ സാഹിത്യകാരൻ എന്ന നിലയിൽത്തന്നെ ബഷീർ പ്രത്യക്ഷപ്പെടുന്നു. കൂടാതെ ബഷീറിയൻ പ്രയോഗങ്ങൾ, സംബോധനകൾ, ബഷീറിനു സമാനമായ കഥാപാത്രത്തിന്റെയും സൃഷ്ടി എന്നിവ ആഖ്യാനത്തിന്റെ ഭാഗമാകുന്നു. ശ്രീവത്സന്റെ കഥയിലേക്ക് വരുമ്പോൾ സാഹിത്യകാരൻ എന്നതിനപ്പുറത്തേക്ക് നിരവധി ബഷീർകൃതികൾ, പ്രയോഗങ്ങൾ, കഥാപശ്ചാത്തലം, കഥാപാത്രങ്ങൾ എന്നിവ ആഖ്യാനത്തിന്റെ ഭാഗമാകുന്നു. റഫീഖിന്റെ കഥയിൽ ബഷീറിന് സമാനനായ കഥാപാത്രവും അദ്ദേഹത്തിന്റെ പ്രയോഗങ്ങളും ബഷീർ ഉപയോഗിച്ച വസ്തുക്കളുമെല്ലാം കഥയിൽ കടന്നുവരുന്നു. മലയാള ചെറുകഥാസാഹിത്യത്തിൽ ഒരു ഭാവുകത്വസങ്കേതമായി ബഷീർ കടന്നുവരുന്നു എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ് ഈ കഥകൾ. മലയാളസാഹിത്യത്തിൽ ഇത്രമാത്രം ഭാവുകത്വത്തിന്റെ ഏകകമായിത്തീരുന്ന ഒരെഴുത്തുകാരൻ ഉണ്ടായിട്ടില്ലെന്ന് പറയാം. ഇത് വളരെ സ്വാഭാവികമായി രൂപപ്പെടുന്ന ഒന്നാണെന്നുള്ളത് ബഷീർ എന്ന സാഹിത്യകാരൻ കാലങ്ങൾക്കിപ്പുറവും നമുക്കിടയിൽ ജീവിക്കുന്നു എന്നതിനപ്പുറത്തേക്ക് സാഹിത്യത്തിന്റെ ഭാവുകത്വത്തെ നിർണയിക്കുന്ന ഒരു ഘടകമായിമാറുന്നു എന്നതിലേക്ക് ഉയർത്തുന്നു.

ആഖ്യാനശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പലപരികൽപ്പനകളിലും ബഷീർ എന്ന ഘടകം പിൽക്കാല കഥകളിൽ കടന്നുവരുന്നുണ്ടെന്നതിനാൽ ഫ്രഞ്ച് സാഹിത്യസൈദ്ധാന്തികനായിരുന്ന ജെറാൾഡ് ജെന്നറ്റ് തന്റെ 'Narrative discourse' എന്ന ഗ്രന്ഥത്തിൽ ആഖ്യാനത്തിന്റെ അഞ്ച് ഘടകങ്ങളെ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ ഈ കഥകളുടെ വിശകലനോപാധിയായി മാറുന്നുണ്ട്. ക്രമം (Oder), ആവൃത്തി (frequency), കാലം (duration), ആഖ്യാനം (voice), മാനസികാവസ്ഥ (mood) എന്നിവയാണവ. 'ക്രമം' എന്നതുകൊണ്ട് അദ്ദേഹം പറയുന്നത് കഥയിലെ സംഭവങ്ങൾ തമ്മിലുള്ള പൊരുത്തത്തെയാണ്. അതിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ സംഭാഷണങ്ങളും ഭാഷയുമാണ്. ഇവിടെ പഠനത്തിന് വിധേയമാക്കിയ കഥകളിൽ കഥകളുടെ നാടകീയത നിലനിർത്തുന്നത് ബഷീർ തന്റെ മറ്റുകൃതികളിൽ ഉപയോഗിച്ച സംഭാഷണങ്ങളാണ് എന്ന് കണ്ടെത്താൻ കഴിയും. സക്കറിയയുടെ കഥയിലെ 'ഹന്തൊന്ത്' ശ്രീവത്സന്റെ കഥയിലെ 'ആകാശമാകുന്ന നെഞ്ചിലെ രണ്ട് അത്ഭുത പൂനിലാവുകൾ' റഫീഖിന്റെ കഥയിലെ 'നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽനിന്ന് ഒടുവിൽ നീ മാത്രമായി മാറാൻ പോകുന്നു' എന്നിവ ഉദാഹരണങ്ങളാണ്. രണ്ടാമത്തേത് 'ആവൃത്തി'യാണ്. സംഭവങ്ങൾ ആവർത്തിച്ചുവരുന്ന രീതിയാണിത്. സക്കറിയയുടെ 'തേൻ' എന്ന കഥയെ പരിശോധിക്കുമ്പോൾ ബഷീറിന്റെ സ്ഥലത്തെ പ്രധാന ദിവ്യൻ എന്ന കൃതിയിലേതിന് സമാനമായ സംഭവാഖ്യാനം കാണാം. മൂന്നാമതായി പറയുന്നത് 'കാല'മാണ്. ഏത് കാലത്തിൽ നിന്നുകൊണ്ടാണ് കഥപറയുന്നത് എന്നതാണ് ഇവിടെ പരിശോധിക്കുന്നത്. വർത്തമാനകാലജീവിതമാണ് മൂന്നു കഥകളിലും

കാണാൻ കഴിയുന്നത്. നാലാമതായി പറയുന്നത് ശബ്ദമാണ്. ആരാണ് കഥ പറയുന്നത് എന്നാണ് ഇതിൽ പരിശോധിക്കുന്നത്. ആഖ്യാതാവ് തന്നെ നേരിട്ട് കഥ പറയുന്ന രീതിയിലാണ് മൂന്ന് കഥകളെയും ആഖ്യാനം ചെയ്തിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായി പറയുന്നത് 'മാനസികാവസ്ഥ'യാണ്. കഥാകൃത്തിന്റെ വീക്ഷണസ്ഥാനമാണ് ഇതിലൂടെ കാണാൻ കഴിക്കുന്നത്. കഥ ഏത് ബിന്ദുവിൽ കേന്ദ്രീകരിക്കുന്നു എന്നതാണ് വീക്ഷണസ്ഥാനം പരിശോധിക്കുന്നതിലൂടെ മനസ്സിലാകുന്നത്. സക്കറിയയുടെ കഥയിൽ ഭൂമിയുടെ എല്ലാ അവകാശികൾക്കും ഒരു ഭാഷയുണ്ട് എന്ന തരത്തിലുള്ള പ്രകൃതി ചിന്തയിലേക്കാണ് കഥ ഊന്നൽ നൽകുന്നത് എന്ന് കാണാം. ശ്രീവത്സന്റെ കഥയിൽ കഥയുടെ ഊന്നൽ ബഷീറിൽത്തന്നെ നിലകൊള്ളുന്നു. ജെന്നറ്റിന്റെ ആഖ്യാനശാസ്ത്ര പരികല്പനകളിൽക്കൂടി പഠനവിധേയമാക്കിയ കഥകളെ വിലയിരുത്തുമ്പോഴും ഒരു ഭാവുകത്വഘടകമായി ബഷീർ ആഖ്യാനങ്ങളിൽ കടന്നു വരുന്നതായി മനസ്സിലാക്കാം.

സഹായഗ്രന്ഥങ്ങൾ

1) അച്യുതൻ എം.1976. ചെറുകഥ ഇന്നലെ ഇന്ന്. ഡി സി ബുക്സ്. കോട്ടയം
2) നെല്ലിക്കൽ മുരളീധരൻ. 1997. വിശ്വസാഹിത്യ ദർശനങ്ങൾ. ഡി സി ബുക്സ്. കോട്ടയം
3) ജോർജ് കെ എം (എഡി). 1998. ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ. ഡി സി ബുക്സ്. കോട്ടയം
4) നാരായണൻ കെ സി. 2003. മലയാളിയുടെ രാത്രികൾ. ഡി സി ബുക്സ്. കോട്ടയം
5) രവികുമാർ കെ എസ്. 2012. കഥയും ഭാവുകത്വപരിണാമവും. നാഷണൽ ബുക്സ്. കോട്ടയം
6) വൈക്കം മുഹമ്മദ് ബഷീർ. 2013. ബഷീർ സമ്പൂർണ്ണ കൃതികൾ. ഡി സി ബുക്സ്. കോട്ടയം
7) രാജശേഖരൻ പി കെ. 2017. കഥാന്തരങ്ങൾ മലയാള ചെറുകഥയുടെ ആഖ്യാനഭൂപടം. ഡി സി ബുക്സ്. കോട്ടയം
8) രാമകൃഷ്ണൻ ഇ വി. 2017. മലയാളനോവലിന്റെ ദേശകാലങ്ങൾ. മാതൃഭൂമി ബുക്സ്. കോഴിക്കോട്

 ISSN: 2582 - 2594

സാറാജോസഫിന്റെ 'കാടിന്റെ സംഗീതം' ഒരു പാരിസ്ഥിതികവായന

ഡോ. ബീനാകൃഷ്ണൻ എസ്. കെ.
അസ്സോസിയേറ്റ് പ്രൊഫസർ,
ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
Email: beena.s.krishnan@gmail.com

സംഗ്രഹം

പ്രകൃതിയെ പശ്ചാത്തലമാക്കിയുള്ള സാഹിത്യരചനകൾ മുൻകാലങ്ങളിൽ ധാരാളമായിട്ടുണ്ടെങ്കിലും പാരിസ്ഥിതികചിന്തകളെ ആസ്പദമാക്കിയുള്ള രചനകൾ സമീപകാലത്താണ് കൂടുതൽ ശ്രദ്ധനേടുന്നത്. ഈ സാഹചര്യത്തിലാണ് 'കാടിന്റെ സംഗീതം' എന്ന സാറാജോസഫിന്റെ കഥാസമാഹാരം പഠനവിധേയമാകുന്നത്. സ്ത്രീപക്ഷരചനകൾ എന്ന നിലയ്ക്ക് പരിഗണിക്കപ്പെടുന്ന കൃതികളിൽ നിരവധി പാരിസ്ഥിതികബിംബങ്ങൾ കാണാം. മനുഷ്യമനസ്സിന്റെ വ്യത്യസ്ത തലങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്ന പതിനാറു കഥകളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. പെൺപ്രകൃതിയുടെ കൂടിച്ചേരലുകളാണ് ഈ കഥകളിലുടനീളം കാണുന്നത്. പ്രകൃതിബിംബങ്ങളുടെ ഭാവപ്പകർച്ചകൾ മനുഷ്യമനസ്സിനെ എപ്രകാരം നിയന്ത്രിക്കുന്നു എന്ന് ഈ കഥകളിലൂടെ വ്യക്തമാക്കുന്നു.

താക്കോൽവാക്കുകൾ: പാരിസ്ഥിതികചിന്ത, പാരിസ്ഥിതികവായന, പാരിസ്ഥിതികബോദ്ധ്യം, സ്ത്രീമനസ്സ്, പ്രകൃതിബിംബം, പാരിസ്ഥിതികത.

സ്ത്രീയുടെ പ്രകൃതിയും പ്രകൃതിയുടെ പെൺമയും ആദിജലമായി ചുരത്തുന്ന കഥാലോകമാണ് സാറാജോസഫിന്റേത്. പ്രകൃതിയുടെ മനസ്സിനേയും സ്ത്രീമനസ്സിനേയും സ്ഥിരം ചുഴിക്കുറ്റികളിൽ നിന്ന് തുറന്നിരുന്ന രീതിയെ അട്ടിമറിച്ചുകൊണ്ട് വികേന്ദ്രീകൃതവും രാഷ്ട്രീയോന്മുഖവുമായ ഒരു തുറന്നിടൽ അവരുടെ കഥകളുടെ അപൂർവ്വതയാണ്. സ്ത്രീപക്ഷരചനകളായിട്ടാണ് സാറാജോസഫിന്റെ കൃതികൾ പൊതുവേ അറിയപ്പെടുന്നത്. എന്നാൽ സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ഇഴപിരിയാനാകാത്ത ഇടപെടലുകളെ മുൻനിർത്തി പ്രകൃതിക്ക് പ്രാധാന്യം നൽകിക്കൊണ്ട്

'കാടിന്റെ സംഗീതം' എന്ന കഥാസമാഹാരത്തിൽ പാരിസ്ഥിതികവായന സാധ്യമാക്കുന്നു. പതിനാറ് കഥകളുടെ സമാഹാരമാണ് 'കാടിന്റെ സംഗീതം'. മനപ്രകൃതിയും പ്രകൃതിമനസ്സും ഒരേ താളലയത്തിലേക്ക് സമ്മേളിക്കുന്ന നവ്യാനുഭൂതി ഓരോ കഥയും പ്രദാനം ചെയ്യുന്നു. പാരിസ്ഥിതികബോധ്യങ്ങൾ അത്രയൊന്നും ശക്തമാകാതിരുന്ന കാലങ്ങളിൽ പൊറ്റെക്കാട്, തകഴി എന്നിവരെപ്പോലെയുള്ള മിക്ക സാഹിത്യകാരന്മാരും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്ന രീതിയിൽ രചനകൾ നടത്തിയിട്ടുണ്ട്. പ്രത്യേകിച്ചും കഥകളിൽ.

'കാടിന്റെ സംഗീതം' എന്ന കഥാസമാഹാരത്തെ അവലംബമാക്കിയാണ് ഈ പ്രബന്ധം തയ്യാറാക്കിയിട്ടുള്ളത്. ഭർത്താവിനെയും മക്കളെയും അമിതമായി സ്നേഹിക്കുന്നതോടൊപ്പം സ്വതന്ത്രമാകാനുള്ള സ്ത്രീമനസ്സിന്റെ വിഹ്വലതകളാണ് ഒന്നാമത്തെ കഥയിലെ പ്രതിപാദ്യം. പ്രപഞ്ചത്തിന്റെ പച്ചയിൽ അവളുടെ സ്വപ്നങ്ങളുടെ വർണ്ണരേണുക്കൾ ഇളകിക്കളിക്കാൻ തുടങ്ങി. മനഃപൂർവ്വം മെനഞ്ഞുണ്ടാക്കുന്ന ആ മനോഹരമായ ദൃശ്യത്തിൽ മുഴുകിയങ്ങനെ നിൽക്കേ അവളുടെ വിടർന്ന കൺപീലികൾക്കിടയിലൂടെ മെല്ലെ മെല്ലെ നനുത്ത നൂൽ വല കെട്ടിത്തുട ങ്ങിയത് ഏതു ചിലന്തിയാണാവോ? കൺപീലികളിന്മേൽ നെയ്തുകെട്ടുന്ന ആ വലക്കണ്ണികളിൽ മഞ്ഞുരുവലുകൾ പറ്റി മിന്നുന്നതിനിടയിൽക്കൂടി അവളുടെ ഇരുണ്ട ഹൃദയത്തിലേക്ക് ചൂണ്ടുന്ന പ്രപഞ്ചത്തിന്റെ ഹർഷംപോലെ ചൈതന്യമാർന്ന നോട്ടം അവൾ വീണ്ടും കണ്ടു എന്നു പറ ഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ നമുക്കിത് മനസ്സിലാക്കാം.

കാട്ടിൽ വീഴുന്ന വെളിച്ചം പോലെ വീടിന്റെ സംഗീതത്തെ കീഴടക്കുന്ന കാടിന്റെ ഉച്ച ശ്രുതി പോലെ അവളുടെ കാതിൽ വീണ ശബ്ദം ജലതരംഗങ്ങളായി ഇപ്പോഴും അവളുടെ ഹൃദയത്തിൽ അനുരണനം ചെയ്യുന്നു. 'എന്തിനെന്റെ മനസ്സിന്റെ രാഗധൂളികൾ അപഹരിച്ചു?' മനസ്സിൽ പൊഴിയുന്ന രാഗധൂളികൾ! വർണ്ണരേണുക്കൾ! മുഖത്തുനിന്നും വിരലുകളകറ്റി അമേ യമായൊരു സംഗീതത്തിന്റെ ഹർഷത്തിൽ വിറയാർന്ന് അവൾ കണ്ണുകൾ വിടർത്തിനോക്കി. അതീവലോലമായി വിറകൊള്ളുന്ന ശരീരത്തിന്റെ ഭാരം താങ്ങരുതാത്തവണ്ണം അവളുടെ ഹൃദയം തീരെ ദുർബലമായി. അവളൊരു സംഗീതമായി മാറിയിട്ടെന്നപോലെ സ്വന്തം മനസ്സിന്റെ നാ ദത്തിലലിയാൻ തുടങ്ങി. പാതിമങ്ങലിൽ മൂടിപ്പോയ പ്രകൃതിയെ നോക്കിനിൽക്കേ അവളുടെ കൺപീലികളിന്മേൽ താമരനൂൽപോലെ കണ്ണീരിറ്റുവീഴാൻ തുടങ്ങി.. മുരടിച്ചു പോകരുത് കുട്ടീ, എനിക്കതു മാത്രമേ പറയാനുള്ളു എന്ന പ്രകൃതി ആശ്വസിപ്പിക്കുന്നതുപോലെ അവൾക്ക് തോ ന്നിയതായിട്ടാണ് കഥാകാരി അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ പെട്ടെന്ന് തന്നെ എല്ലാറ്റിൽ നിന്നും വീടിന്റെ (കുടുംബം) സംഗീതം അവളെ പിൻവലിക്കുന്നു. കുടുംബമെന്ന കെട്ടുപാടിൽ നിന്നും സ്ത്രീയ്ക്ക് ഒരിക്കലും വ്യതിചലിക്കാനാവില്ല എന്ന തത്വമാണ് ഇവിടെ ആവിഷ്കരിക്ക പ്പെടുന്നത്. അവളുടെ മനസ്സിലെ വികാരവിചാരങ്ങളെ അടുത്തറിഞ്ഞ് ആശ്വാസമേകാനോ, മനസ്സിലാക്കാനോ ആർക്കും കഴിയുന്നില്ല എന്നുള്ളതും വിചിന്തനം ചെയ്യപ്പെടേണ്ട വസ്തുതയാണ്.

'താഴ്‌വര' എന്ന കഥയിൽ നാടും വീടും വിട്ട് അന്യനാട്ടിൽ ചേക്കേറുകയും പിന്നീട് വർ ഷങ്ങൾ കഴിഞ്ഞ് നാട്ടിൽ തിരിച്ചുവരികയും ചെയ്യുന്ന 'സൈമന്റെ' വിചാരധാരയാണ് ആവി ഷ്കരിക്കുന്നത്. ഏതോ ദുഃഖസ്മൃതിയും പേറി നാടിന്റെ ഊഷ്മളതയിലേക്ക് തിരിച്ചെത്തുന്ന സൈമണ് സ്വന്തം വീട് പോയ കാലത്തിന്റെ തീരാവേദനയാണ്. തന്നോടൊപ്പം ഇവിടെ കഴിഞ്ഞ ആനിയെക്കുറിച്ച് എല്ലാവർക്കും നല്ലതു മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ. കൃഷിയെയും

പ്രകൃതിയേയും സ്നേഹിച്ചിരുന്ന സൈമണും ആനിയും പെട്ടെന്നൊരു ദിവസം യാത്രയാകുകയായിരുന്നു. കുഴപ്പം പിടിച്ച ഒരുതരം കാര്യങ്ങൾ സൈമണേയും ആനിയേയും ചൂഴ്ന്നിനിന്നിരുന്നുവെന്നും അവരുടെ ഉള്ളിലേക്ക്, ശരിക്കും അവരെന്താണെന്ന സത്യത്തിലേക്ക് കടന്നുചെല്ലാൻ ആർക്കും കഴിയുമായിരുന്നില്ല. ഒരനിശ്ചിതത്വം! അതവർക്ക് ചുറ്റും എപ്പോഴുമുണ്ടായിരുന്നു. നല്ലപോലെ മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നു നമ്മെക്കൊണ്ടു തോന്നിപ്പിക്കുന്ന എന്നാൽ തീരെ മനസ്സിലാക്കാൻ പറ്റാത്ത ആളുകളായിരുന്നു അവർ. ഇങ്ങനെ മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകളിലേക്കും അതുണ്ടാക്കുന്ന വിഷമതകളിലേക്കും വിരൽ ചൂണ്ടുന്നതാണ് ഈ കഥ. കല്ലുകൾ ഇളകി അടർന്നുപോയ മതിലിന്നപ്പുറത്ത് ഇരുട്ടിൽ അയാളുടെ മനസ്സിലെ ദുഃഖം പോലെ തന്നെ സമൂർത്തമായി അയാളുടെ തറവാട്. അന്ന് തനിക്കും ആനിക്കും സന്തോഷമേകിയിരുന്ന തറവാടും പരിസരവും പെട്ടെന്ന് അയാളെ ദുഃഖസ്മൃതിയിലാക്കി.

പ്രകൃതിയും മനുഷ്യമനസ്സും തമ്മിലുള്ള ഇഴയടുപ്പം സാറാജോസഫിന്റെ ഈ കഥാസമാഹാരത്തിന്റെ മുഖമുദ്രയാണ്, ഇതിലെ എല്ലാ കഥകളിലും അത് നന്നായി പ്രതിഫലിക്കുന്നുണ്ട്. 'ആകാശം' എന്ന കഥയിലെ കഥാപാത്രങ്ങളായ ആനിയും സൈമണും ഇതിനുദാഹരണങ്ങളാണ്. എന്തിലും വേരുറപ്പിച്ചു നിർത്താൻ കഴിയുന്ന മനസ്സാണ് സൈമന്റേത്. അയാൾ അത്യാഹ്ലാദത്തോടെ ഈ നിമിഷത്തിൽ ജീവിക്കാനുള്ള തീവ്രമായ അഭിലാഷത്തോടെ ആനിയുടെ തോളിൽ കൈയിട്ട് നടക്കാൻ തുടങ്ങി, നിരപ്പിൽ നിന്ന് കുന്നിൻചരുവിലേക്കിറങ്ങുന്ന ഒറ്റയടിപ്പാതയിലെത്തിയപ്പോൾ അയാൾ ആനിയുടെ കൈയിൽ മുറുകെപ്പിടിച്ചു. വഴിനിറയെ മയമുള്ള ഉരുളൻ കല്ലുകൾ ഇളകിക്കിടക്കുന്നു. ആനിയുടെ ചെരിപ്പുകൾ അവയിൽ തെന്നിപ്പോകാറുണ്ട്. ഒറ്റയടിപ്പാതക്കിരുവശത്തും പൂത്തുലഞ്ഞ പുല്ലാനിക്കാടുകൾ തീക്ഷ്ണസുഗന്ധം പരത്തി സന്ധ്യയുടെ നിഴലധികമായ വെളിച്ചം കുന്നിനെ പൊതിഞ്ഞുകിടന്നു. പുല്ലാനിക്കാടുകൾക്കപ്പുറം കാട്ടപ്പയുടെ വനമായിരുന്നു. കാട്ടപ്പയുടെ നീലകലർന്ന വെണ്മയുള്ള പൂക്കൾ താഴ്വരയിൽ മഞ്ഞുവീണ കനത്തപോലെ പരന്നുകിടന്നു. എന്നാൽ ആനിയുടെ മനസ്സ് മൂകമായിരുന്നു. 'നിങ്ങൾ ജീവിതത്തിൽ നിന്ന് ഒരുപാടു പ്രതീക്ഷിച്ചുകൂട്ടുന്ന പ്രകൃതക്കാരനാണ് കേട്ടോ സൈമൻ അതു മോശമാണ്.' ആനിയുടെ ഈ വാക്കുകളിൽ നിന്നും നമുക്കു മനസ്സിലാകുന്നത്, ഒന്നിലും ഉറച്ചുനിൽക്കാത്ത ചരടുപൊട്ടിയ പട്ടം പോലെയാണ് അവരുടെ മനസ്സെന്നാണ്. സ്ത്രീമനസ്സിന്റെ മൃദുലഭാവങ്ങളും ഇടയ്ക്കിടെയുണ്ടാകുന്ന ചാഞ്ചാട്ടങ്ങളും കഥാകാരി ഇതിലൂടെ വരച്ചുകാട്ടുന്നു.

പക്ഷികളെ വേട്ടയാടിപ്പിടിച്ച് അതിന്റെ സ്വാഭാവിക ജീവിതത്തെ ഇല്ലാതാക്കുന്ന മനുഷ്യന്റെ സ്വാർത്ഥമായ നടപടികളാണ് 'കാടക്കിളികൾ' എന്ന കഥയിലെ പരാമർശം. മാംസം വറുത്തു തിന്നാൻ തുടങ്ങുമ്പോൾ എണ്ണതീർന്നുപോയെന്ന സത്യം മനസ്സിലാക്കി അയാൾ എണ്ണക്കുപ്പിയുമായി പുറത്തിറങ്ങുന്ന വേളയിൽ തോപ്പുവീശാൻ പോയ പെണ്ണുങ്ങൾ കശുമാവിന്റെ ഉണങ്ങിയ കൊമ്പും ചില്ലയും വാരിക്കെട്ടിയ ഭാരമുള്ള വിറകുകെട്ടുകളുമായി കുന്നിറങ്ങുന്നതും മണിയും കിലുക്കി കുളമ്പടിച്ച് ഓടിപ്പോകുന്ന ആട്ടിൻക്കൂട്ടവും കാട്ടുവള്ളികളിൽ കോർത്തിട്ടു തുടുത്ത കശുമാങ്ങ മാലകൾ തോളത്ത് തൂക്കി വരുന്ന കുട്ടികളും അയാളുടെ കൗതുകക്കാഴ്ചകളായി. കടയിൽനിന്നും ഇറങ്ങുമ്പോൾ യാദൃശ്ചികമായി അയാൾക്ക് പോസ്റ്റ്മാനിൽ നിന്നും ഒരു കത്ത് ലഭിക്കുന്നു. കത്ത് വായിച്ച അയാൾ യാന്ത്രികമായി പള്ളിയിലേക്കും അവിടെനിന്നും വീട്ടിലേക്കും എത്തുന്നു. മനസ്സ് കൈവിട്ടുപോയ അയാൾ തന്റെ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുകയും

നഷ്ടബോധത്തിന്റെ തീച്ചൂളയിലെരിയുകയുമാണ്. അദ്ദേഹത്തിന്റെ ഓർമ്മകളിൽ സാറയും മക്കളും ചെളി നിറഞ്ഞ വയൽവരമ്പും തെളിഞ്ഞ ആകാശവും ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നു.

ഇരുട്ടുകുത്തി ആർത്തലച്ച് പുകമഞ്ഞുപിടിച്ച് പെയ്യുന്ന മഴയിൽ കളിവഞ്ചിയുണ്ടാക്കി കളിക്കുന്ന കുട്ടികളും അവരുടെ ആഗ്രഹം നിഷ്ക്കരുണം തള്ളിക്കളയുന്ന പിതാവും കണ്ണുനീർ മഴത്തുള്ളിയിലലിയിച്ച് കളയുന്ന ദുർബലയായ അമ്മയും ഇവരുടെ ചിത്രങ്ങളാണ് 'മഴ' എന്ന കഥയിൽ കഥാകാരി വരച്ചിടുന്നത്. മഴയിൽ നിന്നും രക്ഷിച്ചെടുത്ത കിളിക്കുഞ്ഞിനെ ഭർത്താവിന്റെ പരിഹാസമേറ്റ് താൻപോലും അറിയാതെ കൈക്കുള്ളിലിട്ട് ഞെരിച്ചമർത്തി. കിളിന്ത് എല്ലുകൾ ഞെരിയുന്ന ശബ്ദം കേട്ട് അവൾ ഞെട്ടി. ഉള്ളംകൈയിൽ തുറിച്ച കണ്ണുകളോടെ കിളിക്കുഞ്ഞ് പിടഞ്ഞപ്പോൾ അവൾ അമ്പരന്ന് കൈ കുടഞ്ഞു. ഒരു കൊലപാതകിയുടെ വിഭ്രാന്തി അവളിലേക്കിരച്ചു കയറി. കിളിക്കുഞ്ഞിന്റെ നനഞ്ഞ പൂട തന്റെ കൈകളിൽ പറ്റിപിടിച്ചിരിക്കുന്നുവെന്ന് അവൾക്കു തോന്നി. പെട്ടെന്ന് സുബോധത്തിലേക്ക് തിരിച്ചുവന്ന അവൾക്ക് തന്റെ കുഞ്ഞുങ്ങളെ കെട്ടിപ്പിടിക്കണമെന്ന് ഉൽക്കടമായ ആഗ്രഹം തോന്നി. ഉറങ്ങുന്ന കുട്ടികളുടെ മുഖം അവളെ വീണ്ടും കിളിക്കുഞ്ഞിനെ ഓർമ്മിപ്പിച്ചു. ഞെരിഞ്ഞ കിളിന്ത് എല്ലുകളും രോമവും തന്റെ കുട്ടികളുടേതാണെന്ന് അവൾ സങ്കല്പിച്ചു. മനുഷ്യമനസ്സിന്റെ നിർവചിക്കാനാവാത്ത ഭാവപ്പകർച്ചകളാണ് ഈ കഥയിലൂടെ വ്യക്തമാകുന്നത്.

'സമവൃത്തം' എന്ന കഥയിൽ പ്രായത്തേക്കാൾ പക്വത തോന്നുന്ന ആറുവയസ്സുകാരൻ രഞ്ജിയും അധ്യാപികയായ സുലേഖയും തമ്മിലുള്ള സംഭാഷണവേളകളിൽ മഞ്ഞച്ചെമ്പരത്തി സദാകടന്നുവരാറുണ്ട്. 'രഞ്ജിയെ പരിചയപ്പെട്ട പ്രഭാതത്തിലും മഞ്ഞച്ചെമ്പരത്തി നിറയെ പൂക്കളുണ്ടയിരുന്നു'. ഇത്തരം പരാമർശങ്ങൾ ഈ കഥയിൽ അങ്ങിങ്ങ് കാണാം. ഭർതൃഗൃഹത്തിൽ നേരിടേണ്ടിവന്ന അസ്വാതന്ത്ര്യം പൂർവ്വകാല ജീവിതത്തിന്റെ ഓർമ്മകളിലേക്ക് സഞ്ചരിക്കാൻ അവളെ നിർബന്ധിതയാക്കുന്നു. ആ നനുത്ത ഓർമ്മകൾ ചുറ്റുമുള്ള പ്രകൃതിദൃശ്യങ്ങളോട് ചേർന്നുകിടക്കുന്നു. സ്ത്രീമനസ്സിന്റെ ഇത്തരം ചിന്തകൾ വിശകലനം ചെയ്യുന്ന കഥയാണ് 'ഒരു രാത്രി അനേകം രാത്രി.' മെയ് മാസത്തിന്റെ ഒടുവിൽ പെയ്തേക്കാവുന്ന മഴയും അതിനെ വഹിക്കുന്ന മേഘങ്ങളും അവളുടെ ഓർമ്മകളിൽ നിറഞ്ഞുനിന്നു. കാറ്റുപോലെ പാഞ്ഞുപോയ കിഴവനും പരുത്തിയുടെ മണം പരത്തുന്ന മകനും 'ജ്വാല' എന്ന കഥയിലെ നേർച്ചിത്രങ്ങളാണ്. 'ഒരു ഉച്ചയ്ക്കുശേഷം' എന്ന കഥയിൽ എല്ലാറ്റിനോടും നികൃഷ്ടമായി വെറുപ്പ് വച്ചുപുലർത്തുന്ന ഒരു സ്ത്രീ. എല്ലാം പതിവുപോലെ തുടങ്ങുന്നു. പതിവുപോലെ അവസാനിക്കുന്നു. 'അകൃത്രിമമായ ഒന്ന്, പച്ചയായ ഒന്ന്, നാട്യമല്ലാത്ത ഒന്ന്,' എന്താണവൾ ചെയ്യുക? മാറിയും മറിച്ചും തിരിച്ചുവയ്ക്കുന്ന പൊടിയൂതിക്കളഞ്ഞ് പുത്തനാക്കാൻ നോക്കുന്ന അലങ്കാരവസ്തുവാണ് അവൾക്ക് ജീവിതം. ചുവടെ താഴ്‌വാരങ്ങളിലും മലയുടെ പള്ളയ്ക്കുള്ളിലും കാണുന്ന വഴിപാടുകാർ, ചെങ്കുത്തായ കയറ്റം കയറി, പാറപ്പുറത്ത് മലർന്ന് കിടക്കുന്ന വൃദ്ധൻ, വഴിപാടിനെക്കുറിച്ച് പിറുപിറുക്കുന്ന പെൺകുട്ടി ഇങ്ങനെ നിരവധി ദൃശ്യബിംബങ്ങൾ 'തീർത്ഥാടനം' എന്ന കഥയ്ക്ക് മാറ്റുകൂട്ടുന്നു. കൂടാതെ നിശ്ശബ്ദത, തീവീഴ്ച, സ്വപ്നത്തിന്റെ ഉൾവലുകൾ, ട്രെയ്ൻ എന്നീ കഥകളും കൂടി ഈ സമാഹാരത്തിലുണ്ട്.

ആദിമകാലം മുതൽ മനുഷ്യർ പ്രകൃതിയോടിണങ്ങിയാണ് അവന്റെ ജീവിതം മുന്നോട്ടു നയിക്കുന്നത്. മനുഷ്യമനസ്സിന്റെ ചലനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും പ്രകൃതിയോടി

ISSN: 2582 - 2594

ണങ്ങി നിൽക്കുന്നു. ജീവന്റെ തുടിപ്പ്, പുൽനാമ്പുകളുടെ കുളിർമ്മ, ആകാശത്തിന്റെ നീലിമ, സമുദ്രത്തിന്റെ അപാരത, ജലാശയങ്ങളുടെ വർണ്ണഭംഗി, കാറ്റിന്റെ നനുത്ത സ്പർശം, ഭൂമിയുടെ പച്ചപ്പ്, മുളന്തണ്ടുകളുടെ സംഗീതം, പക്ഷികളുടെ കളകളാരവം, ഇവയെല്ലാം മനുഷ്യജീവിതത്തെ ആഴത്തിൽ സ്പർശിച്ചിട്ടുള്ള ഘടകങ്ങളാണ്. കാറ്റിന്റെ ഹുങ്കാരവും തിരമാലകളുടെ അലർച്ചയും പൊട്ടിയൊലിക്കുന്ന ലാവാപ്രവാഹവും ആർത്തലയ്ക്കുന്ന പേമാരിയും മനുഷ്യനെ പലപ്പോഴായി തകർത്തെറിഞ്ഞിട്ടുണ്ടെങ്കിലും അവന്റെ സ്വാഭാവിക ജീവിതത്തിലേക്ക് തിരിച്ചുവരാൻ പ്രകൃതി പുതിയ മാർഗ്ഗങ്ങൾ തുറന്നിടുന്നു. ഈ പാരിസ്ഥിതികത നിലനിൽക്കേണ്ടത് മനുഷ്യന്റേയും മറ്റു ജീവജാലങ്ങളുടെയും ആവശ്യമാണ്. കാടിന്റെ സംഗീതം, വീടിന്റെ സംഗീതമായി മാറ്റാനുള്ള ഊർജ്ജം ഈ കഥകളിലൂടെ സ്വായത്തമാകുന്നു.

കുറിപ്പുകൾ

1. കാടിന്റെ സംഗീതം- സാറാജോസഫ്, പേജ് 31
2. അതേ പുസ്തകം - പേജ് 71

സഹായക ഗ്രന്ഥങ്ങൾ

1. വർണ്ണരാജി -ഡോ. എം ലീലാവതി, സാഹിത്യപ്രവർത്തക സഹകരണ സംഘം, 1977, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
2. ചെറുകഥ : ഇന്നലെ, ഇന്ന് , പ്രൊഫ. എം. അച്യുതൻ, 2007, ഡി.സി ബുക്സ്, കോട്ടയം.
3. പരിസ്ഥിതി, ദലിതെഴുത്ത്, പെണ്ണെഴുത്ത്- ദർശനവും പ്രയോഗവും, എഡിറ്റർ ജോയ് ജോസഫ്, 2019, കേരള സർവ്വകലാശാല പ്രസിദ്ധീകരണം.
4. കാടിന്റെ സംഗീതം -സാറാ ജോസഫ്, ഒന്നാംപതിപ്പ്, ഏപ്രിൽ 1979, ഡി.സി ബുക്സ്, കോട്ടയം.

PANEL OF EXTERNAL PEER REVIEWERS

Dr. Manju P.M.
Assistant Professor
Department of Sanskrit
KKTM Govt. College
Pullut

Dr. Nimmy A. P.
Assistant Professor
Department of Malayalam
Govt. Arts and Science College
Calicut

Dr. Shereena Rani G. B.
Assistant Professor
Department of Malayalam
Govt. College for Women
Thiruvananthapuram.

Dr. Krishna Aravind
Assistant Professor
Department of Malayalam
Govt. Arts and Science College
Pathirippala, Palakkad.

ISSN: 2582 - 2594

Vol. 4 No. 1 January 2021 ISSN 2582-2594 RNI No. KERMUL/2018/77513

www.akgct.org

Printed by **K. K. DAMODARAN** and published by **K. K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctresearchjournal@gmail.com
Web: www. akgct.org